بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 2

വാർഷിക വരിസംഖ്യ 300 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 3

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2017 ജനുവരി 19/ഹി:ശം:1396 സ്വുൽഹ് 19/ഹി:ഖ: 1438 റ:ആഖിർ 20

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ്. സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. അമീറുൽ മുഅ്മിനീൻ 02-12-2016ന് മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടനിൽ ജുമുഅ ഖുത്വ്ബ നിർവഹിച്ചു. അതിന്റെ പൂർണരൂപം ഈ ലക്കം 3-ാം പേജിൽ വായിക്കുക. സ്നേഹിതന്മാർ ഹുദൂർ അൻവറിന്റെ ആരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയം വരിക്കുന്നതിനും പ്രത്യേകമായ കാവലുണ്ടാകുന്നതിനും ദുആ ചെയ്തുകൊണ്ടേ ഇരിക്കുക. അല്ലാഹു എപ്പോഴും ഹുദൂർ അൻവറിന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. സഹായവും തുണയും നല്കുമാറാകട്ടെ. ആമീൻ. അല്ലാഹുമ്മ അയ്യിദ് ഇമാമനാ ബി റൂഹിൽ ഖുദുസ് വ ബാരിക്കലനാ ഫീ ഉംരിഹീ വ അംരി ഹീ.

قَالَ رَسُوۡلُ اللّٰہِ صَلَّی اللّٰہُ عَلَیۡہِ وَسَلَّمَ اِنَّ اللّٰہَ یَبۡعَثُ لِھٰذِہِ الۡاُمَّۃِ عَلٰی رَأۡسِ کُلِّ مِائَۃِ سَنَۃٍ مَنۡ یُّجَدِّدُ لَھَا دِیۡنَھَا

**നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങളുണ്ട്. ആകാശഭൂമികൾ ഉണ്ടായതുമുതൽ ഈ അടയാളങ്ങൾ മറ്റൊരു ദൈവനിയോഗിതന്റേയോ റസൂലിന്റേയോ കാലത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ല. അവയിലൊന്ന് മഅ്ഹൂദ് മഹ്ദിയുടെ കാലഘട്ടത്തിൽ റമളാൻ മാസത്തിൽ ചന്ദ്രഗ്രഹണം അതിന്റെ ആദ്യ രാത്രിയിൽ ഉണ്ടാകുമെന്നാണ്. അതായത് 13-ാം തിയ്യതി. സൂര്യഗ്രഹണം അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിലെ നടുവിലെ ദിവസത്തിലുമുണ്ടാകും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**(1) ദൃഷ്ടാന്തം:**

സ്വഹീഹ് ദാറുഖുത്നിയിൽ ഈ ഹ ദീഥുണ്ട്. ഇമാം മുഹമ്മദ് ബാഖിർ പറയുന്നു: *ഇന്ന ലി മഹ്ദീനാ ആയത്തയയ്നി ലം തകൂനാ മുൻദു ഖലഖ സ്സമാവാത്തി വൽഅർളി യൻകസിഫൽ ഖമറു ലിഅവ്വലി ലയ്ലത്തിൻ മിൻ റമളാന വ തൻകസിഫശ്ശംസു ഫിന്നിസ്ഫി മിൻഹു*

അതായത് നമ്മുടെ മഹ്ദിക്ക് രണ്ട് അടയാളങ്ങളുണ്ട്. ആകാശഭൂമികൾ ഉണ്ടായതുമുതൽ ഈ അടയാളങ്ങൾ മറ്റൊരു ദൈവനിയോഗിതന്റേയോ റസൂലിന്റേയോ കാലത്ത് പ്രത്യക്ഷപ്പെട്ടിട്ടില്ല. അവയിലൊന്ന് മഅ്ഹൂദ്(അറിയപ്പെട്ട) മഹ്ദിയുടെ കാലഘട്ടത്തിൽ റമളാൻ മാസത്തിൽ ചന്ദ്രഗ്രഹണം അതിന്റെ ആദ്യ രാത്രിയിൽ ഉണ്ടാകുമെന്നാണ്. അതായത് 13-ാം തിയ്യതി. സൂര്യഗ്രഹണം അതിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ദിവസങ്ങളിലെ നടുവിലെ ദിവസത്തിലുമുണ്ടാകും. അതായത് അതേ റമളാൻ മാസത്തിന്റെ 28-ാം തിയ്യതി. ഇത്തരം സംഭവം ലോകാരംഭം മുതൽ ഏതെങ്കിലും റസൂലിന്റേയോ നബിയുടെയോ കാലത്ത് ഒരിക്കലും വെളിപ്പെട്ടിട്ടില്ല. മഅ്ഹൂദ് മഹ്ദിയുടെ കാലത്ത് മാത്രം അതുണ്ടാകാനാണ് വിധിക്കപ്പെട്ടിട്ടുള്ളത്. ഇപ്പോൾ എന്റെ കാലത്തുതന്നെ ഇതേ രീതിയിൽ റമളാൻ മാസത്തിൽ ചന്ദ്രനും സൂര്യനും ഗ്രഹണം സംഭവിച്ചു എന്ന കാര്യത്തിന് എല്ലാ ഇംഗ്ലീഷുകാരും ഉർദു പത്രങ്ങളും പ്രസിദ്ധരായ വാനനിരീക്ഷകരും സാക്ഷിയാണ്. മറ്റൊരു ഹദീഥിൽ വിവരിക്കപ്പെട്ടതുപോലെ ഇതേ സവിശേഷതയോടുകൂടിയ സൂര്യചന്ദ്ര ഗ്രഹണം റമളാൻ മാസത്തിൽ സംഭവിച്ചിട്ട് ഏകദേശം പന്ത്രണ്ട് വർഷം കഴിഞ്ഞിരിക്കുന്നു. ഈ ഗ്രഹണം രണ്ടുപ്രാവശ്യം റമളാനിൽ സംഭവിച്ചുകഴിഞ്ഞിട്ടുണ്ട്. ഒന്ന് ഈ രാജ്യത്ത്; രണ്ട് അമേരിക്കയിലും. ഹദീഥിൽ സൂചിപ്പിക്കുന്നതുപോലെ രണ്ടു പ്രാവശ്യവും ഈ തിയ്യതികളിൽതന്നെയാണ് ഉണ്ടായത്. ഈ ഗ്രഹണത്തിന്റെ നേരത്ത് മഹ്ദിവാദവുമായി ഞാനല്ലാതെ വേറാരും ഭൂമിയിൽ ഉണ്ടായിട്ടില്ല. എന്നെപോലെ മറ്റാരെങ്കിലും ഈ ഗ്രഹണത്തെ തന്റെ മഹ്ദിവിയ്യത്തിന്റെ അടയാളമായി പറഞ്ഞുകൊണ്ട് നൂറുക്കണക്കിന് വിജ്ഞാപനങ്ങളും ലഘുലേഖകളും ഉർദുവിലും ഫാർസിയിലും അറബിയിലും ലോകത്ത് പ്രസിദ്ധീകരിച്ചിട്ടുമില്ല. കാരണം ഈ ദൈവികാടയാളം എനിക്കുവേണ്ടി നിശ്ചയിക്കപ്പെട്ടതാണ്. ഇതിനുള്ള മറ്റു തെളിവ് ഈ ദൃഷ്ടാന്തം വെളിപ്പെടുന്നതിന് പന്ത്രണ്ട് വർഷം മുമ്പേ ഈ അടയാളം വെളിപ്പെടുമെന്ന് അല്ലാഹു എന്നെ അറിയിച്ചിരുന്നു എന്നതാണ്. ഈ അടയാളം വെളിപ്പെടുന്നതിന് മുമ്പേ ബറാഹീനെ അഹ്മദിയ്യായിൽ രേഖയായി ലക്ഷക്കണക്കിന് ആളുകളിൽ ആ വാർത്ത പ്രചരിച്ചുകഴിഞ്ഞിരുന്നു.

ഖേദകരമെന്ന് പറയട്ടെ, നമ്മുടെ എതിരാളികൾ ഏകപക്ഷീയമായ നിലയിൽ ഇങ്ങനെ ആക്ഷേപം ഉന്നയിക്കുന്നു. ഒന്നാമതായി ഹദീഥിലെ പദം ചന്ദ്രഗ്രഹണം ആദ്യരാത്രിയിലുണ്ടാകണമെന്നും സൂര്യഗ്രഹണം നടുവിലത്തെ പകൽ ഉണ്ടാകണമെന്നുമാണ്. അങ്ങനെയുണ്ടായിട്ടില്ല. അവരുടെ ഉദ്ദേശ്യമനുസരിച്ച് ചന്ദ്രഗ്രഹണം ഉണ്ടാകേണ്ടത് പിറവിചന്ദ്രനാണ്. അത് ചന്ദ്രമാസത്തിന്റെ ആദ്യരാത്രിയാണ്. സൂര്യഗ്രഹണം ചന്ദ്രമാസത്തിന്റെ പതിനഞ്ചാം ദിവസവും ഉണ്ടാകേണ്ടതാണ്. അത് മാസത്തിന്റെ നടുവിലുള്ള ദിവസമാണ്. എന്നാൽ, ഈ ചിന്താഗതിയിൽ അടിമുടി അവരുടെ അജ്ഞതയാണുള്ളത്. എന്തുകൊണ്ടെന്നാൽ ഈ ലോകം ഉണ്ടായതുമുതൽ അല്ലാഹുവിന്റെ പ്രകൃതിനിയമത്തിൽ ചന്ദ്രഗ്രഹണത്തിന് മൂന്ന് രാത്രികൾ നിശ്ചയിക്കപ്പെട്ടിട്ടുള്ളതാണ്. അതായത് പതിമൂന്ന്, പതിനാല്, പതിനഞ്ച്. ചന്ദ്രഗ്രഹണത്തിന്റെ ആദ്യരാത്രി എന്നു പറയുന്നത് അല്ലാഹുവിന്റെ പ്രകൃതിനിയമമനുസരിച്ച് ചന്ദ്രമാസത്തിന്റെ പതിമൂന്നാം രാത്രിയാണ്. സൂര്യഗ്രഹണത്തിന് ദൈവത്തിന്റെ പ്രകൃതിനിയമത്തിൽ മൂന്ന് പകൽ നിശ്ചയിക്കപ്പെട്ടിരിക്കുന്നു. അതായത് ചന്ദ്രമാസത്തിന്റെ 27ഉം 28ഉം 29ഉം പകലുകൾ. ചന്ദ്രമാസത്തിന്റെ അടിസ്ഥാനത്തിൽ സൂര്യ ഗ്രഹണത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ളത് 28-ാം പകൽ നടുവിലുള്ള ദിനമാണ്. അതുകൊണ്ട് ഈ തിയ്യതികളിൽ തികച്ചും ഹദീഥിൽ പറഞ്ഞതുപോലെ സൂര്യനും ചന്ദ്രനും റമളാനിൽ ഗ്രഹണമുണ്ടായി. അതായത് ചന്ദ്രഗ്രഹണം റമളാന്റെ പതിമൂന്നാം രാത്രിയിലുണ്ടായി. സൂര്യഗ്രഹണം അതേ റമളാന്റെ 28-ാം പകലുമുണ്ടായി.

അറേബ്യയുടെ ഭാഷാശൈലിയനുസരിച്ച് ആദ്യരാത്രിയുടെ ചന്ദ്രനെ 'ഖമർ' എന്ന് ഒരിക്കലും പറയുകയില്ല. പ്രത്യുത മൂന്ന് ദിവസം വരെ അതിന്റെ പേര് 'ഹിലാൽ' എന്നായിരിക്കും. ചിലരുടെ പക്കൽ ഏഴ് ദിവസംവരെ 'ഹിലാൽ' എന്നു പറയപ്പെടുന്നു. ഇനി ചന്ദ്രന്റെ ആദ്യരാത്രികൊണ്ട് ഉദ്ദേശിക്കുന്നത് പതിമൂന്നാം രാത്രിയാണെന്നും സൂര്യന്റെ ഇടയ്ക്കുള്ള ദിവസം കൊണ്ടുദ്ദേശിക്കുന്നത് 28-ാം പകലാണെന്നും തങ്ങൾ സ്വീകരിക്കുകയാണെങ്കിൽത്തന്നെ അതിൽ ദിവ്യാത്ഭുതമെന്ന എന്ന നിലയിൽ എന്താണുള്ളതെന്നതാണ് രണ്ടാമത്തെ ആക്ഷേപം. റമളാൻമാസത്തിൽ ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും ഉണ്ടായിട്ടില്ലേ? അതിനുള്ള മറുപടിയിതാണ്. ഈ ഹദീഥിന്റെ ഉദ്ദേശ്യം റമളാൻ മാസത്തിൽ ഒരിക്കലും ഈ രണ്ട് ഗ്രഹണവും ഒരുമിച്ചുണ്ടായിട്ടില്ല എന്നല്ല, മറിച്ച് ഹദീഥിന്റെ ബാഹ്യമായ വാക്കുകൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്നതുപോലെ, ഇതിന്റെ ഉദ്ദേശ്യം ഏതെങ്കിലും രിസാലത്ത് വാദി അല്ലെങ്കിൽ നുബൂവത്ത് വാദിയുടെ കാലത്ത് ഒരിക്കലും ഈ രണ്ട് ഗ്രഹണങ്ങളും ഒത്തുകൂടിയിട്ടില്ല എന്നാണ്. ഇനി ഏതെങ്കിലും നുബൂവ്വത്തുവാദിയുടേയോ രിസാലത്ത്വാദിയുടേയോ കാലത്ത് ഈ രണ്ട് ഗ്രഹണങ്ങളും റമളാനിൽ ഏതെങ്കിലും കാലഘട്ടത്തിൽ ഒരുമിച്ചുണ്ടായിട്ടുണ്ടെന്ന് ആരെങ്കിലും വാദിക്കുകയാണെങ്കിൽ അതിന് തെളിവ് നൽകുക എന്നത് ആക്ഷേപകന്റെ നിർബന്ധകടമയാണ്. പ്രത്യേകിച്ചും ഇസ്ലാമികവർഷം അതായത് പതിമൂന്ന് നൂറ്റാണ്ടിൽ പലയാളുകളും കേവലം കറ്റുകെട്ട് എന്ന നിലയിൽ മഹ്ദിയാണെന്നുള്ള വാദം പുറപ്പെടുവിച്ചിട്ടുണ്ടെന്നുള്ള കാര്യം അറിയാത്തതാരാണ്. എന്നല്ല യുദ്ധങ്ങളും ചെയ്തു. എന്നാൽ, അവരുടെ കാലത്ത് ചന്ദ്രഗ്രഹണവും സൂര്യഗ്രഹണവും റമളാൻ മാസത്തിൽ ഒരുമിച്ചുണ്ടായിട്ടുണ്ടെന്ന് ആർക്കാണ് സ്ഥാപിക്കാൻ കഴിയുക? ഇതിന് തെളിവ് നൽകാത്തിടത്തോളം നിസ്സംശയം ഈ സംഭവം ദിവ്യാത്ഭുതം തന്നെയാണ്. കാരണം ദിവ്യാത്ഭുതം എന്നു പറയുന്നത് അതിന് തുല്യമായതൊന്ന് ലോകത്തുണ്ടാകാതിരിക്കുക എന്നാണ്. ഹദീഥിൽ മാത്രമല്ല. മറിച്ച് വിശുദ്ധഖുർആനിലും ഇതിലേക്ക് സൂചന നൽകിയിട്ടുണ്ട്. നോക്കുക, *വ ഖസഫൽ ഖമറു വ ജുമിഅശ്ശംസു വൽഖമറു*[1]

1. അല്ലാഹു ഏറ്റവും ഹ്രസ്വമായ വാക്കുകളിൽ പറഞ്ഞിട്ടുള്ള അവസാനകാലത്തുണ്ടാകുന്ന അടയാളമാണിത്. ഒരേയൊരു മാസത്തിൽ സൂര്യനും ചന്ദ്രനും ഗ്രഹണങ്ങളുണ്ടാകുക. ഇതേ ആയത്തിന്റെ അടുത്ത ഭാഗത്ത് അക്കാലത്ത് സത്യനിഷേധിക്ക് ഓടിപ്പോകാൻ ഒരിടവുമുണ്ടാകില്ലെന്നും പറഞ്ഞു. ഇതിൽനിന്ന് മഅ്ഹൂദ് മഹ്ദിയുടെ കാലഘട്ടത്തിൽ ആ സൂര്യചന്ദ്രഗ്രഹണങ്ങൾ ഉണ്ടാകുമെന്നത് പ്രകടമാണ്. ആ സൂര്യചന്ദ്രഗ്രഹണങ്ങൾ ദൈവത്തിന്റെ പ്രവചനമനുസരിച്ച് സംഭവിക്കുമെന്നും അതുകൊണ്ട് സത്യനിഷേധികളുടെമേൽ ന്യായപൂർത്തി വരുമെന്നുമാണ് പറഞ്ഞതിന്റെ ചുരുക്കം. **(ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ, വാള്യം 22, പേജ് 202-204)**

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് മയ്മൂന(റ)

ഭാഗം 2

ഹദ്റത്ത് സ്വഫിയ്യ: ജൂതന്മാരിൽനിന്നുള്ള ബനു ഇസ്റായീൽക്കാരിയായിരുന്നു അറേബ്യക്കാരിയായിരുന്നില്ല. ഹദ്റത്ത് മാരിയത്തുൽഖിബ്തിയ്യ: ക്രിസ്ത്യാനിയും മിസ്റിയുമായിരുന്നു. ഹദ്റത്ത് ആയിശ(റ) മാത്രമായിരുന്നു ജന്മനാ മുസ്ലിം. മറ്റുള്ളവരെല്ലാം ഇസ്‌ലാം സ്വീകരിച്ചവരാണ്. ഒരു കുടക്കീഴിൽ വിവിധ സ്വഭാവക്കാരികളായ സ്ത്രീകൾ നബി(സ)തിരുമേനിയുടെ ശിക്ഷണത്തിനു വിധേയരായിക്കൊണ്ട് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും മിത്രങ്ങളായിത്തീർന്നു.

ഖുർആനും യുക്തിജ്ഞാനവും നബി(സ) എങ്ങനെ മറ്റുള്ളവരെ പഠിപ്പിക്കണമെന്ന് വിശുദ്ധഖുർആനിൽ പറഞ്ഞിട്ടുള്ളതുപോലെ നബി(സ)യുടെ ഭാര്യമാരുടേയും കുറച്ചു നിർബന്ധ കടമകൾ വിവരിച്ചിട്ടുണ്ട്. അവരെന്താണ് ചെയ്യേണ്ടത് അവരെന്താണ് ചെയ്യാൻ പാടില്ലാത്തത് എന്ന് പറഞ്ഞിട്ടുണ്ട്.

ആ നിലവാരത്തിലുള്ള സൽസ്വഭാവം, ഭരണഘടന ജീവിതപഥത്തിൽകൊണ്ടുവരിക ഏറെ പ്രയാസമുള്ളതാണ്. അല്ലാഹു നബി(സ)യുടെ ഭാര്യമാരെ സമുദായത്തിനു മാതൃകയാക്കാൻ ആഗ്രഹിച്ചു. അതുകൊണ്ടുതന്നെ അവരിൽനിന്ന് ഉന്നതമായ ധാർമികഗുണങ്ങൾ ഉണ്ടാകേണ്ടതുമാണ്. ഓരോ സ്ത്രീകളേയും തിരഞ്ഞെടുത്ത് തിരഞ്ഞെടുത്ത് ആ പ്രവർത്തനരേഖ അനുസരിച്ച് പ്രവർത്തിക്കുന്നതിന് കഴിവുള്ളവരാക്കിത്തീർക്കാൻ നബി(സ)യുടെ വീട്ടിൽ അവരെ ഒരുമിച്ചുകൂട്ടി. ആ പ്രവർത്തനരൂപരേഖ അല്ലാഹുവിന്റേതായിരുന്നു. വിശുദ്ധഖുർആനിൽ നബി(സ)യുടെ ഭാര്യമാരെ സംബോധന ചെയ്തുകൊണ്ടു അല്ലാഹു പറയുന്നു: 'പ്രവാചകന്റെ ഭാര്യമാരേ! നിങ്ങളിലാരെങ്കിലും ഉന്നതമായ വിശ്വാസത്തിന്നെതിരിൽ സംസാരിച്ചാൽ, അവൾക്കു ശിക്ഷ ഇരട്ടിയായി വർധിപ്പിക്കുന്നതാണ്. ഇക്കാര്യം അല്ലാഹുവിന് എളുപ്പമുള്ളതുമാണ്. നിങ്ങളിലാരെങ്കിലും അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിക്കുകയും അതനുസരിച്ച് (അനുസരണത്തിന്റെ പ്രതാപത്തിനനുസരിച്ച്) പ്രവർത്തിക്കുകയും ചെയ്താൽ അവൾക്കുള്ള പ്രതിഫലവും നാം ഇരട്ടിയായി നല്കുന്നതാണ്. അത്തരം എല്ലാ ഭാര്യമാർക്കും നാം ഇരട്ടിയായ പ്രതിഫലം ഒരുക്കിവച്ചിട്ടുണ്ട്.

ഹദ്റത്ത് മയ്മൂനാ(റ)യുടെ ഉന്നതമായ സ്വഭാവങ്ങൾക്ക്, ഹദ്റത്ത് ആയിശ(റ) നല്കിയ അംഗീകാരം ഈ വാക്യത്തിലൂടെ ശ്രദ്ധിക്കുക:

*ഇന്നഹാ കാനത് ഇത്ഖാനല്ലാഹി*
*വ അവ്സ്വലുനാ ലിർറഹിമി.*

'അല്ലാഹുവാണ! മയ്മൂന(റ) ഈ ലോകത്തുനിന്നു പോയി. അവർ ഞങ്ങളെക്കാളെല്ലാം അല്ലാഹുവിനെ ഭയപ്പെടുന്നവരും കുടുംബബന്ധങ്ങൾ പുലർത്തുന്നവരുമായിരുന്നു.' അല്ലാഹുത്തആല എത്രമാത്രം സ്നേഹമുള്ളവരെയാണ് തന്റെ ഉറ്റ മിത്രത്തിന്റെ അടുത്ത് ഒരുമിച്ചു കൂട്ടിയത്. അവർക്ക് നബി(സ)യുടെ ഖുർആനിലധിഷ്ഠിതമായ ജീവിതം അടുത്ത് നിന്ന് നിരീക്ഷിച്ച് സ്വന്തം ജീവിതത്തിൽ പകർത്തി മറ്റു സ്ത്രീകൾക്കു ഭംഗിയായ നിലയിൽ പകർന്നുകൊടുക്കാനുള്ള കഴിവും അല്ലാഹു നല്കിയിരുന്നു. ഹദ്റത്ത് മയ്മൂന(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ)നോടു പറഞ്ഞു: 'നബി(സ) അങ്ങേയറ്റം സ്നേഹത്തോടും വാത്സല്യത്തോടും കൂടിയാണ് വീട്ടിൽ താമസിക്കുന്നത്. ചെറിയ ചെറിയ തെറ്റുകൾ പൊറുത്തുതരുന്നു. വളരെ തന്മയത്തത്തോടെ തെറ്റുകൾ തിരുത്തുന്നു.' ഈ ഭാര്യമാർ ഓരോരുത്തരും ഓരോ ഗ്രന്ഥങ്ങളായിരുന്നു; വിവിധ രീതിയിൽ നബി(സ)യുടെ ജീവിതചരിത്രം രചിക്കുകയും സൂക്ഷിച്ചുവയ്ക്കുകയും ചെയ്യുന്ന ഗ്രന്ഥങ്ങൾ. ഓരോരുത്തരും തങ്ങളുടെ സ്വഭാവത്തിനു അനുസരിച്ച് സ്വാധീനം ഉൾക്കൊള്ളുകയും ആകർഷിച്ചെടുക്കുകയും പിന്നീടത് വിശദീകരിക്കുകയും ചെയ്തു. ഈ മാർഗം ഇല്ലായിരുന്നെങ്കിൽ നമ്മൾ നമ്മുടെ പ്രിയ റസൂലിന്റെ ഒരുപാടു കാര്യങ്ങൾ അറിയാതെ പോകുമായിരുന്നു.

നല്ല ഓർമശക്തിയായിരുന്നു ഹദ്റത്ത് മയ്മൂന(റ)യ്ക്ക്. കാര്യങ്ങൾ വളരെ പെട്ടെന്ന് അവർ മനസ്സിലാക്കിയിരുന്നു. 76 ഹദീഥുകൾ അവരിൽനിന്ന് രേഖപ്പെടുത്തപ്പെട്ടിട്ടുണ്ട്. അധികമായി ആരാധനാകർമങ്ങളിൽ മുഴുകുമായിരുന്നു. മസ്ജിദുന്നബ്വിയിൽ നമസ്കരിച്ചാൽ വളരെയധികം പ്രതിഫലമുണ്ടെന്ന് അവർ നബി(സ)യിൽനിന്ന് കേട്ടിരുന്നു. മസ്ജിദുന്നബ്വിയിൽത്തന്നെ എപ്പോഴും നമസ്കരിക്കാനും അവർ ശ്രമിച്ചിരുന്നു. ഇക്കാര്യം മറ്റു സ്ത്രീകളേയും അറിയിച്ചിരുന്നു.

മദീനയിൽ ഒരു സ്ത്രീയ്ക്ക് കഠിനമായൊരു രോഗം പിടിപെട്ടു. അല്ലാഹു രോഗശമനം നല്കിയാൽ താൻ ബയ്ത്തുൽ മഖ്ദസിൽ പോയി നമസ്കരിക്കുന്നതാണെന്ന് അവർ ശപഥം ചെയ്തു. അല്ലാഹു അവർക്കു ശിഫാ നല്കുകയും ചെയ്തു. അങ്ങനെ ബയ്ത്തുൽ മഖ്ദസിൽപ്പോയി തന്റെ ശപഥം നിറവേറ്റാൻ അവർ തീരുമാനിച്ചു. ആ സ്ത്രീ യാത്ര ചോദിക്കാൻ ഹദ്റത്ത് മയ്മൂന(റ)യുടെ അടുക്കൽ വന്നു. നടന്ന കാര്യങ്ങളെല്ലാം വിശദീകരിച്ചു പറഞ്ഞു. മസ്ജിദുന്നബ്വിയിൽ നമസ്കരിക്കുന്നത് മറ്റുള്ള എല്ലാ മസ്ജിദുകളിലും നമസ്കരിക്കുന്നതിനെക്കാൾ ആയിരക്കണക്കിന്നിരട്ടി പ്രതിഫലം നല്കുമെന്ന് അവർക്കു മനസ്സിലാക്കിക്കൊടുത്തു. നീ ഇവിടെ നമസ്കരിച്ചാൽ മതിയെന്ന് പറയുകയും ചെയ്തു.

ഹദ്റത്ത് മയ്മൂന(റ)യ്ക്കുണ്ടായ അല്ലാഹുവിന്റെ പ്രത്യേകമായ അനുഗ്രഹങ്ങളിൽ ഒരു അനുഗ്രഹം ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. നബി(സ)യ്ക്കുണ്ടായ ഒരു ജാഗ്രദർശനത്തിൽ ഹദ്റത്ത് മയ്മൂന(റ)യ്ക്കും ഭാഗഭാക്കാകാൻ കഴിഞ്ഞു എന്നതാണത്. ഹദ്റത്ത് മയ്മൂന(റ)പറയുന്നു: 'ഒരു രാത്രി നബി(സ) മദീനയിൽ എന്റെ വീട്ടിൽ ഉറങ്ങുകയായിരുന്നു. നബി(സ) തഹജ്ജുദ് നമസ്കരിക്കുന്നതിന് എഴുന്നേറ്റ് വുദു ചെയ്യാൻ തുടങ്ങി. അപ്പോൾ നബി(സ) തിരുമേനി പറയുന്നതായി ഞാൻ കേട്ടു, 'ലബ്ബയ്ക്ക, ലബ്ബയ്ക്ക, ലബ്ബയ്ക്ക.' അതിനുശേഷം പറഞ്ഞു, 'നുസ്വിർത്ത, നുസ്വിർത്ത, നുസ്വിർത്ത.' ഇതിനുശേഷം അവർ പറയുന്നു, നബി(സ) എന്റെ അടുത്തു വന്നപ്പോൾ ഞാൻ ചോദിച്ചു, അല്ലാഹുവിന്റെ റസൂലേ! ആരെങ്കിലും അങ്ങയുടെ അടുക്കൽ വന്നിരുന്നുവോ? ആരുമായിട്ടാണ് അങ്ങ് സംസാരിച്ചത്? നബി(സ) പറഞ്ഞു, അതേ വന്നിരുന്നു. ജാഗ്രദർശനത്തിൽ എന്റെ മുമ്പിൽ ഖുസാഅ് ഗോത്രത്തിലെ ഒരു സംഘമാളുകൾ കൊണ്ടുവരപ്പെട്ടു. അവർ അലറിവിളിച്ചുകൊണ്ടു വരുന്നതായിട്ടാണ് ഞാൻ കണ്ടത്-അതായത് 'ഞങ്ങൾ മുഹമ്മദിനോട് അദ്ദേഹത്തിന്റെ ദൈവത്തെ പിടിച്ച് സത്യംചെയ്തുകൊണ്ടു പറയുന്നു, അങ്ങയോടും അങ്ങയുടെ പൂർവപിതാക്കളോടും ഞങ്ങൾ ഉടമ്പടിചെയ്തിരുന്നു. ഞങ്ങൾ അങ്ങയെ സഹായിച്ചു വരികയും ചെയ്യുന്നുണ്ട്. എന്നാൽ ഖുറയ്ശികൾ ഞങ്ങളോടു കരാർലംഘനം നടത്തിയിരിക്കുകയാണ്. രാത്രിനേരത്ത് അവർ ഞങ്ങളുടെമേൽ ആക്രമണം നടത്തി. അപ്പോൾ ഞങ്ങളിൽ ചിലർ സുജൂദിലായിരുന്നു. ചിലർ റുക്കൂഇൽ ആയിരുന്നു. ഞങ്ങളെ അവർ കൊന്നു. ഇപ്പോൾ താങ്കളുടെ സഹായം തേടി ഞങ്ങൾ വന്നിരിക്കുകയാണ്.' ആ സംഘത്തെ ദർശനത്തിൽ ഞാൻ കണ്ടപ്പോൾ 'ലബ്ബയ്ക്ക, ലബ്ബയ്ക്ക, ലബ്ബയ്ക്ക'എന്നു ഞാൻ പറഞ്ഞു. ഞാൻ നിങ്ങളെ സഹായിക്കാൻ സന്നദ്ധനാണെന്ന്.

പിന്നീടു ഞാൻ പറഞ്ഞു, 'നുസ്വിർത്ത, നുസ്വിർത്ത, നുസ്വിർത്ത' നിങ്ങളെ ഞാൻ സഹായിക്കുമെന്ന്. ഹദ്റത്ത് മയ്മൂന (റ) ദർശനത്തിൽ ആ സംഘത്തെ കണ്ടിരുന്നില്ല. പക്ഷേ, നബി(സ)തിരുമേനിയുടെ ശബ്ദം കേട്ടു. കുറച്ചു ദിവസത്തിനുശേഷം അങ്ങനെ തന്നെ സംഭവിക്കുകയും ചെയ്തു. അല്ലാഹു തആല ഈ സംഭവത്തിന് ഹദ്റത്ത് മയ്മൂന(റ)യെ സാക്ഷിയാക്കി.

ഹദ്റത്ത് മയ്മൂന(റ) ദരിദ്രരെ സഹായിക്കാൻ വേണ്ടി ചിലപ്പോൾ കടം വാങ്ങാറുണ്ടായിരുന്നു. വീട്ടിലുള്ള ആരോ ഇത് ശരിയല്ലെന്ന് പറഞ്ഞത് ഹദ്റത്ത് മയ്മൂന(റ)യ്ക്ക് ഇഷ്ടപ്പെട്ടില്ല. അത്യാവശ്യ ഘട്ടത്തിൽ കടം വാങ്ങാവുന്നതാണ് എന്നുള്ള തന്റെ പ്രിയപ്പെട്ട ഭർത്താവിന്റെ നിർദേശം അവർ കേൾപ്പിച്ചു: 'മുസ്‌ലീംകളിലാരെങ്കിലും കടം വാങ്ങുകയും അല്ലാഹു അത് വീട്ടിക്കൊള്ളുമെന്ന് വിശ്വസിക്കുകയും ചെയ്താൽ അല്ലാഹു അവന്റെ അദൃശ്യമായ ഖജനാവുകളിൽനിന്ന് അതു വീട്ടാനുള്ള ഏർപാടു ചെയ്യുന്നതാണ്.'

അടിമകളെ മോചിപ്പിക്കുന്നത് വളരെ ഇഷ്ടമായിരുന്നു. ഒരു അടിമസ്ത്രീയെ മോചിപ്പിച്ചപ്പോൾ നബി(സ) പറഞ്ഞു: 'അല്ലാഹു അതിനു നിനക്കു പ്രതിഫലം നല്കുമാറാകട്ടെ.'

മറ്റൊരു സംഭവമുണ്ട്. നബി(സ)തിരുമേനിയോടു പറയാതെ ഒരിക്കൽ മറ്റൊരു അടിമസ്ത്രീയെ മോചിപ്പിച്ചു. നബി(സ) വീട്ടിലേക്കു കയറി വന്നപ്പോൾ, 'ഞാനെന്റെ അടിമസ്ത്രീയെ മോചിപ്പിച്ചത് അങ്ങയ്ക്ക് അറിയുമോ' എന്ന് ചോദിച്ചു. നബി(സ)ചോദിച്ചു, 'അങ്ങനെ തന്നെയോ?' അവർ പറഞ്ഞു, 'അല്ലാഹുവിന്റെ റസൂലേ, അങ്ങനെത്തന്നെ.' നബി(സ) പറഞ്ഞു: 'നീ ആ അടിമസ്ത്രീയെ നിന്റെ മാമായ്ക്കു കൊടുത്തിരുന്നെങ്കിൽ നിനക്ക് കൂടുതൽ പ്രതിഫലം കിട്ടുമായിരുന്നു.'

(തുടരും)

# അറേബ്യൻ മാതൃകയിൽ സ്ത്രീകൾക്ക് വസ്ത്രനിബന്ധന

## - മഹാദേവി മാത -

മംഗളൂരു: അറേബ്യൻ രാജ്യങ്ങളിലേതുപോലെ ഇന്ത്യയിലും സ്ത്രീകൾക്ക് വസ്ത്രധാരണത്തിൽ നിബന്ധനകൾ കൊണ്ടുവരണമെന്ന് ജഗദ്ഗുരു മഹാദേവി മാത.

ശരീരം മുഴുവൻ മറയ്ക്കുന്ന വസ്ത്രമാണ് സ്ത്രീകൾ ധരിക്കേണ്ടതെന്നും അവർ അഭിപ്രായപ്പെട്ടു.

പുതുവത്സരാഘോഷത്തിന്നിടെ ബെംഗളൂരുവിൽ സ്ത്രീകൾക്കു നേരെ ഉണ്ടായ അതിക്രമങ്ങളെ കുറിച്ച് പ്രതികരിക്കുകയായിരുന്നു മഹാ ദേവി മാത.

ലിംഗായത്ത് സമൂഹത്തിന്റെ ആത്മീയ ആസ്ഥാനമായ ബസവ ധർമ പീഠത്തിന്റെ മേധാവിയാണ് ഇന്ത്യയിലെ ആദ്യത്തെ വനിത ജഗദ്ഗുരുവായി അറിയപ്പെടുന്ന മഹാ ദേവി മാത.

അൽപ്പവസ്ത്രം ധരിച്ച് രാത്രികാലങ്ങളിൽ ഒരു നിയന്ത്രണവുമില്ലാതെ പെൺകുട്ടികൾ ആഘോഷങ്ങൾക്ക് ഇറങ്ങി പുറപ്പെടുന്നതാണ് ബെംഗളൂരുവിൽ ഉണ്ടായതുപോലുള്ള അതിക്രമങ്ങൾ പെരുകാൻ കാരണം. പുരുഷന്മാരേ ലൈംഗികമായി പ്രകോപിപ്പിക്കുന്ന വസ്ത്രം ധരിക്കുന്നത് ബലാൽസംഗങ്ങളും സ്ത്രീ പീഢനവും കൂടാൻ പ്രധാന കാരണമാണ്. ഇത്തരം അക്രമങ്ങൾക്ക് പുരുഷന്മാരും സ്ത്രീകളും ഒരുപോലെ ഉത്തരവാദികളാണ്. ഇന്റർനെറ്റിലും മറ്റും അശ്ലീലവീഡിയോകൾ സുലഭമായതും പ്രശ്നം രൂക്ഷമാക്കുന്നുണ്ട്-അവർ അഭിപ്രായപ്പെട്ടു.

ശരീരം മുഴുവൻ മറയ്ക്കുന്ന അറേബ്യൻ രാജ്യങ്ങളിലെ വസ്ത്രധാരണ രീതി ഇന്ത്യയിലെ സ്ത്രീകൾക്കും നടപ്പാക്കണം. കോളേജുകളിലും നിർബന്ധമാക്കണമെന്നും മഹാദേവി മാതാ പറഞ്ഞു.

*(മാതൃഭൂമി, വാർത്തകൾ പേജ് 4 2017 ജനുവരി 10 ചൊവ്വാഴ്ച കണ്ണൂർ എഡിഷൻ)*

# ഖുത്ബ ജുമുഅ

**ചിലയാളുകൾ ചില ഭാരവാഹികൾക്കെതിരേയും ചില ഭാരവാഹികളല്ലാത്തവർക്കെതിരേയും 'അവർ അങ്ങനെയാണ് ഇങ്ങനെയാണ്' എന്ന് പറഞ്ഞ് പരാതിപ്പെടാറുണ്ട്. അയാൾ ഇന്ന കുറ്റം ചെയ്തുവെന്നും അല്ലെങ്കിൽ ശരീഅത്തിന് വിരുദ്ധം പ്രവർത്തിച്ചുവെന്നും അതുകൊണ്ട് എത്രയും വേഗം അയാൾക്കെതിരിൽ നടപടിസ്വീകരിക്കണമെന്നും പറയുന്നു. പക്ഷേ, ഇങ്ങനെ എഴുതുന്ന ഭൂരിഭാഗമാളുകളും തങ്ങളുടെ പരാതികളിൽ അവരുടെ പേർ എഴുതാറില്ല. അല്ലെങ്കിൽ സാങ്കല്പിക പേരോ സാങ്കല്പിക മേൽവിലാസമോ ആണ് എഴുതാറുള്ളത്. ഇത്തരം ആളുകളുടെ പരാതിയിന്മേൽ ഒരു നടപടിയും ഉണ്ടാകുകയില്ലെന്നത് വ്യക്തമാണ്.**

**തങ്ങളുടെ പേരെഴുതാത്ത പരാതിക്കാരെ അല്ലെങ്കിൽ സാങ്കല്പികമായ പേരെഴുതുന്നവരെ കുറിച്ച് ഒന്നാമത് പറയാനുള്ളത് ഇത് കപടതയാണെന്നാണ്. പൊതുവെ കാണപ്പെടുന്നത് മറ്റുള്ളവരുടെമേൽ ഭയങ്കരമായ ആക്ഷേപമുന്നയിക്കുന്നവർ അവർ ഏതെങ്കിലും ഭാരവാഹികളാകട്ടെ, അല്ലാത്തവരാകട്ടെ അവരുടെ വ്യക്തിപരമായ നേട്ടങ്ങൾക്ക് മറ്റുള്ളവരെക്കൊണ്ട് കോട്ടം തട്ടുന്നു എന്നു കാണുന്ന നേരത്താണ് ഭയങ്കരവും ബീഭത്സവുമായ ആക്ഷേപമുന്നയിക്കുന്നത് അല്ലെങ്കിൽ വളരെ കഠിനമായ നിലയിൽ ആരോപണമുന്നയിക്കുന്നത്. അതുകൊണ്ട് അന്വേഷിക്കുന്നതിന് മുമ്പേ പരാതിപ്പെടുന്നയാൾ എങ്ങനെയുള്ള ആളാണെന്ന് നോക്കേണ്ടി വരുന്നു. തങ്ങളെ പരിചയപ്പെടുത്താതെയും പേരെഴുതാതേയും പരാതിപ്പെടുക എന്നത് വിശുദ്ധഖുർആന്റെ കല്പനയ്ക്ക് വിരുദ്ധമാണെന്ന് ഈ പരാതിക്കാരെല്ലാം വ്യക്തമായും മനസ്സിലാക്കേണ്ടതാണ്. കാരണം ആദ്യം പരാതിപ്പെടുന്നവനെക്കുറിച്ച് അന്വേഷിക്കാനാണ് വിശുദ്ധഖുർആൻ പറയുന്നത്.**

**ഇനി പേരുതന്നെ വെളിപ്പെടുത്തുന്നില്ലെങ്കിൽ അന്വേഷണമെങ്ങനെയുണ്ടാകാനാണ്. ഇത് വിശുദ്ധഖുർആന്റെ കല്പനക്ക് വ്യക്തമായും എതിരാണ്. അതിനാൽ പരാതിക്കാരൻ സ്വയം വിശുദ്ധഖുർആന്റെ കല്പനകളെ ലംഘിക്കുന്നു.**

**ആർക്കെങ്കിലും തന്റെ അഭിരുചിയുടെ വീക്ഷണത്തിൽ അല്ലെങ്കിൽ സമൂഹത്തിന് വിധേയപ്പെട്ട് ഏതെങ്കിലും കാര്യം ചീത്തയായി തോന്നുന്നുവെങ്കിൽ പക്ഷേ, വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ചും നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ചും അത് ശരിയുമാണെങ്കിൽ അതിലൊരു പോരായ്മയുമില്ല.**

**ചിലയാളുകൾ തങ്ങളുടെ സ്വഭാവത്തിലും തങ്ങളുടെ ആചാരങ്ങളിലും ആകർഷിതരായി ചില കാര്യങ്ങളിൽ കാഠിന്യം കാണിക്കാറുണ്ട്. പക്ഷേ, അയാൾ പറയുന്ന കാര്യങ്ങൾ ദീനിന്റെ പേരിലാണെങ്കിൽത്തന്നെയും അതിന് ഒരു വിലയുമുണ്ടാവുകയില്ല.**

**ചില കേസുകളുണ്ട്, അതിന് സാക്ഷികൾ ആവശ്യമാണ്.
സാക്ഷ്യയെ ഹാജരാക്കുന്നില്ലെങ്കിൽ പിന്നെ അക്കാര്യത്തിന് ഒരു വിലയുമുണ്ടാകുകയില്ല.**

**ആരുടെയെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരൻ പറഞ്ഞ നിയമമനുസരിച്ച് തീരുമാനം ഉണ്ടാവുകയില്ലെന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. പരാതിയിൽ തീരുമാനമുണ്ടാകുന്നത് അല്ലാഹു പറഞ്ഞതനുസരിച്ചായിരിക്കും. രണ്ട് സാക്ഷികൾ ആവശ്യമുണ്ടെങ്കിൽ രണ്ട് സാക്ഷികളെ ഹാജരാക്കേണ്ടിവരും. നാല് സാക്ഷികളെ ആവശ്യമുണ്ടെങ്കിൽ അവിടെ നാലു പേരെ ഹാജരാക്കേണ്ടിവരും. പിന്നീട് അന്വേഷണം നടക്കുന്നതും അതനുസരിച്ചായിരിക്കും. വിധി ഉണ്ടാകുന്നതും അതനുസരിച്ചായിരിക്കും. നമ്മൾ അല്ലാഹുവിന്റെ കല്പനയുസരിച്ച് നമ്മുടെ കാര്യങ്ങളിലും തീരുമാനമെടുക്കുന്നവരാകുന്നതിലാണ് നമ്മുടെ വിജയം. നമ്മുടെ വ്യക്തിപരമായ അഹങ്കാരങ്ങളേയും ന്യായീകരണങ്ങളേയും അടിസ്ഥാനമാക്കി സംഘാടകരേയും കാലത്തിന്റെ ഖലീഫയേയും നിർബന്ധിതരാക്കുന്നവരാകരുത്.**

**പരേതരായ ശേയ്ഖ് മജീദ് അഹ്മദ് സാഹിബിന്റെ മകൻ ശേയ്ഖ് സാജിദ് മഹ്മൂദ് സാഹിബിനേയും ശേയ്ഖ് അബ്ദുൽ കരീം സാഹിബിന്റെ മകൻ ശേയ്ഖ് അബ്ദുൽ ഖദീർ സാഹിബിനേയും തൻവീർ അഹ്മദ് ലോൺ സാഹിബിനേയും കുറിച്ചുള്ള അനസ്മരണവും ജനാസ നമസ്കാരവും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 02-12--2016/1395 നുബുവ്വത്ത് 02
മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ. اَلرَّحْمٰنِ الرَّحِيْمِ. مٰلِكِ يَوْمِ الدِّيْنِ.
اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ. اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ.
صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ.

ചിലയാളുകൾ ചില ഭാരവാഹികൾക്കെതിരേയും ചില ഭാരവാഹികളല്ലാത്തവർക്കെതിരേയും 'അവർ അങ്ങനെയാണ് ഇങ്ങനെയാണ്' എന്ന് പറഞ്ഞ് പരാതിപ്പെടാറുണ്ട്. അയാൾ ഇന്ന കുറ്റം ചെയ്തുവെന്നും അല്ലെങ്കിൽ ശരീഅത്തിന് വിരുദ്ധം പ്രവർത്തിച്ചുവെന്നും അതുകൊണ്ട് എത്രയും വേഗം അയാൾക്കെതിരിൽ നടപടി സ്വീകരിക്കണമെന്നും ഇവർ ജമാഅത്തിന് ദുഷ്പേരുണ്ടാക്കിക്കൊണ്ടിരിക്കുന്നുവെന്നും പറയുകയും ചെയ്യുന്നു. പക്ഷേ, ഇങ്ങനെ എഴുതുന്ന ഭൂരിഭാഗമാളുകളും തങ്ങളുടെ പരാതികളിൽ അവരുടെ പേർ എഴുതാറില്ല. അല്ലെങ്കിൽ സാങ്കല്പിക പേരോ സാങ്കല്പിക മേൽവിലാസമോ ആണ് എഴുതാറുള്ളത്. ഇത്തരം ആളുകളുടെ പരാതിയിന്മേൽ ഒരു നടപടിയും ഉണ്ടാകുകയില്ലെന്നത് വ്യക്തമാണ്. നടപടിയെടുക്കാൻ സാധ്യവുമല്ല. കുറച്ചുകാലം കഴിയുമ്പോൾ താൻ എഴുതിയിട്ട് ഇതുവരെ ഒരു നടപടിയും ഉണ്ടായില്ലെന്നും നടപടിയുണ്ടാകാതിരുന്നാൽ അതു വലിയ അക്രമമായിരിക്കുമെന്നും പറഞ്ഞുള്ള പരാതി വീണ്ടും വരും. ഇങ്ങനെ പേരില്ലാതെ പരാതിപ്പെടുന്ന രോഗം പാക്കിസ്താനിലും ഇന്ത്യയിലുമുള്ളവരിലാണ് അധികവും കാണുന്നത്. ലോകത്തിലെ ബാക്കിയുള്ള തദ്ദേശവാസികളിൽനിന്നും ഇത്തരത്തിലുള്ള പരാതികൾ എന്തെങ്കിലും കിട്ടിയിട്ടുണ്ടാകാം. പക്ഷേ, എല്ലാ രാജ്യങ്ങളിലുമുള്ള പാക്കിസ്ഥാനികളിൽ ചിലരിലെങ്കിലും ഈ രോഗം ഉണ്ട്. ഈ രീതിയിൽ അവരും പേര് വെക്കാതെകണ്ട് പരാതികൾ എഴുതി അയക്കുന്നു. ഇതൊരു പുതിയ കാര്യമൊന്നുമല്ല. എല്ലാ കാലങ്ങളിലും ഇത്തരക്കാരെ കാണാം. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കാലത്തും ഖിലാഫത്തെ ഥാലിഥായുടെയും ഖിലാഫത്തെ റാബിയായുടെയും കാലത്തും ഇക്കാലത്ത് ചിലർ എനിക്കെഴുതുന്നതുപോലെ ഇത്തരം പരാതിക്കാരുണ്ടായിരുന്നു. പേരുവെക്കാതെ അവർ പരാതികൾ അയക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇത്തരം പരാതിയുടെമേൽ ഒരിക്കൽ ഒരു ഖുത്ബ നൽകിയിരുന്നു. ഈ ഖുത്ബ അത്തരക്കാരുടെ വായടപ്പിക്കുന്ന കാര്യങ്ങളെല്ലാം അടങ്ങിയതും വ്യക്തമായതുമായ ഖുത്ബയാണ്. അതുകൊണ്ട് ആ ഖുത്ബയെ പ്രയോജനപ്പെടുത്തിക്കൊണ്ട് ഇന്ന് കുറച്ച് പറയാമെന്ന് ഞാൻ വിചാരിച്ചു.

തങ്ങളുടെ പേരെഴുതാത്ത പരാതിക്കാരെ അല്ലെങ്കിൽ സാങ്കല്പികമായ പേരെഴുതുന്നവരെ കുറിച്ച് ഒന്നാമത് പറയാനുള്ളത് ഇത് കപടതയാണെന്നാണ്. അല്ലെങ്കിൽ അവർ വ്യാജവാദികളാണ്. അവരിൽ തന്റേടവും സത്യസന്ധതയുമുണ്ടായിരുന്നെങ്കിൽ ഒരു കാര്യത്തേയും അവർ വകവെക്കുമായിരുന്നില്ല. അവർ ചെയ്യുന്ന പ്രതിജ്ഞ തങ്ങൾ ജീവനും ധനവും സമയവും അന്തസ്സും ത്യാഗം ചെയ്യാൻ എപ്പോഴും തയ്യാറായിരിക്കുമെന്നാണ്. ഇവിടെ ജമാഅത്തിന്റെ അന്തസ്സിന്റേയും അഭിമാനത്തിന്റേയും കാര്യം അവരുടെ ചിന്തയിൽ വരുമ്പോൾ തങ്ങളുടെ അന്തസ്സിനും അഭിമാനത്തിനും കോട്ടം തട്ടാതിരിക്കാൻ സ്വന്തം പേരു മറച്ചുവെക്കുന്നു. എന്നാൽ, തുടക്കത്തിൽത്തന്നെ ബലഹീനത കാണിച്ചവന്റെ ബാക്കിയുള്ള കാര്യങ്ങളും തെറ്റാകാൻ വളരെ വ്യക്തമായ സാധ്യതയാണുള്ളത്.

നിങ്ങളുടെയടുക്കൽ ഏതെങ്കിലും വാർത്തയെത്തിയാൽ അതിനെപറ്റി അന്വേഷിക്കുക എന്ന് വിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു. എത്തിക്കുന്നവർ പറയുന്നതു കേട്ട് പെട്ടെന്ന് ആ കാര്യത്തെ സംബന്ധിച്ച്

അന്വേഷിക്കാൻ സാധിക്കുകയില്ലെന്ന കാര്യം എല്ലാ ബുദ്ധിമാന്മാർക്കും അറിയാവുന്നതാണ്. മറിച്ച് ഈ കാര്യം എത്തിച്ച ആൾ എങ്ങനെയുള്ളവനാണെന്നായിരിക്കും ആദ്യത്തെ അന്വേഷണം ഉണ്ടാവുക. അവനിൽനിന്നായിരിക്കും അന്വേഷണത്തിന്റെ തുടക്കമുണ്ടാകുന്നത്. കാര്യമെത്തിക്കുന്നയാളെ സംബന്ധിച്ച് അയാൾ എല്ലാ തരത്തിലുള്ള തിന്മകളിൽനിന്നും പരിശുദ്ധനാണോ എന്നും സ്വയം അയാൾ ആ തെറ്റിൽ അകപ്പെട്ടയാളാണോ എന്നും വിശ്വാസത്തിൽ ബലഹീനനാണോ എന്നും അന്വേഷിക്കുന്നതായിരിക്കും. സ്വയം വിശ്വാസത്തിൽ ബലഹീനനാകുകയും മറ്റുള്ളവരുടെമേൽ, 'അയാൾ ഇങ്ങനെയാണ് അങ്ങനെയാണ്' എന്നൊക്കെ പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നവനാകാൻ പാടില്ല.

പൊതുവെ കാണപ്പെടുന്നത് മറ്റുള്ളവരുടെമേൽ ഭയങ്കരമായ ആക്ഷേപമുന്നയിക്കുന്നവർ അവർ ഏതെങ്കിലും ഭാരവാഹികളാകട്ടെ, അല്ലാത്തവരാകട്ടെ അവരുടെ വ്യക്തിപരമായ നേട്ടങ്ങൾക്ക് മറ്റുള്ളവരെക്കൊണ്ട് കോട്ടം തട്ടുന്നു എന്നു കാണുന്ന നേരത്താണ് ഭയങ്കരവും ബീഭത്സവുമായ ആക്ഷേപമുന്നയിക്കുന്നത് അല്ലെങ്കിൽ വളരെ കഠിനമായ നിലയിൽ ആരോപണമുന്നയിക്കുന്നത്. അതുകൊണ്ട് അന്വേഷിക്കുന്നതിന് മുമ്പേ പരാതിപ്പെടുന്നയാൾ മുഅ്മിനാണോ, അതോ ഫാസിഖാണോ? എന്ന് നോക്കേണ്ടി വരുന്നു. പരാതിപ്പെടുന്നയാളെ അറിയില്ലെങ്കിൽ അയാൾ ഏത് ഗ്രൂപ്പിൽ പെട്ടയാളാണെന്ന് മനസ്സിലാക്കാനും സാധിക്കുകയില്ല. എന്നാൽ, പരാതി എഴുതുന്നയാൾ ജമാഅത്തിന്റെ നേട്ടങ്ങൾക്ക് നഷ്ടമുണ്ടാക്കുന്ന കാര്യം എഴുതുകയാണെങ്കിൽ പിന്നീട് നമ്മുടേതായ നിലയിൽ അന്വേഷിക്കുന്നു. ഇപ്രകാരം പരാതിപ്പെടുന്ന ആളുകൾ ആരാണെന്ന് അറിഞ്ഞാൽ ഞാൻ പറഞ്ഞതുപോലെ ആദ്യം അവരുടെ സ്വഭാവത്തെക്കുറിച്ച് അന്വേഷണമുണ്ടാകും. ഇതേപോലെ സ്വന്തം നിലയിൽ അവൻ പറഞ്ഞ കാര്യങ്ങളുടെ നിജസ്ഥിതിയെക്കുറിച്ചും അന്വേഷണമുണ്ടാകും. അവൻ സത്യമാണോ കളവാണോ പറഞ്ഞതെന്ന് അറിയാനാണത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അല്ലാഹു പറഞ്ഞിട്ടുള്ള ഖുർആനികാധ്യാപനം ഇങ്ങനെയാണ്: *ഇൻ ജാഅക്കും ഫാസിഖുൻ ബിനബഇൻ ഫതബയ്യനൂ(49:7)* നിങ്ങളുടെ പക്കൽ ഏതെങ്കിലും ഫാസിഖ് അഥവാ ദുർവൃത്തൻ പരാതിയുമായി വരികയും ആരെയെങ്കിലും കുറിച്ച് എന്തെങ്കിലും ചീത്തക്കാര്യം പറയുകയും ചെയ്താൽ അത് നിങ്ങൾ അന്വേഷിക്കുക. അതിനുശേഷം എന്തെങ്കിലും നടപടി കൈക്കൊള്ളുക. പക്ഷേ, പരാതിക്കാർ ഒന്നാമതായി തങ്ങളുടെ പേരെഴുതാതെ കുറ്റവാളികളായിത്തീരുകയാണ് ചെയ്യുന്നത്. പിന്നീട് അയാൾ പറയുന്ന കാര്യം അതേപാലെ സ്വീകരിക്കണമെന്നും ആർക്കെതിരിലാണോ അയാൾ പരാതിപ്പട്ടത് അയാൾക്കെതിരെ ഉടനെ ശിക്ഷയുടെ കല്പന പുറപ്പെടുവിക്കണമെന്നും പറയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഫാസിഖ് എന്നതിന്റെ അർഥം ദുർവൃത്തൻ എന്നു മാത്രമല്ല. അറബിയിൽ ദുർവൃത്തനും ഫാസിഖ് എന്നു പറയുമെന്നതിൽ സംശയമില്ല. പക്ഷേ, നിഘണ്ടുവിന്റെ അടിസ്ഥാനത്തിൽ മുൻകോപക്കാരനും ഫാസിഖ് എന്നു പറയും. എന്തു പറഞ്ഞാലും കലഹിക്കുന്നവനും ഫാസിഖ് എന്ന് പറയും. ഫിസിഖ് എന്നതിന്റെ അർഥം താണപടിയിലുള്ള അനുസരണം എന്നുമാണ്. അനുസരണത്തിൽനിന്നു വെളിയിൽ പോകുന്നവനും ഫാസിഖാണ്. സഹകരിക്കാത്തവനും ഫാസിഖ് എന്നു പറയും. ജനങ്ങളുടെ ചെറിയ ചെറിയ കുറ്റങ്ങളെടുത്ത് പെരുപ്പിച്ച് അവതരിപ്പിക്കുകയും അവന് അങ്ങേയറ്റത്തെ ശിക്ഷ ലഭിക്കേണ്ടതാണെന്നും മാപ്പിന് ഒരു സാധ്യതയുമില്ലെന്ന് പറയുകയും ചെയ്യുന്നവനും ഫാസിഖിന്റെ അർഥത്തിൽ വരുന്നു. തീവ്രസ്വഭാവക്കാരനും ഫാസിഖ് എന്നു പറയുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരു അഹ്മദി സ്നേഹിതനെക്കുറിച്ച് വിവരിക്കുന്നുണ്ട്. അദ്ദേഹം പഴയകാല ആത്മാർഥനായ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ ആത്മാർഥതയുടെ കാര്യത്തിൽ ഒരു സംശയവുമില്ല. പക്ഷേ, അദ്ദേഹത്തിന് ചെറിയ കാര്യം കണ്ടാൽത്തന്നെ പരമാവധി ഫത്‌വ പുറപ്പെടുവിക്കുന്ന ശീലമാണുണ്ടായിരുന്നത്.' അവിടന്ന് പറയുന്നു: 'ചെറിയ ചെറിയ കാര്യങ്ങളെടുത്ത് കുഫ്റാക്കി നിശ്ചയിക്കുന്ന സ്വഭാവമായിരുന്നു അദ്ദേഹത്തിന്റേത്. എന്തെങ്കിലും കാര്യം കിട്ടിയാൽ ഉടനെ കുഫ്ർ ഫത്‌വ നൽകും. ഉദാഹരണത്തിന് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) എഴുതുന്നു: തശഹ്ഹുദിൽ ഇരിക്കുന്നുവെന്ന് സങ്കല്പിക്കുക. അങ്ങനെ അത്തഹിയാത്തിൽ ഇരിക്കുമ്പോൾ തന്റെ വലതുകാലിന്റെ വിരലുകൾ കുത്തിനിറുത്താത്തവർ(വിരലുകൾ കുത്തിനിറുത്തണമെന്നാണ് കല്പന) അദ്ദേഹത്തിന്റെ പക്കൽ കുഫ്റിന്റെ പരിധിയിൽ വരുന്നവരാണ്. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. എനിക്ക് സന്ധിവാതം എന്ന രോഗം കാരണത്താൽ (കാലിന്റെ വിരലിലുണ്ടായ വേദന കാരണത്താൽ) വലത് കാലിന്റെ വിരലുകൾ തശഹ്ഹുദിന്റെ അവസ്ഥയിൽ നേരെ വെക്കാൻ കഴിഞ്ഞിരുന്നില്ല. കാലിന് സുഖമുണ്ടായിരുന്നപ്പോൾ നേരെ വെക്കാറുണ്ടായിരുന്നു. അവിടന്ന് പറയുന്നു. ഹാഫിള് സാഹിബ് (അദ്ദേഹം ഹാഫിളും ആയിരുന്നു) ജീവിച്ചിരിപ്പുണ്ടെങ്കിൽ വൈകുന്നേരത്തിനു മുമ്പേ എന്നിൽ കുഫ്ർ ഫത്‌വ പതിഞ്ഞിട്ടുണ്ടാകുമായിരുന്നു. ഇത്തരത്തക്കാരുമുണ്ട്. ഈ കാലിന്റെ വിരലുകൾ കുത്തി നേരെ നിറുത്താത്തതുകൊണ്ടാണ് അവർ കുഫ്ർ ഫത്‌വ നൽകുന്നത്. അങ്ങനെ കുത്തി നേരെ നിറുത്താത്തത് നബി(സ) തിരുമേനിയുടെ സുന്നത്തിന് വിരുദ്ധമാണത്രെ. നബി(സ) തിരുമേനിയുടെ സുന്നത്തിൽ വിശ്വാസമില്ലെന്ന് അപ്പോൾ മനസ്സിലാക്കണമത്രെ! നബി(സ) തിരുമേനിയുടെ സുന്നത്തിൽ വിശ്വാസമില്ലെങ്കിൽ പിന്നെ വിശുദ്ധഖുർആനിലും വിശ്വാസമില്ല. ഇനി വിശുദ്ധഖുർആനിൽ വിശ്വാസമില്ലെങ്കിൽ അല്ലാഹുവിലും വിശ്വാസമില്ല. അതുകൊണ്ട് കാഫിറായി! എന്തായാലും ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അത്തരമെടുത്തുചാട്ടക്കാരന് അയാൾ മുഖ്‌ലിസാണെങ്കിൽത്തന്നെയും ഈ ഉദാഹരണമാണ് നൽകിയിട്ടുള്ളത്. പക്ഷേ, പേര് ആര് ഒളിപ്പിച്ചുവെച്ചാലും വിശ്വാസത്തിൽ ദുർബലനായാലും മറ്റുള്ളവരുടെമേൽ ഫത്‌വ പുറപ്പെടുവിക്കുന്നവൻ ഫാസിഖിന് നല്കിയിട്ടുള്ള ഈ എല്ലാ അർഥങ്ങളുടെയും അടിസ്ഥാനത്തിൽ ഫാസിഖ് തന്നെയായിരിക്കും.

തങ്ങളെ പരിചയപ്പെടുത്താതെയും പേരെഴുതാതേയും പരാതിപ്പെടുക എന്നത് വിശുദ്ധഖുർആന്റെ കല്പനയ്ക്ക് വിരുദ്ധമാണെന്ന് ഈ പരാതിക്കാരെല്ലാം വ്യക്തമായും മനസ്സിലാക്കേണ്ടതാണ്. കാരണം ആദ്യം പരാതിപ്പെടുന്നവനെക്കുറിച്ച് അന്വേഷിക്കാനാണ് വിശുദ്ധഖുർആൻ പറയുന്നത്. ഇനി പരാതിക്കാരൻ പറയുന്നത് മാത്രം പരിഗണിച്ച് ഒരന്വേഷണവും കൂടാതെ നടപടി സ്വീകരിക്കുകയാണെങ്കിൽ ജമാഅത്ത് അഭിവൃദ്ധിപ്പെടുന്നതിന് പകരം അധഃപതനത്തിലേക്ക് പോകാൻ തുടങ്ങും. അധഃപതനത്തിന് ഇരയായിത്തീരും. കാലത്തിന്റെ ഖലീഫയും ജമാഅത്ത് വ്യവസ്ഥിതിയും ഇക്കാര്യം അന്വേഷിക്കാതെ, ഓരോരുത്തരും എഴുന്നേൽക്കുകയും തങ്ങളുടെ ആഗ്രഹങ്ങൾക്ക് വിധേയരായി വിധിക്കണമെന്ന് പറയുകയും ചെയ്യുന്നതുകേട്ട് പ്രവർത്തിച്ചാൽ അത് അഭിവൃദ്ധിയിലേക്ക് കൊണ്ടുപോവുകയില്ല. തങ്ങളുടെ ഇംഗിതമനുസരിച്ച് വിധി പുറപ്പെടുവിക്കാൻ എല്ലാ ഓരോരുത്തരും പറയുന്നുതാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നു: 'വലിയ സൂക്ഷ്മതയുള്ളയാളും സാത്വികനും ആത്മാർത്ഥനുമാണ് ആരേയെങ്കിലും കുറിച്ച് പരാതിപ്പെടുന്നതെന്ന് നമുക്ക് അറിയാമെങ്കിൽത്തന്നെയും നിശ്ചയമായും അതിനെക്കുറിച്ച് അന്വേഷിക്കേണ്ടിവരും. അന്വേഷണമുണ്ടാകും. ഇങ്ങനെ ഞാൻ പറഞ്ഞതുപോലെ പരാതിപ്പെടുന്നയാൾ നല്ലവനാണെന്നും സന്മാർഗിയാണെന്നും തെറ്റ് ചെയ്യാത്തവനാണെന്നും ആത്മാർത്ഥതയുള്ള ആളാണെന്നും ദൃഢവിശ്വാസം വരികയാണെങ്കിൽപോലും ഇക്കാര്യത്തിൽ അന്വേഷണമുണ്ടാകുന്നതാണ്. അദ്ദേഹത്തെക്കുറിച്ചും അന്വേഷിക്കുന്നതായിരിക്കും. എന്തുകൊണ്ടെന്നാൽ ഒരു വ്യക്തിക്ക് ഇങ്ങനെ പറയാൻ സാധ്യമല്ല. കാരണം ഞാനിതു പറയുന്നതുകൊണ്ട് ഇങ്ങനെതന്നെ മനസ്സിലാക്കണമെന്നും ഇത് അനുസരിച്ച് തീരുമാനമുണ്ടാകണമെന്നും ഒരു വ്യക്തിയും പറയാൻ പാടില്ല.

അവിടന്ന് പറയുന്നു: നബി(സ) തിരുമേനി ഒരിക്കൽ നമസ്കരിപ്പിക്കുകയായിരുന്നു. നമസ്കാരത്തിന്നിടയിൽ ഖുർആൻ ഓതുമ്പോൾ എന്തോ തെറ്റുപറ്റി. ഹദ്റത്ത് അലി പിന്നിൽ നിന്ന് നമസ്കരിക്കുന്നവരിലുണ്ടായിരുന്നു. അദ്ദേഹം ആ തെറ്റു തിരുത്തി. നബി(സ) തിരുമേനിയ്ക്ക് അതിഷ്ടപ്പെട്ടില്ല. അവിടന്ന് അദ്ദേഹത്തോട് പറഞ്ഞു, തെറ്റ് തിരുത്താൻ നിന്നോടാരാണ് പറഞ്ഞത്? അവിടന്ന് പറയുന്നു: ഈ അനിഷ്ടം പ്രകടിപ്പിച്ചതിന്റെ ഒരു ഉദ്ദേശ്യം നിന്റെ ചുമതലയിൽ മറ്റൊരുപാട് ജോലികളുണ്ട്, ഈ ചെറിയ ചെറിയ ജോലികൾ മറ്റുള്ളവരെ ചെയ്യാൻ അനുവദിക്കുക എന്നതാകാം. ഈ ജോലി നബി(സ)തിരുമേനിയിൽനിന്ന് വിശുദ്ധഖുർആൻ പഠിച്ച ധാരികളുടേതാണ്. താങ്കൾ ഈ ജോലി അവർക്ക് വിട്ടുകൊടുക്കുക എന്ന ഉദ്ദേശ്യവുമാകാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്റെയടുത്ത് പേരെഴുതാതെ പരാതിപ്പെടുന്നവരെക്കുറിച്ച് പറയുന്നു: പരാതിപ്പെടുന്നയാൾ ഏതെങ്കിലും വലിയ ആളുമാകാം. അങ്ങനെയാണെങ്കിൽ ഞാൻ അവരോട് പറയുന്നത് നിങ്ങൾ ഇക്കാര്യങ്ങൾ മറ്റുള്ളവർക്കു വിട്ടുകൊടുക്കുകയും നിങ്ങളുടെ യഥാർഥ ജോലിയിലേക്ക് ശ്രദ്ധിക്കുകയും ചെയ്യുക എന്നാണ്. എഴുതുന്നയാൾ തന്റെ പേര് വെളിപ്പെടുത്തുന്നില്ലെങ്കിൽ അയാളുടെ സ്ഥാനവും നിലയും മനസ്സിലാവുകയില്ല. അയാൾക്ക് മനസ്സിലാക്കിക്കൊടുക്കാനും പറ്റുകയില്ല.

രണ്ടാമത്തെ കാര്യം അയാൾ ഒരുപാട് ഭാരവാഹികളുടേയും നാളിർമാരുടേയും ലജ്നകളുടേയും ന്യൂനതകൾ വിവരിക്കാൻ തുടങ്ങിയിരുന്നു. വലിയ തെറ്റായ തരത്തിലുള്ള ആക്ഷേപങ്ങൾ ഉന്നയിച്ചിരുന്നു. ഇന്നയിന്നയാളുകളിൽ ഇന്ന ഇന്ന കുറവുകളുണ്ടെന്ന് അയാൾ പറഞ്ഞു. മറ്റൊരു കാര്യം ഒരുഭാഗത്ത് വിശുദ്ധഖുർആനും നബി(സ)തിരുമേനിയുടെ അധ്യാപനങ്ങൾക്കും വിരുദ്ധം അവർ പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞ് അയാൾ പരാതിപ്പെടുന്നു. എന്തുകൊണ്ടെന്നാൽ റസൂൽകരീം(സ)തിരുമേനിയുടേയും വിശുദ്ധ ഖുർആന്റേയും അധ്യാപനത്തിന് വിരുദ്ധം പ്രവർത്തിക്കുക എന്നതുതന്നെ വളരെ അത്ഭുതമാണ്. അതുകൊണ്ട് വളരെ വലിയ പോരായ്മ അവരിലുണ്ട്. ഏതെങ്കിലും മുസൽമാൻ റസൂൽകരീം(സ)തിരുമേനിയുടേയും വിശുദ്ധ ഖുർആന്റേയും അധ്യാപനത്തിന് വിരുദ്ധം ഒരു ജോലി ചെയ്യുന്നില്ലെങ്കിൽ അത് പോരായ്മയല്ല. പക്ഷേ, ആ അധ്യാപനങ്ങൾക്ക് വിരുദ്ധം എന്തെങ്കിലും പണി ചെയ്തുകൊണ്ടിരിക്കുകയാണെങ്കിൽ അത് പോരായ്മയാണ്. എന്തായാലും പരാതിപ്പെടുന്നവർ ഒരുഭാഗത്ത് വിശുദ്ധഖുർആനും നബി(സ)തിരുമേനിയുടെ അധ്യാപനങ്ങൾക്കും വിരുദ്ധം അവർ പ്രവർത്തിക്കുന്നുവെന്ന് പറഞ്ഞുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് സ്വയം അവൻ പരാതിപ്പെട്ടുവെന്ന് പറഞ്ഞ് അവനെതിരിൽ പോകുകയും പരാതിക്കും അതിന്റെ തെളിവിനും വച്ചിട്ടുള്ള നിബന്ധനകൾ ലംഘിക്കുകയും ചെയ്യുന്നു. ഭൂരിഭാഗം ആളുകളും ഇങ്ങനെയാണ് ചെയ്യുന്നത്. എനിക്കെഴുതുമ്പോൾതന്നെയും ഈ നിബന്ധനകൾ ലംഘിച്ചുകൊണ്ടിരിക്കുന്നു. യഥാർഥ കാര്യം വിശുദ്ധഖുർആന്റെ കല്പനകളും സുന്നത്തും അനുസരിച്ച് പ്രവർത്തിക്കുക എന്നതുതന്നെയാണ്. വിശുദ്ധഖുർആൻ പറയുന്നത് തുറന്ന് കാര്യങ്ങൾ പറയുമ്പോൾ അതിനുള്ള തെളിവുകളും നൽകണമെന്നാണ്. അതിനെക്കുറിച്ച് അന്വേഷിക്കുകയും വേണം. ഇനി പേരുതന്നെ വെളിപ്പെടുത്തുന്നില്ലെങ്കിൽ അന്വേഷണമെങ്ങനെയുണ്ടാകാനാണ്. ഇത് വിശുദ്ധഖുർആന്റെ കല്പനക്ക് വ്യക്തമായും എതിരാണ്. അതിനാൽ പരാതിക്കാരൻ സ്വയം വിശുദ്ധഖുർആന്റെ കല്പനകളെ ലംഘിക്കുന്നു. വിശുദ്ധഖുർആന്റെ അധ്യാപനങ്ങളും നബി(സ) തിരുമേനിയുടെ അധ്യാപനങ്ങളുമനുസരിച്ച് പ്രവർത്തിക്കുന്നതാണ് നന്മ. ഇക്കാര്യം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. ആർക്കെങ്കിലും തന്റെ അഭിരുചിയുടെ വീക്ഷണത്തിൽ അല്ലെങ്കിൽ സമൂഹത്തിന് വിധേയപ്പെട്ട് ഏതെങ്കിലും കാര്യം ചീത്തയായി തോന്നുന്നുവെങ്കിൽ പക്ഷേ, വിശുദ്ധഖുർആന്റെ അധ്യാപനമനുസരിച്ചും നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ചും അത് ശരിയുമാണെങ്കിൽ അതിലൊരു പോരായ്മയുമില്ല.

ചിലയാളുകൾ തങ്ങളുടെ സ്വഭാവത്തിലും തങ്ങളുടെ ആചാരങ്ങളിലും ആകർഷിതരായി ചില കാര്യങ്ങളിൽ കാഠിന്യം കാണിക്കാറുണ്ട്. പക്ഷേ, അയാൾ പറയുന്ന കാര്യങ്ങൾ ദീനിന്റെ പേരിലാണെങ്കിൽത്തന്നെയും അതിന് ഒരു വിലയുമുണ്ടാവുകയില്ല. ഇക്കാര്യം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഈ സംഭവം ഇതിനുമുമ്പേയും ഇതേ വിശദീകരണത്തോടെ പല പ്രാവശ്യവും വിവരിച്ചുകഴിഞ്ഞിട്ടുള്ളതാണ്. 'ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഉമ്മുൽ മുഅമിനീനുമായി റയിൽവെസ്റ്റേഷനിൽ ഉലാത്തുകയായിരുന്നു. ആ നാളുകളിൽ പർദയുടെ പൊരുൾ വളരെ കാർക്കശ്യത്തോടെയാണ് എടുത്തിരുന്നത്. (അക്കാലത്ത് കഠിനമായ പർദയാണുണ്ടായിരുന്നത്). സ്റ്റേഷനുകളിൽ പല്ലക്കുകളിലാണ് സ്ത്രീകൾ വരാറുണ്ടായിരുന്നത്. കുടുംബക്കാർ എന്നു പറയുന്ന വലിയ ആളുകളുടെ സ്ത്രീകൾ പല്ലക്കുകളിൽ ഇരുന്നു വരികയും ഇടവും വലവും തട്ടം വീണുകിടക്കുകയും ചെയ്തിരുന്നു. പിന്നീട് അവിടെനിന്ന് ട്രെയി

നിന്റെ ബോഗിവരെ അതേപോലെ അടച്ച പെട്ടിയിലാണ് വരിക. (ഇങ്ങനെയുള്ള പർദയായിരുന്നു അന്നുണ്ടായിരുന്നത്.) ഇരുന്നുകഴിഞ്ഞാൽ ജനലുകൾ അടക്കുമായിരുന്നു. (ആരുടേയും ദൃഷ്ടി അവരിൽ വീഴാതിരിക്കാൻ). അവിടന്ന് പറയുന്നു: ഇത്തരം പർദ ബുദ്ധിമുട്ടുണ്ടാക്കുന്നതായിരുന്നു. ഇസ്‌ലാമിന്റെ അധ്യാപനങ്ങൾക്ക് വിരുദ്ധമായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിക അധ്യാപനമനുസരിച്ചാണ് പ്രവർത്തിച്ചിരുന്നത്. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ബുർഖയാണ് ധരിക്കാറുണ്ടായിരുന്നത്. നടക്കാൻവേണ്ടി വെളിയിൽ പോകുന്ന ദിനങ്ങളിലും ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ബുർഖ ധരിച്ചിട്ടുണ്ടാകും. ആ ദിവസവും ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ ബുർഖ ധരിച്ചിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഉമ്മുൽ മുഅ്മിനോടൊപ്പം പ്ലാറ്റ്ഫോമിൽ ഉലാത്തുകയായിരുന്നു. (മൗലവി അബ്ദുൽ കരീം സാഹിബും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലും ഒപ്പമുണ്ടായിരുന്നു.) മൗലവി അബ്ദുൽ കരീം സാഹിബിന്റെ സ്വഭാവം കാർക്കശ്യമുള്ളതായിരുന്നു. ഇങ്ങനെ നടക്കുന്നത് തെറ്റാണെന്ന് അദ്ദേഹത്തിന് തോന്നി. പക്ഷേ, അത് നേരിട്ട് ഹദ്റത്ത് മസീഹ് മൗഊദിനോട് പറയാൻ തന്റേടമുണ്ടായിരുന്നില്ല. അദ്ദേഹം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ അടുത്തുപോയി. അദ്ദേഹം പറഞ്ഞു; 'മൗലവി സാഹിബേ, ഇത് എന്ത് വിനയാണ്. മിർസാ സാഹിബ് പ്ലാറ്റ്ഫോമിൽ തന്റെ ഭാര്യയോടൊപ്പം ചുറ്റിക്കറങ്ങി എന്നു പറഞ്ഞ് നാളെ പത്രങ്ങളിൽ കോലാഹലമാകും. മിർസാ സാഹിബ് പ്ലാറ്റ്ഫോമിൽ തന്റെ ഭാര്യയേയുംകൊണ്ട് ചുറ്റിക്കറങ്ങി എന്ന് പറഞ്ഞ് വിജ്ഞാപനങ്ങളും ലഘുലേഖകളും പുറപ്പെടും. താങ്കൾപോയി ഹദ്റത്ത് മസീഹ് മൗഊദിന് ഇക്കാര്യം മനസ്സിലാക്കിക്കൊടുക്കുക. ഹദ്റത്ത് ഖലീഫ അവ്വൽ പറഞ്ഞു: ഇതിൽ എന്താണ് ദോഷം? എനിക്കതിൽ ഒരു ദോഷവും കാണാൻ കഴിയുന്നില്ല. ഇനി താങ്കൾക്കത് ദോഷമായി തോന്നുന്നുവെങ്കിൽ നേരിട്ടു പോയി പറഞ്ഞുകൊള്ളുക.'എന്തായാലും മൗലവി അബ്ദുൽകരീം സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ പോയി. അവിടന്ന് നടന്ന് നടന്ന് വളരെ ദൂരത്തെത്തിയിരുന്നു. മൗലവി അബ്ദുൽ കരീം സാഹിബ് മടങ്ങി വന്നത് തല കുനിച്ചായിരുന്നു. ഹദ്റത്ത് ഖലീഫ അവ്വൽ(റ) പറയുന്നു. എന്ത് മറുപടിയാണ് കിട്ടിയതെന്ന് ചോദിക്കണമെന്ന് എനിക്ക് താൽപര്യം തോന്നി. അങ്ങനെ ഞാൻ ചോദിച്ചു: 'മൗലവി സാഹിബേ! ഹദ്റത്ത് മസീഹ് മൗഊദ്(അ) എന്താണ് പറഞ്ഞത്? മൗലവി സാഹിബ് പറയുന്നു: 'ഞാൻ ഹുദൂറിനോട് ഇത് പറയുകയും അങ്ങ് എന്താണ് ചെയ്തുകൊണ്ടിരിക്കുന്നതെന്നും ജനങ്ങൾ എന്തു പറയുമെന്ന് ചോദിക്കുകയും ചെയ്തപ്പോൾ അവിടന്ന് പറഞ്ഞു: അവർ എന്ത് പറയാനാണ്? മിർസാ സാഹിബ് തന്റെ ഭാര്യയോടൊപ്പം ഇങ്ങനെ നടന്നെന്ന്. അല്ലേ?" അങ്ങനെ മൗലവി സാഹിബ് ലജ്ജിതനായി മടങ്ങിപ്പോന്നു. ഹദ്റത്ത് ഉമ്മുൽ മുഅ്മിനീൻ പർദ ധരിച്ചിരുന്നു. ഭാര്യയും ഭർത്താവും ഒന്നിച്ചു നടക്കുന്നത് ആക്ഷേപാർഹവുമല്ല. നബി(സ) തിരുമേനിയും ആ മഹാത്മാവിന്റെ ഭാര്യമാരുമൊത്ത് നടക്കാറുണ്ടായിരുന്നു. ഒരിക്കൽ ജനങ്ങളുടെ മുമ്പിൽ നബി(സ) തിരുമേനിയും ഹദ്റത്ത് ആയിശ(റ)യും മത്സരിച്ചോടുകയുണ്ടായി. ആദ്യപ്രാവശ്യം നബി(സ) തിരുമേനി പിന്നിലായി. ഹദ്റത്ത് ആയിശ(റ) വിജയിക്കുകയും ചെയ്തു. കുറച്ചുകാലത്തിനുശേഷം രണ്ടാമത്തെ പ്രാവശ്യം മത്സരിച്ചോടുകയും നബി(സ) തിരുമേനി ഹദ്റത്ത് ആയിശയേക്കാൾ മുമ്പിലെത്തുകയും ചെയ്തു. നബി(സ) തിരുമേനി അപ്പോൾ ആയിശയോടു പറഞ്ഞു: ആയിശാ! *തിൽക്ക ബി തിൽക്ക* അതായത് ആയിശാ ആ പരാജയത്തിനു പകരമാണ് ഈ വിജയമുണ്ടായത്. ചുരുക്കത്തിൽ നബി(സ)തിരുമേനി തന്റെ ഭാര്യമാരോടൊപ്പം നടക്കുന്നത് കുറവായി കണ്ടിരുന്നില്ല. ഏതൊരു കാര്യമാണോ ഇസ്‌ലാം അനുവദിച്ചിരിക്കുന്നത് അതിനെ ന്യൂനതയെന്ന് പറയാൻ പറ്റുകയില്ല. ഏതെങ്കിലും ഒരു വ്യക്തി മറ്റൊരാളുടെ മേൽ ആക്ഷേപം ഉന്നയിക്കുമ്പോൾ അതിന്റെ അർഥം അവന്റെ പക്കൽ ആ വ്യക്തി ഇസ്‌ലാമിക അധ്യാപനമനുസരിച്ച് പ്രവർത്തിക്കുന്നില്ല എന്നാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വീണ്ടും പരാതിപ്പെടുന്നവരെക്കുറിച്ച് പറയുന്നു: അയാൾ തന്റെ കത്തിൽ എഴുതിയത് ഇന്ന വ്യക്തി ചെറിയ സ്ഥാനമുള്ളയാളാണ്, (അവിടെ വീണ്ടും കുടുംബപരവും വ്യക്തിപരവുമായ ആക്ഷേപങ്ങളും ഇതിനെ തുടർന്ന് ആരംഭിച്ചു). ഇന്നയാൾ മോശക്കാരനാണ്, അയാൾക്ക് താങ്കൾ ഇന്ന സ്ഥാനം നല്കിയിരിക്കുന്നു . ഇതെല്ലാം തെളിയിക്കാൻ ശരീഅത്ത് സാക്ഷികളെ ആവശ്യപ്പെടുന്ന ചില ആക്ഷേപങ്ങളും ഉന്നയിച്ചു. ദൃക്സാക്ഷികളേയും ആവശ്യപ്പെട്ടിരിക്കുന്നു. അതായത് പരാതിപ്പെടാൻ അർഹത ഉണ്ടാകണമെങ്കിൽ ശരീഅത്ത് അതിനെ സംബന്ധിച്ച് പറയുന്നത് നാലു ദൃക്സാക്ഷികളുണ്ടായിരിക്കണമെന്നാണ്. ഇല്ലെങ്കിൽ പരാതിപ്പെടാൻ പാടില്ല. ചിലയാളുകൾ ചില ആൺകുട്ടികളുടേയും പെൺകുട്ടികളുടേയും ബന്ധങ്ങളെ സംബന്ധിച്ച് വെറുതെയങ്ങ് ആക്ഷേപം ഉന്നയിക്കാറുണ്ട്. അവർ തമ്മിലുള്ള ബന്ധത്തെ സംബന്ധിച്ച് ആക്ഷേപം ഉന്നയിക്കണമെങ്കിൽ അതിനുള്ള നാലു സാക്ഷികളെ ഹാജരാക്കേണ്ടതും ഇസ്‌ലാമിൽ നിർബന്ധമാണ്. പക്ഷേ, ദീനിന്റെ ആത്മീയരോഷമുള്ള അയാൾ സ്വയം വിശുദ്ധഖുർആന്റെ അധ്യാപനത്തിന് വിരുദ്ധം പ്രവർത്തിക്കുന്നു എന്നതാണ് അത്ഭുതകരമായ കാര്യം ! വിശുദ്ധ ഖുർആൻ വിലക്കിയിട്ടുള്ള ആക്ഷേപങ്ങൾ മറ്റുള്ളവരുടെ മേൽ ഉന്നയിക്കുന്നു. വിലക്കിയിട്ടുണ്ടെന്ന് മാത്രമല്ല പ്രത്യുത അത്തരം ആക്ഷേപം ഉന്നയിക്കുന്നവർക്ക് ശിക്ഷയും നിശ്ചയിച്ചിരിക്കുന്നു. അതായത് അത്തരം തെറ്റായ ആക്ഷേപം ഉന്നയിക്കുന്നവർക്ക്, അങ്ങനെ പറയുന്നവർക്ക് 80 ചമ്മട്ടി അടി നല്കാൻ! ഇതിനെക്കുറിച്ച് ശരീഅത്ത് ഇത്രമാത്രം കഠിനമായി നല്കിയിട്ടുള്ള കല്പനയെ അവൻ ലംഘിക്കുന്നു. എന്നിട്ട് ഇന്നയാൾ വിശുദ്ധ ഖുർആനിന്റെ അധ്യാപനത്തിനെതിരിൽ നടക്കുന്നുവെന്ന് പറയുകയും ചെയ്യുന്നു. വാസ്തവത്തിൽ അയാൾ സ്വയം വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങൾക്കെതിരെ നടക്കുകയാണ് ചെയ്യുന്നത്.'

അവിടന്ന് പറയുന്നു: 'നോക്കുക, പരാതിക്കാരന് എന്ത് നിലയാണുള്ളത്? ഒന്നാമതായി അയാൾ തന്റെ പേര് വെളിപ്പെടുത്തിയില്ല. പിന്നീട് നിർബന്ധമായ തെളിവുകളും സമർപ്പിച്ചില്ല. ശരീഅത്തിന്റെ നിയമങ്ങളിൽനിന്ന് ഞാൻ സ്വതന്ത്രനല്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഉം സ്വതന്ത്രനല്ല. നബി(സ) തിരുമേനി സ്വയം ശരീഅത്തിന്റെ നിയമങ്ങളനുസരിച്ച് നടക്കാൻ നിർബന്ധിതനായിരുന്നു. അതുകൊണ്ട് ആ വ്യക്തി ശരാഅത്ത് ശിക്ഷ നിശ്ചയിച്ചിട്ടുള്ള ചില ആക്ഷേപങ്ങളാണ് ഉന്നയിച്ചിട്ടുള്ളത്. ശരീഅത്ത് അവർക്കുവേണ്ടി സാക്ഷിയുടെ മാർഗം നിശ്ചയിച്ചിരിക്കുന്നു. അതനുസരിച്ച് നടക്കേണ്ടത് നിർബന്ധമാണ്. പക്ഷേ, അയാൾ പറയുന്നത് ഇന്നവൻ വിശുദ്ധഖുർആന്റെ ഇന്ന കല്പന ലംഘിച്ചു. അവനെ ശിക്ഷിക്കുക. പക്ഷേ, തന്നെ ഒന്നും പറയരുതെന്നാണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: എനിക്ക് കുട്ടിക്കാലത്തെ ഒരു ഫലിതം ഓർമവന്നു. ആ നേരത്ത് ഞാൻ അത് നല്ലവണ്ണം ആസ്വദിക്കുകയുണ്ടായി. ഇപ്പോഴും അതോർക്കുമ്പോൾ ചിരി വരും. പറയുന്നു: അഞ്ചിലോ ആറിലോ ഞാൻ പഠിക്കുമ്പോൾ ഞങ്ങളുടെ ഉസ്താദ് ഒരു ശിക്ഷാരീതി നിശ്ചയിച്ചിരുന്നു. അദ്ദേഹത്തിന്റെ നിശ്ചിത സമയത്തിനുള്ളിൽ ആരാണോ ചോദ്യത്തിന് മറുപടി നൽകുന്നത് അവൻ ഏറ്റവും ഒന്നാം സ്ഥാനത്ത് വരുന്നതാണ്. ഞങ്ങൾ എല്ലാവരും നിൽക്കുകയായിരുന്നു. ഉസ്താദ് ചോദ്യം ചോദിച്ചു. ഒരു കുട്ടി അതിന് മറുപടി പറഞ്ഞു. രണ്ടാമത്തവൻ കൈനീട്ടികൊണ്ട് മാസ്റ്റർജി ഈ ഉത്തരം തെറ്റാണെന്ന് പറഞ്ഞു. അപ്പോൾ മാസ്റ്റർ സാഹിബ് ആദ്യത്തെ കുട്ടിയോട് നീ താഴെ ഇറങ്ങുക. മറ്റവൻ മുകളിൽ കയറുക എന്നു പറഞ്ഞു. താഴെ വന്നുടനെ ആദ്യം ഒന്നാം സ്ഥാനത്ത് വന്ന കുട്ടി, പറഞ്ഞു. മാസ്റ്റർ സാഹിബ്! അവൻ എന്റെ തെറ്റ് കണ്ടുപിടിച്ചുകൊണ്ട് തെറ്റായ വാക്കിനെ തെറ്റെന്ന് പറഞ്ഞത് തെറ്റാണെന്ന് പറഞ്ഞു. ആ ഉസ്താദ് പിന്നീട് അവനെ പൂർവ്വസ്ഥാനത്ത് നിറുത്തി. രണ്ടാമത്തെ കുട്ടിയെ താഴെ ഇറക്കുകയും ചെയ്തു. അവിടന്ന് പറയുന്നു: ചില ആക്ഷേപങ്ങളുടെയും. അവസ്ഥയും ഇതു തന്നെയാണ്.

അവർ മറ്റുള്ളവരുടെമേൽ തെറ്റോ, ശരിയോ ആയിട്ടുള്ള ആക്ഷേപമാണ് ഉന്നയിക്കുന്നത്. പക്ഷേ, ആക്ഷേപത്തിന്റെ രീതി അപരാധപരമായിരിക്കും. അങ്ങനെ അയാൾക്ക് ശിക്ഷ കൊടുപ്പിച്ച് കൊടുപ്പിച്ച് സ്വയം ശിക്ഷയ്ക്കർഹനായിത്തീരുന്നു. അതുകഴിഞ്ഞാൽ കുറ്റവാളികളെ ആരും പിടിക്കുന്നില്ലെന്നും ശ്രദ്ധയിൽപ്പെടുത്തിയവനെ ശിക്ഷക്കുന്നുവെന്നും പറഞ്ഞ് ബഹളമുണ്ടാക്കുന്നു. വാസ്തവത്തിൽ ശിക്ഷ വിധിക്കുന്നവൻ എന്തു ചെയ്യാനാണ്? അയാളും ശരീഅത്തിന്റെ അടിമയാണ്. വിശുദ്ധഖുർആന്റെ ഭരണം നിലനിറുത്താൻ ആഗ്രഹിക്കുന്നെങ്കിൽ നിങ്ങളുടെമേലും അല്ലാഹുവിന്റെ ഭരണം നിലനിറുത്തുക. ഇനി നിങ്ങൾ മറ്റുള്ളവരുടെമേൽ ദൈവത്തിന്റെ ഭരണം സ്ഥാപിതമാകണമെന്നും നിങ്ങളുടെമേൽ ദൈവത്തിന്റെ ഭരണം സ്ഥാപിതമാകരുതെന്നും ആഗ്രഹിക്കുകയാണെങ്കിൽ അത് ശരിയായ കാര്യമല്ല. അതുകൊണ്ട് പരാതിക്കാരോട് ഞാൻ പറയുന്നു. അയാസ് ഖദ്‌രെ ഖുദ് ബശനാസ് അയാസേ! നിങ്ങളുടെ വിലയും നിലയും ആദ്യം ഓർക്കുകയും തിരിച്ചറിയുകയും ചെയ്യുക. എന്നാൽ, അവർക്ക് ഒരു വിലയുമില്ലെന്ന് പേര് മറച്ചുവെക്കുന്നവർ തങ്ങളുടെ പേര് മറച്ചുവെച്ചുകൊണ്ട് ആക്ഷേപം ഉന്നയിക്കുന്നു! ആക്ഷേപങ്ങൾ സ്ഥാപിക്കാൻ നല്കുന്ന തെളിവോ ഇന്നയാൾ ഇന്ന കുടുംബത്തിൽപ്പെട്ടയാളാണ്, ഇന്നയാൾക്ക് ഒരു വിലയുമില്ല, ഇന്നയാൾ അങ്ങനെയാണ് എന്നൊക്കെയും. ഈ ആക്ഷേപങ്ങൾക്ക് ഒരു യാഥാർഥ്യവുമുണ്ടാകുകയില്ല. ആക്ഷേപം ഉന്നയിക്കുന്നവർ സ്വയം യഥാർഥത്തിൽ ഒരു വിലയുമില്ലാത്തവരാണ്. അതുകൊണ്ട് നമ്മൾ അല്ലാഹുവിന്റെ കല്പനയിൽ നടക്കേണ്ടതാണ്. അല്ലാഹുതന്നെയാണ് നമ്മുടെ രക്ഷിതാവ്. അവൻ എല്ലാവരുടേയും രക്ഷിതാവാണ്. അവനാണ് ജീവിതവിഭവം നല്കുകയും പരിപാലിക്കുകയും ചെയ്യുന്നത്. അല്ലാഹുവിൽനിന്ന് നമ്മൾ എല്ലാം എടുത്തുകൊണ്ടിരിക്കുമ്പോൾ അല്ലാഹു പറയുന്നതേ നമ്മൾ അംഗീകരിക്കുകയുള്ളു. അല്ലാതെ ആക്ഷേപം ഉന്നയിക്കുന്നവരുടേതല്ല. ഞാൻ പറഞ്ഞതുപോലെ ഈ പരാതിക്കാർ ആഗ്രഹിക്കുന്നത് മറ്റുള്ളവരെ ശരീഅത്തനുസരിച്ച് ശിക്ഷിക്കുക എന്നതാണ്. സ്വയം തങ്ങളെ ശരീഅത്തിന്റെ കല്പനകളിൽനിന്ന് പുറത്താക്കുകയും സ്വതന്ത്രരാക്കുകയും സ്വയം വിധികർത്താവാകുകയും ചെയ്യുന്നു. അത്തരമാളുകളുടെ കാര്യങ്ങൾ മുന്നിൽ വരികയും തുറക്കുകയും ചെയ്യുമ്പോൾ അവർക്കും ശരീഅത്തനുസരിച്ച് ശിക്ഷ ലഭിക്കുന്നതായിരിക്കും.

സാക്ഷികൾ ആവശ്യമായി വരുന്ന ചില കാര്യങ്ങളുണ്ട്. സാക്ഷികളെ ഹാജരാക്കുന്നില്ലെങ്കിൽ അതിനൊരു വിലയും ഉണ്ടാവുകയില്ല. എന്തായാലും പിന്നീട് ഇതിന്റെ വിധി ശരീഅത്തനുസരിച്ച്, വിശുദ്ധ ഖുർആൻ അനുസരിച്ചായിരിക്കും.

അവൻ കള്ളസത്യം ചെയ്യുകയും അങ്ങനെ രക്ഷപ്പെടുകയും ചെയ്തുവെന്ന് ചിലപ്പോൾ പറയാറുണ്ട്. നബി(സ) തിരുമേനിയുടെ അടുക്കൽ അത്തരമൊരു പ്രശ്നം വന്നു. രണ്ട് വഴക്കാളികൾ വന്നപ്പോൾ, അല്ലാഹുവിന്റെ കല്പനയനുസരിച്ച് നിങ്ങളിലൊരു കക്ഷി സത്യം ചെയ്യേണ്ടതാണെന്ന് അവിടന്ന് പറഞ്ഞു. അവൻ കള്ളനാണ്, അവൻ നൂറു പ്രാവശ്യം വേണമെങ്കിലും സത്യം ചെയ്യുമെന്ന് ഇതരൻ പറഞ്ഞു. അതുകേട്ട് നബി(സ) പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ കല്പനയനുസരിച്ച് വിധി പറയേണ്ടവനാണ്. അവൻ കള്ളസത്യം ചെയ്യുകയാണെങ്കിൽ അവന്റെ കാര്യം അല്ലാഹുവിന്റെ അടുത്താണ്. അവൻതന്നെ അവനെ ശിക്ഷിച്ചോളും.' (ഖുത്ബാത്തെ മഹമൂദ് വാല്യം 33 പേജ് 265-271 ജമുഅ ഖുത്ബ 5-9-1952)

അതുകൊണ്ട് ആരുടെയെങ്കിലും പരാതിയുടെ അടിസ്ഥാനത്തിൽ പരാതിക്കാരൻ പറഞ്ഞ നിയമമനുസരിച്ച് തീരുമാനം ഉണ്ടാവുകയില്ലെന്ന കാര്യം എപ്പോഴും ഓർമ്മവയ്ക്കേണ്ടതാണ്. പരാതിയിൽ തീരുമാനമുണ്ടാകുന്നത് അല്ലാഹു പറഞ്ഞതനുസരിച്ചായിരിക്കും. രണ്ട് സാക്ഷികൾ ആവശ്യമുണ്ടെങ്കിൽ രണ്ട് സാക്ഷികളെ ഹാജരാക്കേണ്ടിവരും. നാല് സാക്ഷികളെ ആവശ്യമുണ്ടെങ്കിൽ അവിടെ നാലു പേരെ ഹാജരാക്കേണ്ടിവരും. പിന്നീട് അന്വേഷണം നടക്കുന്നതും അതനുസരിച്ചായിരിക്കും. വിധി ഉണ്ടാകുന്നതും അതനുസരിച്ചായിരിക്കും. നമ്മൾ അല്ലാഹുവിന്റെ കല്പനയുസരിച്ച് നമ്മുടെ കാര്യങ്ങളിലും തീരുമാനമെടുക്കുന്നവരാകുന്നതിലാണ് നമ്മുടെ വിജയം. നമ്മുടെ വ്യക്തിപരമായ അഹങ്കാരങ്ങളേയും ന്യായീകരണങ്ങളേയും അടിസ്ഥാനമാക്കി സംഘാടകരേയും കാലത്തിന്റെ ഖലീഫയേയും നിർബന്ധിതരാക്കുന്നവരാകരുത്. അല്ലാഹു പരാതിക്കാർക്കും ബുദ്ധി നല്കുമാറാകട്ടെ. അവർ അത് ശരിയാണെന്ന് മനസ്സിലാക്കുന്നെങ്കിൽ തുറന്നനിലയിൽ എല്ലാ തെളിവുകളോടുംകൂടി പരാതിപ്പെടേണ്ടതാണ്. അതിൽ അവരുടെ പേരും ഉണ്ടാകണം. പിന്നീട് അന്വേഷണങ്ങളിലും അയാൾ ഉൾപ്പെടുന്നതാണ്. യഥാർഥത്തിൽ ജമാഅത്തിന്റെ വ്യവസ്ഥിതിയിൽ എന്തെങ്കിലും വിള്ളലുകൾ ഉണ്ടാകാൻ പോകുന്നുവെന്ന് കണ്ടാൽ ധൈര്യത്തോടുകൂടി മുന്നിൽ വരേണ്ടതാണ്. പരാതിപ്പെടേണ്ടതാണ്. പിന്നീടുണ്ടാകുന്ന എല്ലാ കാര്യത്തേയും നേരിടേണ്ടതാണ്. ഇപ്രകാരം കാലത്തിന്റെ ഖലീഫയിൽനിന്ന് നി

ദ്ധയിക്കപ്പെടുന്നവരും വിധി പറയുമ്പോൾ നീതിയുടെ എല്ലാ വശങ്ങളും മുന്നിൽ വെച്ചുകൊണ്ടും അല്ലാഹുവിന്റെ കല്പനകൾ അനുസരിച്ചുകൊണ്ടും സുന്നത്തനുസരിച്ചും വിധി പറയുന്നവരാകാൻ അല്ലാഹു ജമാഅത്തിന്റെ വ്യവസ്ഥിതിക്കും തൗഫീഖും ബുദ്ധിയും നല്കുമാറാട്ടെ.

നമസ്കാരത്തിനുശേഷം ജനാസ ഗായിബും നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ ശേയ്ഖ് മജീദ് അഹ്മദ് സാഹിബിന്റെ മകൻ ശേയ്ഖ് സാജിദ് മഹ്മൂദ് സാഹിബ് ശഹീദിന്റേതാണ്. 55 വയസ്സായിരുന്നു. കറാച്ചി ജില്ലയിലെ ഗുൽസാർ ഹിജ്‌രിയിൽ താമസിക്കുകയായിരുന്നു. എതിരാളികൾ 2016 നവംബർ 27ന് മഗ്‌രിബ് നമസ്കാര നേരത്ത് വീടിനു വെളിയിൽ വണ്ടയിൽ ഇരിക്കുമ്പോൾ ഫയർ ചെയ്ത് ശഹീദാക്കി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. ശേയ്ഖ് സാജിദ് മഹ്മൂദ് സാഹിബ് കറാച്ചിയിലെ ഗുൽശനെ മുഅമ്മാറിൽ ഫ്ളവർ മിൽസിന്റെ സപെയർപാർട്ട്സ് സപ്ലൈ ചെയ്യുന്ന ജോലിചെയ്തു വരികയായിരുന്നു.2016 നവംബർ 27 ന് വൈകുന്നേരം മഗ്‌രിബ് നമസ്കാര നേരത്ത് ബാസാറിൽനിന്നും വീട്ടു സാധനങ്ങൾ വാങ്ങി വന്നു. വണ്ടിയിൽത്തന്നെയിരിക്കുകയായുരുന്നു. മോട്ടോർസൈക്കിളിൽ വന്ന അജ്ഞാതർ അദ്ദേഹത്തിനുനേരെ നിറയൊഴിച്ചു. പിന്നീട് മോട്ടോർസൈക്കിളിൽ മടങ്ങിപ്പോകുമ്പോഴും വീണ്ടും നാലുപ്രാവശ്യം നിറയൊഴിച്ചു. സംഭവസ്ഥലത്തുനിന്ന് ഓടി മറയുകയും ചെയ്തു. ഫൈറിംങ്ങിന്റെ ഫലമായ ഒരു വെടിയുണ്ട ശേയ്ഖ് സാജിദ് മഹ്മൂദ് സാഹിബിന്റെ നെഞ്ചിന്റെ വലതുഭാഗത്ത് തറച്ചു. വാരിയെല്ലിൽകൊണ്ട് വലതുഭാഗത്തോടെ വെളിയിലേക്ക് പോയി. ഒരു വെടിയുണ്ട കാലിലും കൊണ്ടു. ശേയ്ഖ് സാജിദ് മഹ്മൂദ് സാഹിബിനെ ഉടനെത്തന്നെ അടുത്തുള്ള ആശുപത്രിയിൽ എത്തിച്ചു. അവിടെനിന്ന് അദ്ദേഹത്തെ ആഗാഖാൻ ആശുപത്രിയിലേക്ക് ശിഫ്റ്റ് ചെയ്തു. പക്ഷേ, ജീവൻ രക്ഷിക്കാൻ കഴിഞ്ഞില്ല. ചികിത്സ തുടങ്ങുന്നതിനുമുമ്പേ തന്നെ അദ്ദേഹം ശഹാദത്തിന്റെ ശർബ്ബത്ത് കുടിച്ചു കഴിഞ്ഞിരുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ് മദിയ്യത്ത് വന്നത് അദ്ദേഹത്തിന്റെ പ്രപിതാമഹൻ ശേയ്ഖ് ഫള്ൽ കരീം സാഹിബ് മുഖേനയാണ്. അദ്ദേഹം 1920-ൽ ഹദ്റത്ത് ഖലീഫത്തുൽമസീഹ് ഥാനിയുടെ കൈയിൽ ബയ്അത്തു ചെയ്തു. ശഹീദ് മർഹൂമിന്റെ പിതാവ് ശേയ്ഖ് മജീദ് അഹ്മദ് സാഹിബ് പാക്കിസ്താൻ രൂപീകൃതമായപ്പോൾ കാൺപൂരിൽനിന്ന് ഹിജ്റത്ത് ചെയ്ത് ലാഹോറിൽ വന്നു. 1961-ൽ കറാച്ചയിൽ താമസം തുടങ്ങി. ശഹീദിന്റെ പിതാമഹൻ ഖാജ മുഹമ്മദ് ശരീഫ് സാഹിബ് മർഹൂം ദഹ് ലി ദർവാസ ലാഹോർ അഹ്മദിയ്യാ ജമാത്തിന്റെ ദീർഘകാലം സ്വദ്റായിരുന്നു. അദ്ദേഹത്തിന്റെ പ്രമാതാമഹൻ ഹദ്റത്ത് സാഹിബുദ്ദീൻസാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബിയായിരുന്നു. ഇപ്രകാരം കൊൽക്കത്തയിലെ മർഹൂം സേട്ട് മുഹമ്മദ് സ്വിദ്ദീഖ് ബാനീ സാഹിബ് ശഹീദിന്റെ ഭാര്യയുടെ മാതാമഹനാണ്. ശഹീദ് മർഹൂം ബി.എ വരെ പഠിച്ചിട്ടുണ്ട്. 5 വർഷം അങ്ങേയറ്റം കഠിനമായ ബുദ്ധിമുട്ടിൽ കഴിച്ചു. അതിനുശേഷം ഫ്ളവർമിൽസിന്റെ സ്പെയർപാർട്ട്സിന്റെ കച്ചവടം തുടങ്ങി. അതിൽ അല്ലാഹു ഒരുപാട് ബർക്കത്തു നല്കി. വിശാലമായ കച്ചവടമായി മാറി. ശഹീദ് മർഹൂമിന്റെ മകൻ ഹാരിഥ് മഹ്മൂദ് സാഹിബും-ഇദ്ദേഹം നാഇബ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായും ഗുൽശനെ ഇഖ്ബാൽ കറാച്ചിയുടെ സെക്രട്ടറി വസ്വായായുമാണ്-വിദ്യാഭ്യാസത്തിനുശേഷംഏ.സി.സി.എ(ACCA)ചെയ്തതിനുശേഷം പിതാവിനോടൊപ്പം കച്ചവടം ചെയ്യാൻ തുടങ്ങി. ശഹീദ് മർഹൂം ഒരുപാട് സവിശേഷഗുണങ്ങളുടെ ഉടമയായിരുന്നു. ഇപ്രകാരം തന്നെ ശഹീദിന്റെ മകൾ ഥനാ മുബശ്ശിറ കറാച്ചിയിൽ വിദ്യാർഥിനിയാണ്. അവർക്ക് അമേരിക്കയിൽ പോകുന്നതിന് 6 മാസത്തെ സ്കോളർഷിപ്പും കിട്ടിയിട്ടുണ്ട്. അവിടെനിന്ന് അവർ ഒരു ചെറിയ കോഴ്സ് ചെയ്ത് വന്നിരിക്കുകയാണ്. മർഹൂം ജമാഅത്തിനോടു അതിരറ്റ സ്നേഹവും അഗാധമായ ബന്ധവും പുലർത്തുന്ന ആളായിരുന്നു. ഖിലാഫത്തിനോടും ജമാഅത്ത് വ്യവസ്ഥിതിയോടു ചേർന്നിരിക്കാൻ മക്കളേയും ഉപദേശിച്ചുകൊണ്ടിരുന്നു. ചന്ദകളിൽ അത്യുത്സാഹത്തോടെ പങ്കെടുത്തിരുന്നു. തന്റെ മക്കളേയും ഉപദേശിക്കുമായിരുന്നു. എപ്പോഴും തന്റെ ചന്ദകളെ കുറിച്ച് ചിന്താകുലനായിരുന്നു. ചന്ദ കൊടുക്കുന്നതിന് തന്റെ കടയിൽത്തന്നെ പ്രത്യേകമായൊരു കുടുക്ക വെച്ചിട്ടുണ്ടായിരുന്നു. അതിൽ ഒപ്പത്തിനൊപ്പം ചന്ദയുടെ തുക ഇട്ടു വെക്കുമായിരുന്നു. കൊടുക്കൽ വാങ്ങലിൽ ശുദ്ധനും വിശ്വസ്തനും എപ്പോഴും സത്യത്തെ മുന്നിൽവെക്കുന്നയാളും വിട്ടുവീഴ്ചയോടെ പെരുമാറുന്നയാളുമായിരുന്നു. സഹോദരി സഹോദരന്മാരോട് വാത്സല്യത്തോടുകൂടി പെരുമാറിയിരുന്നു. ഒരിക്കലും ആരോടും വെറുപ്പ് പ്രകടിപ്പിച്ചിരുന്നില്ല. പരേതൻ ഒരു അനർഘമായതും പരിശുദ്ധവുമായ ചിന്താഗതിക്കാരനായിരുന്നു. കുടുംബബന്ധങ്ങളെ ഒരുപാട് വിലമതിച്ചിരുന്നു. ശഹീദ് മർഹൂം തന്റെ പരേതരായ പിതാവിന്റേയും ഭാര്യാപിതാവിന്റേയും പേരാണ് തന്റെ രണ്ട് കടകൾക്കും ഇട്ടിരുന്നത്. തന്റെ ഭാര്യയുടെ ബന്ധുക്കളോട് മാതൃകാപരമായരീതിയിൽ പെരുമാറിയിരുന്നു. സുഹൃത്തുക്കളേയും എല്ലാ ബന്ധുക്കളേയും പരിശുദ്ധമനസ്സോടെ കണ്ടിരുന്നു. സ്വഭാവത്തിൽ വെറുപ്പ്, പക തുടങ്ങിയവ ഒന്നുമുണ്ടായിരുന്നില്ല. എനിക്കെഴുതിയ ഒരുപാടാളുകൾ അത് എഴുതിയിട്ടുമുണ്ട്. അവയുടെ ചുരുക്കം, സത്ത് അദ്ദേഹത്തെക്കുറിച്ചു ഞാൻ പറഞ്ഞ സവിശേഷഗുണങ്ങൾ തന്നെയാണ്. ശഹീദ് മർഹൂമിന്റെ മാതാവ് ഇപ്പോൾ വളരെയധികം രോഗിയാണ്. അവരുടെ രോഗം കാരണത്താൽ അവരുടെ മകന്റെ ശഹാദത്തിനെക്കുറിച്ച് അവരോട് പറയാൻ ബുദ്ധിമുട്ടുണ്ടായിരുന്നു. പക്ഷേ, അവർ അറിഞ്ഞപ്പോഴും മകന്റെ മയ്യിത്ത് കണ്ടപ്പോഴും അനിയന്ത്രിതമായി പറഞ്ഞു, 'എന്റെ മകൻ ശഹീദാണ്. അതുകൊണ്ട് ആരും കരയാൻ പാടില്ല.' ഈ വാക്യം പലപ്രാവശ്യം ഉരുവിട്ടു. ശഹീദ് മർഹൂമിന്റെ ഭാര്യ വളരെ സഹനത്തോടും ധൈര്യത്തോടുംകൂടിയാണ് തന്റെ ഭർത്താവിന്റെ ശഹാദത്തിന്റെ വാർത്ത കേട്ടത്. ഏറ്റവും ഉന്നതമായ ക്ഷമ പ്രകടിപ്പിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകൻ പറയുന്നു: 'എന്റെ പിതാവിന്റെ പ്രകൃതിയിൽ അസാധാരണമായ സ്ഥൈര്യമുണ്ടായിരുന്നു. അല്ലാഹുവിലുള്ള ദൃഢജ്ഞാനം വളരെ കൂടുതലായിരുന്നു. അല്ലാഹു തനിക്ക് വളരെ മാന്യത നൽകിയെന്നും എത്രമാത്രം മാന്യതയെന്നാൽ എനിക്കുതന്നെയും അത് വിശ്വസിക്കാൻ കഴിയുന്നില്ലെന്നും ആവർത്തിച്ചാവർത്തിച്ച് പറയുമായിരുന്നു. ആരാധനാകർമങ്ങളിൽ വളരെ കൃത്യനിഷ്ഠ പാലിച്ചിരുന്നു. ബന്ധുക്കളും ഇതുതന്നെയാണ് പറയുന്നത്. ലളിതവും സഹതാപവും നല്ലരീതിയിൽ പെരുമാറുന്ന ആളുമായിരുന്നു. പരേതന് പതിനൊന്ന് സഹോദരിസഹോദരന്മാരുണ്ട്. എല്ലാവരും കുടുംബങ്ങളുമായി കഴിയുന്നു. ശഹീദ് മർഹൂം എല്ലാവരോടും നല്ലരീതിയിൽ പെരുമാറി. അവരെ ശരിക്കും നോക്കുമായിരുന്നു. സക്കർജില്ലയിൽ ജമാഅത്തുപരമായ അവസ്ഥ മോശമാകുകയും ശഹാദത്തുകളുണ്ടാകുകയും ചെയ്തപ്പോൾ ശഹീദ് മർഹൂം നിരവധി തവണ ദിവസങ്ങളോളം അവിടെപോയി ഡ്യൂട്ടികൾ കൊടുത്തിരുന്നു. അദ്ദേഹത്തിന്റെ മകൾ പറയുന്നു: അബ്ബുവിന്റെ വഫാത്തിനുശേഷം ഞാൻ അബ്ബുവിനെ സ്വപ്നത്തിൽ കണ്ടു. വളരെ വലിയ ഒരു തോട്ടം. അതിൽ ധാരാളം തേജസ്സുള്ള ആളുകൾ ഒരുമിച്ചുകൂടിയിരിക്കുന്നു. എല്ലാവരും തനിവെള്ള വസ്ത്രമാണ് ധരിച്ചിട്ടുള്ളത്. എന്റെ അബ്ബുവും അവിടെയുണ്ട്. അദ്ദേഹത്തിന് വലിയ സ്ഥാനമാണ്. എല്ലാവരും അബ്ബുവിനെ വലയം ചെയ്തിരിക്കുന്നു. സന്തോഷം പ്രകടിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ അബ്ബു ഒരുസ്ഥലത്തേക്ക് നടന്നുപോകുന്നു. അങ്ങനെ എല്ലാവരും കൂട്ടംകൂടി അദ്ദേഹത്തോടൊപ്പം പോയി. എല്ലാവരും അബ്ബുവിനെ കണ്ട് അതീവസന്തോഷത്തിലാണ്. ശഹീദിന്റെ ഉമ്മ അങ്ങേയറ്റം വൃദ്ധയാണ്. ഞാൻ പറഞ്ഞതുപോലെ നടക്കാനോ ഇരിക്കാനോ സാധിക്കുന്നില്ല. ശഹാദത്തിനുശേഷം അവർ സ്വപ്നത്തിൽ കണ്ടു. ശഹീദ് മർഹൂം തന്റെ മാതാവിനെ സംബോധന ചെയ്തുകൊണ്ടു പറയുന്നു. 'ഞാൻ ഇവിടെ വളരെ സന്തോഷവാനാണ്. വളരെ സംതൃപ്തനാണ്. ഞാൻ കാരണത്താൽ നിങ്ങൾ ഒരിക്കലും വിഷമിക്കരുത്.' അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളിൽ ഉമ്മ, ഭാര്യ മൻസൂറ ജാസ്മിൻ സാഹിബ, മകൻ ശേയ്ഖ് ഹാരിഥ് മഹ്മൂദ്, മകൾ ഥനാ മുബശ്ശിറ എന്നിവർക്കുപുറമെ പുറമെ നാല് സഹോദരന്മാരും ആറ് സഹോദരിമാരുമുണ്ട്. അല്ലാഹു ശഹീദിന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ കാലടികളിലൂടെ നടക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

അടുത്ത ജനാസ ശേയ്ഖ് അബ്ദുൽ കരീം സാഹിബിന്റെ മകൻ ശേയ്ഖ് അബ്ദുൽ ഖദീർ സാഹിബിന്റേതാണ്. അദ്ദേഹം ഖാദിയാനിലെ ദർവേശാണ്. 2016 നവംബർ 26ന് ഹൃദയസ്തംഭനം കാരണത്താൽ 92-ാമത്തെ വയസ്സിൽ വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വഹാബി ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് സൻവരി മുഖേനയാണ്. 1947 നവംബർ മാസത്തിൽ ഖാദിയാനിൽനിന്ന് അവസാനസംഘം പാക്കിസ്ഥാനിലേക്ക് പോയപ്പോൾ അദ്ദേഹം തന്റെ രോഗിയായി മാതാവിനേയും താങ്ങിയെടുത്ത് ട്രക്കിലിരുത്തിയിരുന്നു. ഖാദിയാന്റെ അതിർത്തിയോടടുത്തപ്പോൾ മാതാവ് ട്രക്ക് നിറുത്തിച്ച് അദ്ദേഹത്തെ മർക്കസിന്റെ കാവലിനായി താഴെയിറക്കി. ഇങ്ങനെ അദ്ദേഹത്തിന് ദർവേശാകാനുള്ള ഭാഗ്യം ലഭിച്ചു. ഖിലാഫത്ത് വ്യവസ്ഥിതിയോടും ജമാഅത്ത് വ്യവസ്ഥിതിയോടും അതിരറ്റ സ്നേഹമായിരുന്നു. അല്ലാഹുവിൽ പൂർണമായ സമർപ്പണവും ദൃഢവിശ്വാസവുമായിരുന്നു. എല്ലാ വിജയങ്ങളേയും പരാജയങ്ങളേയും ദൈവത്തിന്റെ തൃപ്തിയാണെന്ന് മനസ്സിലാക്കി സ്വീകരിച്ചിരുന്നു. ഭാര്യയോടും കുട്ടികളോടും ബന്ധുക്കളോടും നല്ലരീതിയിൽ പെരുമാറിയിരുന്നു. അവസാനശ്വാസംവരെ തന്റെ ജോലി സ്വയം തന്റെ കൈകൊണ്ട് ചെയ്തിരുന്നു. അദ്ദേഹത്തിന് സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ ഖാദിയാന്റെ വിവിധ വകുപ്പുകളിൽ സേവനം ചെയ്യാൻ തൗഫീഖ് കിട്ടി. അദ്ദേഹത്തിന്റെ മകൻ പറഞ്ഞു: 'ജൽസ സാലാന വരുന്നതുകൊണ്ട് വീട് വൈറ്റ്വാഷ് ചെയ്യുന്നതിനുവേണ്ടി സിമന്റ് തുടങ്ങിയവ അദ്ദേഹം വാങ്ങിവെച്ചിരുന്നു. ആ രാത്രി എന്നെ വിളിച്ചിട്ട് പറഞ്ഞു, 'എന്റെ സമയമടുത്തിരിക്കുന്നുവെന്നാണ് തോന്നുന്നത്. ഇന്നയാളിൽനിന്ന് ഞാൻ 500 രൂപ വാങ്ങിയിട്ടുണ്ട്. അത് കൊടുക്കണം. ഇപ്രകാരംതന്നെ മറ്റു വരവുചെലവുകണക്കുകളും പറഞ്ഞു. അല്പസമയത്തിനുശേഷം അല്ലാഹുവിന്റെ സ്നേഹിതനാകുകയും ചെയ്തു. അദ്ദേഹത്തിന്റെ കുടുംബത്തിൽ മൂന്ന് പെൺമക്കളും, ഒരു മകനുമാണുള്ളത്. അദ്ദേഹത്തിന്റെ മകൻ നാസിർ വഹീദ് സാഹിബ് ഖാദിയാനിൽ സേവനം ചെയ്യാൻ ഭാഗ്യം നേടിക്കൊണ്ടിരിക്കുന്നു.

മൂന്നാമത്തെ ജനാസ തൻവീർ അഹ്മദ് ലോൺ സാഹിബ് നാസിറാബാദ് കശ്മീരിന്റേതാണ്. ഇദ്ദേഹം പോലീസിലായിരുന്നു. നവംബർ 25ന് ഡ്യൂട്ടിക്കിടയിൽ ജില്ലാആസ്ഥാനമായ കോൽഗാമിൽ അപരിചിതരായ സഹപ്രവർത്തകരുടെ വെടിയേറ്റു മരിച്ചു. ഇദ്ദേഹവും ശഹീദിന്റെ ദർജ ഉൾക്കൊള്ളുന്നു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി രാജിഊൻ. ശഹീദ് മർഹൂം നോമ്പും നമസ്കാരവും കൃത്യമായി അനുഷ്ഠിക്കുന്നയാളും സദ്ഹൃദയനും സാധുക്കളെ സംരക്ഷിക്കുന്നയാളും സൽസ്വഭാവിയും കൂറുപുലർത്തുന്നയാളും ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന വ്യക്തിയും അങ്ങേയറ്റം ധൈര്യവാനും അല്ലാഹുവിൽ സർവവും സമർപ്പിക്കുന്നയാളുമായിരുന്നു. സാമ്പത്തികത്യാഗങ്ങളിൽ എപ്പോഴും മുൻപന്തിയിലുണ്ടായിരുന്നു. ചന്ദകൾ എപ്പോഴും കൃത്യമായി ശറഹോടുകൂടി വർധിപ്പിച്ച് നൽകാറുണ്ടായിരുന്നു. തന്റെ ഇളയസഹോദരി സഹോദരന്മാരെ സഹായിച്ചിരുന്നു. അവരുടെ വിദ്യാഭ്യാസവും മതപരമായ ശിക്ഷണവും എപ്പോഴും ശ്രദ്ധിച്ചിരുന്നു. അയൽവാസികൾ പറയുന്നത് അദ്ദേഹം യഥാർഥമായ അർഥത്തിൽ അയൽവാസികളോടുള്ള കടം നിറവേറ്റുന്നയാളായിരുന്നു എന്നാണ്. അദ്ദേഹത്തിന്റെ ഡിപ്പാർട്ട്മെന്റിലുള്ളയാളുകൾ പറയുന്നത് അദ്ദേഹം തന്നിലർപ്പിതമായ കടമകൾ നിറവേറ്റുന്നതിൽ എപ്പോഴും ഉത്സാഹിയായിരുന്നു എന്നാണ്. ഒരിക്കലും അശ്രദ്ധയോടോ, അലംഭാവത്തോടോ ജോലി ചെയ്യാറുണ്ടായിരുന്നില്ല. ബന്ധുക്കളിൽ ഉമ്മയ്ക്ക് പുറമെ രണ്ട് സഹോദരിമാരും ആറ് സഹോദരന്മാരും ഭാര്യയും മൂന്ന് നിഷ്കളങ്കരായ കുട്ടികളുമാണുള്ളത്. അദ്ദേഹത്തിന്റെ ഒരു മകൻ വഖ്ഫെനൗവിൽ അംഗമാണ്. അല്ലാഹുതആല പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ കുട്ടികളേയും എപ്പോഴും ജമാഅത്തിനോടും ഖിലാഫത്തിനോടും ബന്ധമുള്ളവരാക്കട്ടെ. നന്മകളിൽ നിലനിറുത്തുമാറാകട്ടെ. അവൻ തന്നെ അവരുടെ ജാമ്യക്കാരനുമാകട്ടെ.



# കാലത്തിന്റെ ഖലീഫയുടെ ജുമുഅ ഖുത്ബകൾ ചോദ്യോത്തര രൂപത്തിൽ

## ഖുത്ബ ജുമുഅ 2016 ഒക്ടോബർ 28

**ചോദ്യം:** അമീറുൽ മുഅ്മിനീൻ വഖ്ഫെ ജദീദിന്റെ അംഗസംഖ്യയെ കുറിച്ച് എന്താണ് പറഞ്ഞത്?

**ഉത്തരം:** വഖ്ഫെ നൗഇന്റെ എണ്ണം അല്ലാഹുവിന്റെ കൃപയാൽ 61000 ന് അടുത്തെത്തി കഴിഞ്ഞിരിക്കുന്നു. ഇവരിൽ 36000 ലധികം ആൺകുട്ടികളാണ്. ബാക്കിയുള്ളത് പെൺകുട്ടികളും.

**ചോദ്യം:** വഖ്ഫെ നൗ കുട്ടികളുടെ തർബിയ്യത്തിന്റെ ഉത്തരവാദിത്വത്തെ കുറിച്ച് അമീറുൽ മുഅ്മിനീൻ എന്താണ് പറഞ്ഞത്?

**ഉത്തരം:** ജമാഅത്തിന്റെ എല്ലാ കുട്ടികളും പ്രത്യേകിച്ച് വഖ്ഫെ നൗ കുട്ടി ജമാഅത്തിന്റെപക്കൽ അമാനത്താണെന്ന കാര്യം ഓർക്കേണ്ടതാണ്. അവർക്ക് ശിക്ഷണം നല്കേണ്ടതും അവരെ ജമാഅത്തിന്റേയും സമൂഹത്തിന്റേയും നല്ലഭാഗമാക്കേണ്ടതും മാതാപിതാക്കളുടെ നിർബന്ധ കടമയാണ്.

**ചോദ്യം:** വഖ്ഫെ നൗ കുട്ടികളുടെ മാതാക്കളെ അമീറുൽ മുഅ്മിനീൻ വിശുദ്ധ ഖുർആനിലെ ആരോടാണ് ഉപമിച്ചത്?

**ഉത്തരം:** വഖ്ഫെ നൗ കുട്ടികളുടെ മാതാപിതാക്കൾ പ്രത്യേകിച്ചും മാതാവ് ഹദ്റത്ത് മർയം (അ)ന്റെ മാതാവിനെപോലെ അല്ലാഹുവിനോടു *റബ്ബി ഇന്നീ നദ്ർത്തു ലക്ക മാ ഫീ ബത്വനീ മുഹർറൻ ഫത്തഖബ്ബൽ മിന്നീ ഇന്നക്ക അൻതസ്സമീഉൽ അലീം* എന്ന് പ്രതിജ്ഞ ചെയ്തുകൊണ്ട് വഖ്ഫെ നൗ സ്കീമിൽ സമർപിക്കുന്നു. എന്റെ റബ്ബേ! എന്റെ വയറ്റിലുള്ളതിനെ ഞാൻ നിനക്കുവേണ്ടി സമർപിക്കുന്നു. (ലോകത്തിലെ ശല്യങ്ങളിൽനിന്ന്)സ്വതന്ത്രമാക്കിക്കൊണ്ട്. *ഫത്തഖബ്ബൽമിന്നീ* എന്റെ ഈ ആഗ്രഹവും ദുആയും സ്വീകരിച്ചാലും. *ഇന്നക്ക അൻത സ്സമീഉൽ അലീം* നീ വളരെ അധികം കേൾക്കുന്നവനും അറിയുന്നവനുമാണ്.

**ചോദ്യം:** വഖ്ഫെനൗ കുട്ടികളുടെ ഭാവിക്കുവേണ്ടി അവരുടെ ചിന്താഗതിക്ക് എങ്ങനെയാണ് ശിക്ഷണം നല്കേണ്ടത്?

**ഉത്തരം:** നീ വഖ്ഫാണെന്നും നിന്നെ ദീനിനുവേണ്ടി മാത്രം സേവനം ചെയ്യാൻ വഖ്ഫു ചെയ്തിരിക്കുകയാണെന്നും ഇതായിരിക്കണം നിന്റെ ജീവിതത്തിന്റെ ഉദ്ദേശ്യമെന്നും ഉമ്മയും ബാപ്പയും തുടക്കം മുതൽതന്നെ കുട്ടിയുടെ മനസ്സിൽ ഇട്ടു കൊടുക്കുകയും അതിനോടൊപ്പം ദുആ ചെയ്തുകൊണ്ടിരിക്കുകയും ചെയ്താൽ കുട്ടി ദീനിനു സേവനം ചെയ്യണം എന്ന ചിന്തയോടുകൂടി വളരുന്നതാണ്. ബിസിനസ്മാനാകണം, നല്ല സ്പോർട്ട്സുമാനാകണം, ഇന്ന വകുപ്പിൽ പോകണം എന്നുദ്ദേശ്യത്തോടെ അവൻ വളരുകയില്ല. മറിച്ച് താൻ വഖ്ഫെ നൗ ആണ്, ഏതു ഡിപ്പാർട്ടുമെന്റിൽ പോകണമെന്ന് ജമാഅത്താണ് പറയേണ്ടത്, കാലത്തിന്റെ ഖലീഫയാണ് പറയേണ്ടത് എന്നായിരിക്കും അവൻ പറയുന്നത്. തനിക്കിപ്പോൾ ദുൻയാവിന്റെ ഒരു ഉദ്ദേശ്യവുമില്ല. താൻ ജനിക്കുന്നതിനുമുമ്പേ തന്റെ ഉമ്മ പ്രതിജ്ഞ ചെയ്തു. താൻ ജനിക്കുന്നതിനുമുമ്പേ അവർ ദുആകളും ചെയ്തിരുന്നു. ദുൻയാവിനു പകരം ദീൻ അന്വേഷിക്കുന്നവിധം തനിക്കു ശിക്ഷണവും നല്കി. തന്റെ ഉമ്മ ചെയ്ത ദുആകൾ അല്ലാഹു കേൾക്കുകയും തന്റെ ശിക്ഷണത്തിനുവേണ്ടി ഉമ്മ ചെയ്ത പരിശ്രമങ്ങൾക്ക് അല്ലാഹു ഫലം നല്കുകയും ചെയ്തുവെന്നത് തന്റെ ഭാഗ്യമാണ്. താനിപ്പോൾ അത്യാഗ്രഹമോ മോഹമോ ഒന്നുംകൂടാതെ ദീനിനുവേണ്ടി മാത്രം തന്നെ വഖ്ഫു ചെയ്യുന്നു.

**ചോദ്യം:** വാഖ്ഫീനെ നൗഇന് തങ്ങളുടെ ഉള്ളിൽ എങ്ങനെയുള്ള ചിന്താഗതിയാണുണ്ടാക്കേണ്ടത്?

**ഉത്തരം:** തങ്ങൾ വഖ്ഫു ചെയ്താൽ ഭൗതികമായ നിലയിൽ എങ്ങനെ ജീവിക്കുമെന്ന വിചാരം ഒരു വഖ്ഫെ നൗ കുട്ടിക്കും ഉണ്ടാകാൻ പാടില്ല. അല്ലെങ്കിൽ മാതാപിതാക്കളെ സാമ്പത്തികമായി എങ്ങനെ സഹായിക്കുമെന്നോ മറ്റു വിധത്തിൽ ശാരീരമായി എങ്ങനെ സഹായിക്കുമെന്നോ എന്ന ദുർബോധനം മനസ്സിലുണ്ടാകാൻ പാടില്ല. ‘നിന്നെ ഞങ്ങൾ വഖ്ഫു ചെയ്തിരിക്കുകയാണെന്നും ഇനി നീ ഞങ്ങളുടെ അടുത്ത് ജമാഅത്തിന്റെ അമാനത്ത് മാത്രമാണെന്നും മറ്റു സഹോദരി സഹോദരന്മാർ ഞങ്ങൾക്ക് സേവനം ചെയ്തുകൊള്ളുമെന്നും നീ നിന്നെ കാലത്തിന്റെ ഖലീഫയ്ക്ക് സമർപിച്ചുകൊള്ളണമെന്നും അദ്ദേഹത്തിന്റെ കല്പനയനുസരിച്ച് നടക്കണം എന്നുമുള്ള കാര്യം മാതാപിതാക്കൾ കുട്ടിക്കാലം മുതൽ തങ്ങളുടെ വാഖ്ഫീനെ നൗ കുട്ടികൾക്ക് പറഞ്ഞുകൊടുക്കുക.

**ചോദ്യം:** അമീറുൽ മുഅ്മിനീൻ ജമാഅത്ത് നല്കുന്ന അലൗൺസിനെ സംബന്ധിച്ച് എന്താണ് നിർദേശിച്ചത്?

**ഉത്തരം:** ഭൗതിക വിദ്യാഭ്യാസം കരസ്ഥമാക്കിയ ചില ആൺകുട്ടികളും പെൺകുട്ടികളും ബാഹ്യമായി വലിയ ആവേശം കാണിക്കാറുണ്ട്. തങ്ങളുടെ സേവനങ്ങൾ സമർപിക്കുന്നു. പക്ഷേ, പിന്നീട് ജമാഅത്ത് നല്കുന്ന അലവൻസ് കൊണ്ടു ജീവിക്കാൻ പറ്റില്ലെന്ന് പറഞ്ഞ് സേവനം ഉപേക്ഷിക്കുന്ന ഉദാഹരണങ്ങളും മുമ്പിൽ വരുന്നുണ്ട്. ഒരു വലിയ ലക്ഷ്യം കരസ്ഥമാക്കുന്നതിന് ബുദ്ധിമുട്ടും ത്യാഗവും സഹിക്കേണ്ടി വരുന്നു. ‘ഭൗതികമായ സമ്പത്തിന്റേയും സാധനസാമഗ്രികളുടേയും അടിസ്ഥാനത്തിൽ തന്നെക്കാൾ താഴ്ന്നവരെ നോക്കേണ്ടതാണെന്നും ആത്മീയാടിസ്ഥാനത്തിൽ തന്നെക്കാൾ ഉയർന്നവരെ നോക്കേണ്ടതാണെന്നും ഭൗതികമായ ഓട്ടത്തിൽ വലിയവനാകുന്നതിനു പകരം ആത്മീയമായ ഓട്ടത്തിൽ വലിയവനാകാൻ ശ്രമിക്കുക’ എന്നുള്ള നബി(സ)തിരുമേനിയുടെ നിർദേശത്തെ മുന്നിൽവെക്കേണ്ടതാണ്.(ബുഖാരി കിതാബുർരിഖാഖ് ഹദീഥ് 6490)

**ചോദ്യം:** വഖ്ഫിനെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്താണ് പറഞ്ഞത്?

**ഉത്തരം:** ‘എന്റെ ജമാഅത്തിനോടു വസ്വിയ്യത്തു ചെയ്യുന്നതും അവർക്ക് ഇക്കാര്യം എത്തിക്കുന്നതും ഞാൻ എന്റെ നിർബന്ധകടമയായി മസ്സിലാക്കുന്നു; ഭാവിയിൽ ഇത് കേൾക്കാനും കേൾക്കാതിരിക്കാനും ഓരോരുത്തർക്കും അധികാരമുണ്ടായിരിക്കും. മോക്ഷം ആഗ്രഹിക്കുന്നവനും പരിശുദ്ധവും അനശ്വരവുമായ ജീവിതം അന്വേഷിക്കുന്നവനും അല്ലാഹുവിനുവേണ്ടി തന്റെ ജീവിതം വഖ്ഫു ചെയ്തുകൊള്ളട്ടെ. എന്റെ ജീവിതം എന്റെ മരണം എന്റെ ത്യാഗങ്ങൾ എന്റെ നമസ്കാരങ്ങൾ അല്ലാഹുവിനുവേണ്ടിയാണെന്നും ഹദ്റത്ത് ഇബ്റാഹീം (അ)നെപോലെ അസ്‌ലംത്തു ലി റബ്ബിൽ ആലമീൻ എന്ന് അവന്റെ ആത്മാവ് വളിച്ചുപറയുകയും ചെയ്യാൻ കഴിയുംവിധമുള്ള പദവിയും സ്ഥാനവും കാരസ്ഥമാക്കാനുള്ള ശ്രമത്തിലും ചിന്തയിലും ഓരോരുത്തരും കഴിയുക. അതായത് ഞാൻ എന്റെ റബ്ബിന്റെ അനുസരണശാലിയായി കഴിഞ്ഞിരിക്കുന്നു. പറഞ്ഞു, മനുഷ്യൻ അല്ലാഹുവിൽ തന്നെ കളയാത്തിടത്തോളം അല്ലാഹുവിൽ ആയിക്കൊണ്ട് മരിക്കാത്തിടത്തോളം പുതിയ ജീവിതം പ്രാപിക്കുകയില്ല. അല്ലാഹുവിനുവേണ്ടി ജീവിതം വഖ്ഫ് ചെയ്യുന്നത് ഞാൻ എന്റെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യമായി മനസ്സിലാക്കുന്നുവെന്ന് ഞാനുമായി ബന്ധം വെക്കുന്ന നിങ്ങൾ കാണുന്നു.(ഇതാണ് അടിത്തറ, ഇതാണ് ഉദ്ദേശ്യം)എന്റെ ഈ പ്രവൃത്തിയെ തങ്ങൾക്കായി ഇഷ്ടപ്പെടുകയും അല്ലാഹുവിനുവേണ്ടി ജീവിതം വഖ്ഫ് ചെയ്യുന്നത് പ്രിയങ്കരമായ കരുതുകയും ചെയ്യുന്നവർ നിങ്ങളിൽ എത്രപേരുണ്ടെന്ന് നിങ്ങളുടെ ഉള്ളിൽ നി ങ്ങൾ നോക്കുക.”(മൽഫൂദാത്ത് വാള്യം 2 പേജ് 100 1985 ലണ്ടൻ പതിപ്പ്)

**ചോദ്യം:** ബിംബാരാധനയ്ക്കു അമീറുൽ മുഅ്മിനീൻ നല്കിയ നിർവചനമെന്താണ്?

**ഉത്തരം:** ബിംബാരാധന എന്നു പറയുന്നത് മനുഷ്യൻ ഏതെങ്കിലും മരത്തേയോ കല്ലിനേയോ ആരാധിക്കലല്ല. പ്രത്യുത അല്ലാഹുവിന്റെ സാമീപ്യത്തിൽനിന്നു തടയുന്ന എല്ലാ ഓരോ വസ്തുക്കളും അതിനെ മുന്തിക്കുന്നതും ബിംബമാണ്.’ ചിലയിടത്ത് ഇക്കാലഘട്ടത്തിൽ നാടകങ്ങൾ ബിംബങ്ങളായിരിക്കുന്നു. ചിലയിടത്ത് ഇന്റർനെറ്റ് ബിംബമായിരിക്കുന്നു. ചിലയിടത്ത് ദുൻയാവ് സമ്പാദിക്കുക എന്നത് ബിംബമായിരിക്കുന്നു. ചിലയിടത്ത് ആഗ്രഹങ്ങൾ ബിംബമായിരിക്കുന്നു.

**ചോദ്യം:** വാഖ്ഫീനെ നൗഇനെ എങ്ങനെയാണ് തിരിച്ചറിയുക?

**ഉത്തരം:** വഖ്ഫെ നൗ അംഗമായിക്കൊണ്ട് അവർ വേർതിരിക്കപ്പെട്ടു എന്ന് ചില വാഖ്ഫീനെ നൗ അംഗങ്ങളുടെ മനസ്സിൽ തെറ്റു ധാരണകളുണ്ട്. വേർതിരിക്കപ്പെട്ടു എന്നതിൽ സംശയമില്ല. പക്ഷേ, ഈ വേർതിരിക്കപ്പെട്ടു എന്നതിനോടൊപ്പം അവരോടു അസാധാരണ നിലയിലുള്ള വേർതിരിഞ്ഞ പെരുമാറ്റം ഉണ്ടാകുകയില്ല. മറിച്ച് ഈ വേർതിരിവിനോടൊപ്പം അവരുടെ ത്യാഗങ്ങളുടെ നിലവാരം വർധിക്കണം. തങ്ങൾ വഖ്ഫെ നൗയിൽപ്പെട്ടവരായതുകൊണ്ട് തങ്ങൾക്ക് നാസ്വിറാത്താണെങ്കിൽ നാസ്വിറാത്തിന്റെ പരിപാടികളിലും അത്ഫാലാണെങ്കിൽ അത്ഫാലിന്റെ പരിപാടികളിലും ഖുദ്ദാമാണെങ്കിൽ ഖുദ്ദാമിന്റെ പരിപാടികളിലും പങ്കെടുക്കേണ്ട ആവശ്യമില്ലെന്നുള്ള ചിന്ത ചിലരുടെ മനസ്സിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. ആരുടെ എങ്കിലും മനസ്സിൽ ഇങ്ങനെയുള്ള ചിന്തയുണ്ടെങ്കിൽ ഇത് തികച്ചും തെറ്റായ ഭാവനയാണ്. ജമാഅത്തിന്റെ ഏത് അംഗവും എത്രത്തോളമെന്നാൽ ജമാഅത്തിന്റെ അമീറും തന്റെ പ്രായത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഉപസംഘടനയിലെ അംഗമാണ്. അതുകൊണ്ട് വഖ്ഫെ നൗ അംഗങ്ങളായ എല്ലാ ആൺകുട്ടികളും പെൺകുട്ടികളും പ്രായത്തിന്റെ അടിസ്ഥാനത്തിൽ അവർ തങ്ങളുടെ ഉപസംഘടനയിലെ അംഗമാണെന്ന കാര്യം ഓർക്കേണ്ടതാണ്. അവരുടെ പരിപാടിയിൽ പങ്കെടുക്കേണ്ടത് നിർബന്ധമാണ്. പങ്കെടുക്കാത്തവരെ കുറിച്ച് ബന്ധപ്പെട്ട സ്വദ്ർ റിപ്പോർട്ടു ചെയ്യേണ്ടതാണ്. ആ വഖ്ഫെ നൗ എന്നിട്ടും ശരിയാകുന്നില്ലെങ്കിൽ ആ ആൺകുട്ടിയെ അല്ലെങ്കിൽ പെൺകുട്ടിയെ അല്ലെങ്കിൽ യുവാവിനെ വഖ്ഫെ നൗ സ്കീമിൽനിന്ന് പുറത്താക്കുന്നതാണ്.

**ചോദ്യം:** വാഖ്ഫീനെ നൗ സ്പെഷ്യലാകേണ്ടതെങ്ങനെയാണ്?

**ഉത്തരം:** വഖ്ഫെ നൗ ഞാൻ പറഞ്ഞതുപോലെ വലിയ സ്പെഷ്യലാണ്. പക്ഷേ, സ്പെഷ്യൽ ആകുന്നതിന് അല്ലാഹുവുമായുള്ള ബന്ധത്തിൽ മറ്റുള്ളവരെക്കാൾ ഉയർന്നവരാണെന്ന് സ്ഥാപിച്ചു കാണിക്കേണ്ടിവരും. അപ്പോഴാണ് അവർ സ്പെഷ്യൽ എന്ന് പറയപ്പെടുന്നത്. അവരുടെ ആരാധനകളുടെ നിലവാരം മറ്റുള്ളവരെക്കാൾ വളരെ ഉയർന്നതാകണം. അപ്പോൾ അവർ സ്പെഷ്യൽ എന്ന് പറയപ്പെടും. അവർ ഫർള് നമസ്കാരത്തോടൊപ്പം നഫ്ലുകളും നമസ്കരിക്കുന്നവരാകണം. അപ്പോൾ അവർ സ്പെഷ്യൽ എന്ന് പറയപ്പെടും. അവരുടെ പൊതുവെയുള്ള സൽസ്വഭാവങ്ങളുടെ നിലവാരം ഏറ്റവും ഉയർന്ന പദവിയിലുള്ളതാകണം. സ്പെഷ്യലാകുന്നതിനുള്ള ഒരു അടയാളമാണിത്. അവരുടെ സംഭാഷണങ്ങളിലും സംസാരങ്ങളിലും മറ്റുള്ളവരെ അപേക്ഷിച്ച് വളരെ വ്യത്യാസമുണ്ട്. ശുദ്ധമായ ശിക്ഷണം നേടിയവരും ദീനിനെ ദുൻയാവിനെക്കാൾ എല്ലാ അവസ്ഥയിലും മുന്തിക്കുന്നവരുമാണെന്ന് വ്യക്തമായും അറിയാൻ കഴിയുമ്പോഴാണ്സ്പെഷ്യലാകുന്നത്.പെൺകുട്ടികളാണെങ്കിൽ അവരുടെ വസ്ത്രവും അസൂയപ്പെടുംവിധമുള്ള യഥാർഥ ഇസ്‌ലാമിക പർദയുടെ മാതൃകയും മറ്റുള്ളവർ കണ്ടിട്ട് -ഈ ചുറ്റുപ്പാടിൽ കഴിഞ്ഞിട്ടും അവരുടെ വസ്ത്രവും പർദയും യഥാർഥത്തിൽ അസാധാരണമാതൃകയാണെന്ന് അവർ പറയുമ്പോഴാണ് സ്പെഷ്യലാകുന്നത്. ആൺകുട്ടികളാണെങ്കിൽ അവിടേയും ഇവിടേയും തെറ്റായ പ്രവൃത്തിയിലേക്ക് നോക്കിനടക്കാതെ അവരുടെ ദൃഷ്ടികൾ ലജ്ജ കാരണത്താൽ കുനിഞ്ഞതായിരിക്കുമ്പോഴാണ് സ്പെഷ്യലാകുന്നത്. ഇന്റർനെറ്റിലും മറ്റു വസ്തുക്കളിലും വ്യർഥമായി കാര്യങ്ങൾ കാണുന്നതിനുപകരം ആ സമയം ദീനീപരമായ അറിവുകൾ കരസ്ഥമാക്കുന്നതിന്ചെലവഴിക്കുന്നവരാകുമ്പോഴാണ്സ്പെഷ്യലാകുന്നത്. ആൺകുട്ടികളുടെ മുഖാകൃതി മറ്റുള്ളവരിൽനിന്ന്വ്യതിരിക്തമായിരിക്കുമ്പോഴാണ്സ്പെഷ്യലാകുന്നത്. വഖ്ഫെനൗയിലെ ആൺകുട്ടികളും പെൺകുട്ടികളും നിത്യവും വിശുദ്ധ ഖുർആൻപാരായണം ചെയ്യുന്നവരും അതിലെ കല്പനകൾ അന്വേഷിച്ച് കണ്ടെത്തി അതനുസരിച്ച് പ്രവർത്തിക്കുന്നവരുമാകുമ്പോഴാണ് സ്പെഷ്യൽ എന്ന് പറയപ്പെടുന്നത്.

(തുടരും)

# ഖുത്ബ ജുമുഅ

**ആരുടെ കണ്ണുകളിലാണോ മറയുള്ളത്, ആരാണോ തങ്ങൾ വിശ്വസിക്കുകയില്ലെന്ന് തീരുമാനിച്ചിട്ടുള്ളത് അവർക്ക് അല്ലാഹുവിന്റെ സഹായങ്ങൾ കാണാൻ സാധിക്കുകയില്ല. ദൃഷ്ടാന്തങ്ങളും കാണാൻ കഴിയുകയില്ല. പ്രവാചകനിഷേധികളുടെ എപ്പോഴുമുള്ള രീതി ഇതുതന്നെയായിരുന്നു. ദൃഷ്ടാന്തങ്ങൾ കണ്ടാലും തങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചുതരിക എന്നായിരിക്കും അവർ പറയുന്നത്. അവർ അതിരുകടക്കുന്ന കാരണത്താൽ അവരുടെ മനസ്സുകളെ അല്ലാഹു അടച്ചിരിക്കുകയാണ്. പിന്നീട് അവർക്ക് സത്യത്തെ പ്രാപിക്കാൻ സാധിക്കുകയില്ല. ചില ഘട്ടങ്ങളിൽ നബിയെ പിന്തുണച്ചുകൊണ്ട് അല്ലാഹു അവരെത്തന്നെ ഗുണപാഠത്തിന് കുറിമാനമാക്കുന്നു.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സത്യത്തിനുള്ള തെളിവായി അല്ലാഹുവിന്റെ ഇന്നയിന്ന അടയാളങ്ങളും നബി(സ)തിരുമേനി പറഞ്ഞ ഇന്ന ഇന്ന അടയാളങ്ങളും ധാരാളമായി പൂർത്തിയായിട്ടുണ്ടെന്ന് പറയുകയുണ്ടായി. അവിടന്ന് ചെയ്തിട്ടുള്ള പ്രവചനങ്ങളും പുലർന്നു. പക്ഷേ, ഈ മതനേതാക്കന്മാർ സ്വയം വിശ്വസിച്ചില്ല, എന്നല്ല ജനങ്ങളെ വഴിപിഴപ്പിക്കുകയും ചെയ്തു. ഇപ്പോഴും വഴിപിഴപ്പിച്ചുകൊണ്ടേ പോകുകയാണ്.**

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവായി പ്രകടമായ ഈമാൻ ദൃഢീകരിക്കുന്ന അടയാളങ്ങളുടെ ചർച്ച.**

**നമ്മൾ നിത്യവും അല്ലാഹുവിന്റെ സഹായങ്ങളുടെ പുതിയതിൽ പുതിയതായ ദൃശ്യങ്ങൾ കാണുന്നു. ഇൻശാ അല്ലാഹ് മറ്റാളുകൾ, മറ്റു ജനതകൾ തികച്ചും നിസാരരായിത്തീരുന്ന ആ ദൃശ്യങ്ങളുടെ നാളുകളും അല്ലാഹു തീർച്ചയായും കൊണ്ടുവരുന്നതാണ്. പക്ഷേ, നമുക്ക് നമ്മുടെ ഉള്ളിലും നമ്മുടെ മക്കളുടെ ഉള്ളിലും ദീനിന്റെ ആത്മാവ് ഊതേണ്ട ആവശ്യമാണുള്ളത്. അതുമുഖേന അല്ലാഹു നമുക്ക് ഈ ദൃശ്യങ്ങൾ കാണിക്കുന്നതാണ്.**

**സഹായങ്ങൾ ഉണ്ടാകുന്നിടത്ത് എതിർപ്പുകളുമുണ്ടാകുന്നു. എക്കാലത്തും പ്രവാചകന്മാരുടെ ജമാഅത്തിന് ഇങ്ങനെയാണുണ്ടായിട്ടുള്ളത്. പക്ഷേ, ഈ എതിർപുകൾ ഭയപ്പെടുത്താറൊന്നുമില്ല. പ്രത്യുത ഈമാനിനെ ശക്തിപ്പെടുത്തുന്നു. ഈമാൻ വർധിക്കുന്നതിന് നിമിത്തമായിത്തീരുന്നു.**

**കുറച്ചുദിവസമായി റബ്വയിൽ തഹ്‌രീക്കെ ജദീദിന്റെ ഓഫീസുകളിലും സിയാവുൽഇസ്‌ലാം പ്രസ്സിലും സർക്കാറിന്റെ പോലീസു വകുപ്പിലെ കൗണ്ടർ ടെറ റിസ്റ്റ്(Counter Terrorist) റെയ്ഡ് ചെയ്തു. ഇതിനെ തുടർന്ന് തങ്ങൾ ഇക്കാര്യംകൊണ്ട് ഭയപ്പെടുന്നവരല്ല, പ്രത്യുത തങ്ങളുടെ ഈമാൻ ശക്തമാണ്, എപ്പോഴും അങ്ങനെത്തന്നെ ഉണ്ടാകുമെന്ന് റബ്വയിലെ സ്ത്രീകൾ ഉൾപ്പെട്ട ചിലയാളുകൾ പ്രതികരിക്കുകയും ചെയ്തു.**

**അൽജീരിയായിലും സർക്കാറിൽനിന്ന് അഹ്മദികളുടെമേൽ അക്രമം ഉണ്ടായിക്കൊണ്ടിരിക്കുന്നു.**

**അഹ്മദികൾ സർക്കാരിനെതിരെ ഗൂഢാലോചന നടത്തുന്നവരും കലഹമുണ്ടാക്കുന്നവരുമാണെന്ന് ആരോപണം ഉന്നയിക്കുന്നു. വാസ്തവത്തിൽ ലോകത്ത് ഒരിടത്തും ഒരു അഹ്മദിയും സർക്കാർ നിയമത്തിന്നെതിരെ പോരാടുന്നവരല്ല. സർക്കാറിനോടു പോരാടുന്നവരുമല്ല. ഞങ്ങൾ സമാധാനവും മൈത്രിയും സ്നേഹവും പ്രചരിപ്പിക്കുന്നവരാണ്. അതേ! അതിനുവേണ്ടി ത്യാഗങ്ങൾ വരിക്കേണ്ടിവന്നാൽ വരിക്കുകയും ചെയ്യും. ഇൻശാ അല്ലാഹ്.**

**പാക്കിസ്താനീ മൗലവിയാകട്ടെ, ഏതെങ്കിലും മതനേതാവാകട്ടെ, ഭൗതിക ശക്തികളാവട്ടെ, അല്ലാഹുവിന്റെ പക്കൽ അവർക്കൊന്നും ഒരു വിലയുമില്ല. അവർ ആടുകളെപ്പോലുള്ളവരാണ്. ഇവർക്കൊരിക്കലും അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിയിൽ തടസമാകാൻ സാധ്യമല്ല. പക്ഷേ, അതിനുവേണ്ടി നമ്മുടെ മൗലവിമാർ അവരെ തബ്‌ലീഗ് ചെയ്യട്ടെ, അഹ്മദിയ്യത്തിനെ പ്രചരിപ്പിക്കട്ടെ എന്നു കരുതി നമുക്ക് പരിമിതമാകാൻ പറ്റുകയില്ല. ഈ അഭിവൃദ്ധിയുടെ ഭാഗമാകണമെങ്കിൽ-ഭാഗമാകേണ്ടതാണ്- നമുക്കും നമ്മുടെ ദുആകളിലേക്ക് ശ്രദ്ധ തിരിക്കേണ്ടിവരും. നമ്മുടെ ആത്മീയത വർധിപ്പിക്കേണ്ടിവരും. അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കേണ്ടിവരും. ഇക്കാര്യങ്ങൾ അഹ്മദിയ്യത്തിനെതിരിലുള്ള എതിർപ്പും അവസാനിപ്പിക്കും. അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിയിലും നമ്മെ ഇൻശാ അല്ലാഹ് ഭാഗഭാക്കാക്കുന്നതായിരിക്കും. അല്ലാഹു നമുക്ക് ഈ സ്ഥാനം തന്നരുളുമാറാകട്ടെ.**

**സിഫ്നി സഫർ അഹ്മദ് സാഹിബ് മുബല്ലിഗ് ഇന്തോനേഷ്യയെ കുറിച്ചുള്ള അനുസ്മരണവും ജനാസ നമസ്കാരവും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 09-12-2016/1395 നുബുവ്വത്ത് 02**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ۔ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ۔
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ۔ اَلرَّحْمٰنِ الرَّحِيْمِ۔ مٰلِكِ يَوْمِ الدِّيْنِ۔
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ۔ اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ۔
صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ۔

ആരുടെ കണ്ണുകളിലാണോ മറയുള്ളത്, ആരാണോ തങ്ങൾ വിശ്വസിക്കുകയില്ലെന്ന് തീരുമാനിച്ചിട്ടുള്ളത് അവർക്ക് അല്ലാഹുവിന്റെ സഹായങ്ങൾ കാണാൻ സാധിക്കുകയില്ല. ദൃഷ്ടാന്തങ്ങളും കാണാൻ കഴിയുകയില്ല. പ്രവാചകനിഷേധികളുടെ എപ്പോഴുമുള്ള രീതി ഇതുതന്നെയായിരുന്നു. ദൃഷ്ടാന്തങ്ങൾ കരാലും തങ്ങൾക്ക് ദൃഷ്ടാന്തം കാണിച്ചുതരിക എന്നായിരിക്കും അവർ പറയുന്നത്. അവർ അതിരുകടക്കുന്ന കാരണത്താൽ അവരുടെ മനസ്സുകളെ അല്ലാഹു അടച്ചിരിക്കുകയാണ്. പിന്നീട് അവർക്ക് സത്യത്തെ പ്രാപിക്കാൻ സാധിക്കുകയില്ല. ചില ഘട്ടങ്ങളിൽ നബിയെ പിന്തുണച്ചുകൊണ്ട് അല്ലാഹു അവരെത്തന്നെ ഗുണപാഠത്തിന് കുറിമാനമാക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ എതിരാളികളും അത്തരക്കാരായിരുന്നു. ദൃഷ്ടാന്തം കണ്ടിട്ടും തങ്ങളുടെ ശാഠ്യം കാരണത്താൽ അവർക്ക് ഒരു അടയാളവും കാണാൻ കഴിഞ്ഞിരുന്നില്ല. അല്ലെങ്കിൽ ദൃഷ്ടി തിരിച്ചു കളയുമായിരുന്നു. പിന്നീട് അവരിലെ ചില കുഫ്റിന്റെ നേതാക്കന്മാർ ഗുണപാഠത്തിന് അടയാളമാകുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ സത്യത്തിനുള്ള തെളിവായി അല്ലാഹുവിന്റെ ഇന്നയിന്ന അടയാളങ്ങളും നബി(സ)തിരുമേനി പറഞ്ഞ ഇന്ന ഇന്ന അടയാളങ്ങളും ധാരാളമായി പൂർത്തിയായിട്ടുണ്ടെന്ന് പറയുകയുണ്ടായി. അവിടന്ന് ചെയ്തിട്ടുള്ള പ്രവചനങ്ങളും പുലർന്നു. പക്ഷേ, ഈ മതനേതാക്കന്മാർ സ്വയം വിശ്വസിച്ചില്ല, എന്നല്ല ജനങ്ങളെ വഴിപിഴപ്പിക്കുകയും ചെയ്തു. ഇപ്പോഴും വഴിപിഴപ്പിച്ചുകൊണ്ടേ പോകുകയാണ്. ഈ അടയാളങ്ങൾ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ജമാഅത്തിന്റെ സത്യതയ്ക്കുള്ള തെളിവായി വിവിധ അവസരങ്ങളിൽ വിവിധ അടയാളങ്ങൾ രേഖപ്പെടുത്തയിട്ടുണ്ട്. അവിടന്ന് വിവരിച്ച അടയാളങ്ങളിൽ- നബി(സ) തിരുമേനിയും അവയെ അടയാളമെന്ന് പറഞ്ഞിരിക്കുന്നു-ഒന്ന് സൂര്യചന്ദ്രഗ്രഹണമാണ്. അതായത് ചന്ദ്രനും സൂര്യനും ഗ്രഹണം ഉണ്ടാകുന്ന അടയാളം.

അവിടന്ന് പറഞ്ഞു: ഈ ദൃഷ്ടാന്തം പുലരാതിരുന്നപ്പോൾ മൗലവിമാർ കരഞ്ഞ് കരഞ്ഞ് ഈ ഹദീഥ് ചൊല്ലാറുണ്ടായിരുന്നു. ഈ ദൃഷ്ടാന്തം പുലർന്നപ്പോൾ -ഒരു പ്രാവശ്യമല്ല രണ്ടു പ്രാവശ്യം പുലർന്നു- ഒന്ന് ഈ രാജ്യത്ത് അതായത് ഇന്ത്യയിൽ. രണ്ടാമത്തെ പ്രാവശ്യം അമേരിക്കയിലും. അപ്പോൾ ഈ അടയാളം ചോദിച്ചുകൊണ്ടിരുന്നവർതന്നെ തങ്ങളുടെ സംസാരത്തിൽനിന്ന് തെന്നി മാറിക്കളഞ്ഞു. അടയാളം നിഷേധിക്കാൻ അവർക്കു കഴിഞ്ഞില്ല. കാരണം അത് വെളിപ്പെട്ടു കഴിഞ്ഞിരുന്നു. എന്നാൽ, പിടിവാശിയും ശാഠ്യവും അവർക്ക് തടസമായി. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: എന്റെ ഒരു സ്നേഹിതൻ പറഞ്ഞു, 'ഈ അടയാളം പുലർന്നപ്പോൾ ഗുലാം മുർത്തളാ എന്നു പേരുള്ള ഒരു മൗലവി ചന്ദ്രഗ്രഹണ നേരത്ത് തന്റെ തുടയിൽ കൈ അടിച്ചുകൊണ്ട് അതായത് വലിയ ദുഃഖവും വിഷമവും പ്രകടിപ്പിച്ചുകൊണ്ട് ഇനി ലോകം വഴിതെറ്റിപ്പോയെന്ന് വിളിച്ചു പറഞ്ഞു.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:'ചിന്തിക്കുവിൻ! അയാൾ അല്ലാഹുവിനെക്കാളധികം ജനങ്ങളുടെ ഗുണകാംക്ഷിയാണോ?' ഇപ്രകാരംതന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ പിന്തുണച്ചുകൊണ്ട് പ്ലേഗിന്റെ ദൃഷ്ടാന്തവുമുണ്ടായി. നദികൾ കീറപ്പെടുന്ന ദൃഷ്ടാന്തവുമുണ്ട്. ഇത് വിശുദ്ധ ഖുർആന്റെ പ്രവചനമാണ്. പുതിയ ജനവാസങ്ങളുടെ ദൃഷ്ടാന്തവുമുണ്ട്. പർവതങ്ങൾ കഷണമാക്കപ്പെടുന്ന ദൃഷ്ടാന്തങ്ങളുമുണ്ട്. ഗ്രന്ഥങ്ങളുടേയും പത്രങ്ങളുടേയും പ്രസിദ്ധീകരണത്തിന്റെ അടയാളങ്ങളുണ്ട്. പുതിയ യാത്രാവാഹനങ്ങളുണ്ട്. അങ്ങനെ നബി(സ)തിരുമേനി പറഞ്ഞ ധാരാളം ദൃഷ്ടാന്തങ്ങളുണ്ട്. അതിനെക്കറിച്ചുള്ള വാർത്ത വിശുദ്ധ ഖുർആനിലുമുണ്ട്. നബി(സ)തിരുമേനിയും അത് നല്കിയതാണ്.'(മൽഫൂദാത്ത് വാള്യം 9 പേജ് 157-158 1985 ലണ്ടൻ പതിപ്പ്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ജനങ്ങൾ അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളും സഹായങ്ങളും കാണുന്നതിനുപകരം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെമേൽ ആക്ഷേപങ്ങൾ ഉന്നയിക്കുന്നു. അത്ഭുതകരമായ ചെറിയ ചെറിയ ബലഹീനമായ പരിഹാസാക്ഷേ

പങ്ങൾ ഉന്നയിക്കുന്നു. അവിടന്ന് പറയുന്നു:'ഹദ്റത്ത് മസീഹ് മൗഊദ്(അ)ദൃഷ്ടാന്തത്തിനുമേൽ ദൃഷ്ടാന്തം കാണിച്ചു. മുഅ്ജിസത്തിനു മേൽ മുഅ്ജിസത്ത് കാണിച്ചു. ചിലയാളുകൾ വന്നു. വന്നിട്ട് അവർ പറഞ്ഞ ആക്ഷേപങ്ങൾ ഇത്തരത്തിലുള്ളതായിരുന്നു. ചിലർ പറഞ്ഞു, ഇയാളുടെ പഗഡി വളഞ്ഞതാണ്. ഇയാളെങ്ങനെ മസീഹ് മൗഊദാകാനാണ്? ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: അവിടന്ന് മുഅ്ജിസത്തിനുമേൽ മുഅ്ജിസത്തു കാണിച്ചു. ചിലർ വന്നിട്ടു ഇയാൾക്ക് 'ഖാഫ്'ശരിക്കുച്ഛരിക്കാൻ കഴിയില്ല, ഇയാളെവിടെന്ന് മസീഹ് മൗഊദാകാനാണ്? എന്ന് പറഞ്ഞു. അവിടന്ന് അടയാളത്തിനുമേൽ അടയാളം കാണിച്ചു. ചിലയാളുകൾ വന്നു ഇയാൾ തന്റെ ഭാര്യയ്ക്ക് ആഭരണമുണ്ടാക്കി എന്നു പറഞ്ഞു. ബാദാമും നെയ്യും സേവിക്കുന്ന ഇയാളെ തങ്ങൾ എങ്ങനെ വിശ്വസിക്കുമെന്ന് അവർ പറഞ്ഞു. ഇതൊക്കെയായിരുന്നു ആക്ഷേപങ്ങൾ. വീണ്ടും അവിടന്നു പറയുന്നു:'അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങളുടെ നേരെ കണ്ണടയ്ക്കാതിരിക്കുക. പറഞ്ഞു:'ധാരാളമാളുകൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വന്ന് എന്തെങ്കിലും അടയാളം കാണിക്കാൻ ആവശ്യപ്പെട്ടു. നിങ്ങൾ മുമ്പേപുലർന്ന ദൃഷ്ടാന്തങ്ങളിൽനിന്ന് എന്തു ഫലമെടുത്തുവെന്ന് അദ്ദേഹം ചോദിച്ചു. മുമ്പേപുലർന്ന ആയിരക്കണക്കിന് ദൃഷ്ടാന്തങ്ങളിൽനിന്ന് നിങ്ങൾ ഒരു ഫലവും എടുക്കാത്തസ്ഥിതിക്ക് വേറെ ദൃഷ്ടാന്തങ്ങളിൽനിന്ന് എന്തു ഫലമെടുക്കാനാണ്? അത്തരമാളുകൾ എപ്പോഴും നിർഭാഗ്യരായിരിക്കുന്നു. നിർഭാഗ്യരായിരിക്കാനാണ് അവരുടെ വിധി.'(ഖുത്ബാത്തെ മഹ്മൂദ് വാള്യം 11 പേജ് 224-225)

നിത്യവും പൂർത്തിയായിക്കൊണ്ടിരിക്കുന്ന ഒരു ഉഗ്രൻ ദൃഷ്ടാന്തമുണ്ട്. അതിനെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ബറാഹീനെ അഹ്മദിയ്യാ എന്ന ഗ്രന്ഥത്തിൽ അല്ലാഹു എന്നെ ഒരു ദുആ പഠിപ്പിക്കുന്നു. അതായത് ഇൽഹാം എന്ന നിലയിൽ. പറയുന്നു: *റബ്ബി ലാ തദ്റനീ ഫർദൻ വ അൻത ഖയ്റുൽ വാരിഥീൻ.* അതായത് എന്നെ തനിച്ച് വിട്ടു കളയരുതേ. ഒരു ജമാഅത്താക്കേണമേ.'ഈ തർജമ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വയം ചെയ്തതാണ്. പറയുന്നു: മറ്റൊരു സ്ഥലത്ത് പറഞ്ഞു: '*യഅ്ത്തീക്ക മിൻകുല്ലി ഫജ്ജിൻ അമീഖ്*. അതിഥികൾക്ക് നിർബന്ധമായിട്ടുള്ള ധനവും സാധനങ്ങളും എല്ലാ ഭാഗത്തുനിന്നും നിനക്ക് അല്ലാഹു സംഘടിപ്പിച്ചു തരുന്നതാണ്. അവർ എല്ലാ വഴികളിലൂടേയും നിന്റെയടുക്കൽ വരുന്നതാണ്.' പറഞ്ഞു: '*യഅ്ത്തൂന മിൻകുല്ലി ഫജ്ജിൻ അമീഖ്* എല്ലാ ഓരോ വഴികളിലൂടേയും എല്ലാ ഭാഗത്തുനിന്നും നിന്റെയടുക്കൽ അതിഥികൾ വരുന്നതാണ്. അവിടന്ന് പറഞ്ഞു: '26 വർഷം മുമ്പേയുള്ള പ്രവചനമാണിത്. (മൽഫൂദാത്ത് വാള്യം 9 പേജ് 161). അദ്ദേഹം അന്ന് ഇതു പറഞ്ഞത് ഇന്നുവരെ വളരെ പ്രൗഢിയോടെ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. ഇത് ജമാഅത്തിന്റെ പുരോഗതിയെ കുറിച്ചുള്ള പ്രവചനമാണ്. ഈ പ്രവചനം വളരെ തേജോവിലസത്തോടെ നിത്യവും പുലർന്നുകൊണ്ടിരിക്കുന്നത് നമ്മൾ കാണുന്നു. അദ്ദേഹത്തിന്റെ ജമാഅത്ത് ഓരോ ദിവസവും വളരുന്നതും സാമ്പത്തികത്യാഗത്തിൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നതും അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള ശക്തമായ തെളിവാണ്. ഒരു ദൃഷ്ടാന്തമാണ്. കണ്ണുകൾക്ക് കാഴ്ചയുള്ളവർക്കുമാത്രമേ അത് കാണാൻ കഴിയുകയുള്ളു. അന്ധന്മാർക്ക് കാണാൻ കഴിയുകയില്ല.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ), അഹ്മദിയ്യത്തിന്റെ വിജയത്തേയും ജമാഅത്തിന്റെ അഭിവൃദ്ധിയേയും കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ചില ഇൽഹാമുകൾ ഉദ്ധരിച്ച് വിവരിക്കുകയുണ്ടായി. അതിൽ ചിലത് ഞാൻ സമർപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു അല്ലാഹു നിരന്തരം പറയുകയുണ്ടായി, മുമ്പേയുണ്ടായിരുന്ന പ്രവാചകന്മാർക്ക് ത്യാഗങ്ങൾ ചെയ്യേണ്ടി വന്നിരുന്നതുപോലെ അഹ്മദിയ്യാ ജമാഅത്തിനും ചെയ്യേണ്ടിവരുന്നതാണ്. ഒരിക്കൽ താൻ നിളാമുദ്ദീന്റെ വീട്ടിൽ പ്രവേശിച്ചതായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ഒരു സ്വപ്നം കണ്ടു. നിളാമുദ്ദീൻ എന്നതിന്റെ അർഥം ദീനിന്റെ വ്യവസ്ഥിതി എന്നാണ്. ഈ സ്വപ്നത്തിന്റെ ഉദ്ദേശ്യം അവസാനം അഹ്മദിയ്യാ ജമാഅത്ത് ഒരു ദിവസം ദീനിന്റെ വ്യവസ്ഥിതി ആയിത്തീരുമെന്നാണ്. ലോകത്തിന്റേയും എല്ലാ വ്യവസ്ഥിതിയുടേയുംമേൽ വിജയം വരിക്കുന്നതാണ്. ഇൻശാ അല്ലാഹ്. എന്നാൽ, ഈ വിജയം ഏതുരീതിയിലാണുണ്ടാകുക. ഇതിനെ സംബന്ധിച്ച് സ്വപ്നത്തിൽ അവിടന്ന് പറയുന്നു: നാം ആ വീട്ടിൽ കുറച്ചൊക്കെ ഹസന്റെ രീതിയിലും കുറച്ചൊക്കെ ഹുസയ്ന്റെ രീതിയിലും പ്രവേശിക്കേണ്ടതാണ്. ഹദ്റത്ത് ഹസൻ(റ) ഉടമ്പടികളിലൂടേയും ഹദ്റത്ത് ഹുസയ്ൻ(റ) ശഹാദത്തിലൂടേയുമാണ് വിജയം കരസ്ഥമാക്കിയതെന്ന് ഏവർക്കു അറിയാവുന്നതാണ്.

നിളാമുദ്ദീന്റെ പദവിയിലേക്ക് ജമാഅത്ത് എത്തുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറയപ്പെട്ടുവെങ്കിലും കുറച്ചൊക്കെ ഉടമ്പടിയും സ്നേഹവും മൈത്രിയും മുഖേനയും കുറച്ചൊക്കെ ശഹാദത്തുകളും ത്യാഗങ്ങളും മുഖേനയുമായിരിക്കും അതുണ്ടാകുക. ഉടമ്പടിയും സ്നേഹവും മൈത്രിയും കൂടാതെ ഈ ജമാഅത്ത് പുരോഗതി പ്രാപിക്കുമെന്ന് നമ്മളിലാരെങ്കിലും മനസ്സിലാക്കുന്നെങ്കിൽ അയാൾ അബദ്ധമാണ് ചെയ്യുന്നത്. ത്യാഗങ്ങളും ശഹാദത്തുകളും കൂടാതെ ഈ ജമാഅത്ത് പുരോഗതിനേടുമെന്ന് ആരെങ്കിലും കരുതുന്നുവെങ്കിൽ അവനും തെറ്റാണ് ചെയ്യുന്നത്. നമുക്ക് ചിലപ്പോൾ ഉടമ്പടിയിലേക്കും ഐക്യത്തിലേക്കും പോകേണ്ടി വരും. ഇടയ്ക്ക് ഹുസയ്ന്റെ രീതിയും അവലംബിക്കേണ്ടിവരും. ഇതിന്റെ അർഥം നമ്മൾ ശത്രുവിന്റെ മുമ്പിൽ മരിക്കുക എന്നാണ്. എന്നാലും അവർ പറയുന്നത് കേൾക്കരുത്. ഈ രണ്ടു മാർഗങ്ങളും നമുക്ക് വിധിക്കപ്പെട്ടിട്ടുള്ളതാണ്. വെറും മസീഹിയ്യത്തുപരമോ വെറും മഹ്ദിവിയ്യത്ത് പരമോ ആയ പെരുമാറ്റമല്ല നമുക്കുവേണ്ടി വിധിക്കപ്പെട്ടിട്ടുള്ളത്. ഇതൊരു മദ്ധ്യമ മാർഗമാണ്. ഇതിലൂടെ നമുക്ക് നടക്കേണ്ടിവരും. ഒരു വിജയമുണ്ടാകും. രഞ്ജിപ്പോടും സ്നേഹത്തോടും അനുരക്തിയോടുംകൂടിയുള്ള ഒരു വിജയമുണ്ടാകും. അത് ത്യാഗങ്ങളോടുകൂടിയാണ് ഉണ്ടാവുക. അതിനു ശേഷമാണ് ജമാഅത്ത് നിളാമുദ്ദീന്റെ വീട്ടിൽ പ്രവേശിക്കുന്നത്. അത് വിജയം കരസ്ഥമാക്കുന്നതായിരിക്കും.' (തഫ്സീറെ കബീർ, വാള്യം 7, പേജ് 583). ഈ രണ്ട് കാര്യങ്ങളുടെയും മാതൃകയാണ് ഇന്ന് നമ്മൾ കണ്ടുവരുന്നത്. ജമാഅത്തംഗങ്ങൾ അത് കാണിച്ചുകൊണ്ടിരിക്കുന്നു. രഞ്ജിപ്പിന്റേയും സമാധാനത്തിന്റേയും ഐക്യത്തിന്റേയും സന്ദേശവും നമ്മൾ പ്രചരിപ്പിച്ചു വരുന്നുണ്ട്. ദീനിനുവേണ്ടി ത്യാഗങ്ങളും ജമാഅത്ത് നൽകിക്കൊണ്ടിരിക്കുന്നു.

വീണ്ടും അവിടന്ന് ഒരിടത്ത് പറഞ്ഞു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാമുണ്ടാകുകയും അത് കാണിക്കപ്പെടുകയും ചെയ്തു. ഇത് ആ ഇൽഹാമിന്റെ അല്പം കൂടുതലായ വിശദീകരണമാണ്. മസ്ജിദ് മുബാറക്കിന്റെ അടുത്തുള്ള വീടാണിത്. (മിർസാ നിളാമുദ്ദീന്റെ വീടായിരുന്നു അത്) അതിൽ നമ്മൾ കുറച്ച് ഹസന്റെ രീതിയിലും കുറച്ച് ഹുസൈന്റെ രീതിയിലും പ്രവേശിക്കുന്നതാണ്. ഈ ഇൽഹാമിന്റെ ഉദ്ദേശ്യമെന്താണെന്നോർത്ത് ഒരുപാടാളുകൾ അത്ഭുതപ്പെടുകയാണ്.' ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഞാൻ നേരിട്ട് ഹദ്റത്ത് സാഹിബിൽനിന്ന് (ഹദ്റത്ത് മസീഹ് മൗഊദിൽനിന്ന്) കേട്ടതാണ്. അവിടന്ന് പറഞ്ഞു: 'ഈ ഇൽഹാമിന്റെ ഉദ്ദേശ്യമെന്താണെന്ന് മനസ്സിലായില്ല. പക്ഷേ, സമയം വരുമ്പോൾ അതിന്റെ അർഥം തുറക്കപ്പെടുന്നതാണ്.' (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 3, പേജ് 39-40)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പയുന്നു: ഹദ്റത്ത് മസീഹ് മൗഊദ്(അ)അദ്ദേഹത്തോിനോടൊപ്പം ആരുമില്ലാതിരുന്ന കാലഘട്ടത്തിൽ പറഞ്ഞു: 'അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. നിന്റെ ജമാഅത്ത് എത്രത്തോളം പുരോഗതിപ്രാപിക്കുമെന്നാൽ ലോകത്തുള്ള മറ്റു ജനതകൾ, ഇക്കാലത്ത് സ്വന്തമായി വീടില്ലാതെ പഴയകാല ജനതകൾ അലഞ്ഞുതിരിഞ്ഞ് നടക്കുന്നതുപോലെ ആയിത്തീരുന്നതാണ്. (മിൻഹാജുത്വാലിബീൻ, അൻവാറുൽഉലൂം വാള്യം 9 പേജ് 213)

നമ്മൾ നിത്യവും അല്ലാഹുവിന്റെ സഹായങ്ങളുടെ പുതിയതിൽ പുതിയതായ ദൃശ്യങ്ങൾ കാണുന്നു. ഇൻശാ അല്ലാഹ് മറ്റാളുകൾ, മറ്റു ജനതകൾ തികച്ചും നിസാരരായിത്തീരുന്ന ആ ദൃശ്യങ്ങളുടെ നാളുകളും അല്ലാഹു തീർച്ചയായും കൊണ്ടുവരുന്നതാണ്. പക്ഷേ, നമുക്ക് നമ്മുടെ ഉള്ളിലും നമ്മുടെ മക്കളുടെ ഉള്ളിലും ദീനിന്റെ ആത്മാവ് ഊതേണ്ട ആവശ്യമാണുള്ളത്. അതുമുഖേന അല്ലാഹു നമുക്ക് ഈ ദൃശ്യങ്ങൾ കാണിക്കുന്നതാണ്. സഹായങ്ങൾ ഉണ്ടാകുന്നിടത്ത് എതിർപ്പുകളുമുണ്ടാകുന്നു. എക്കാലത്തും പ്രവാചകന്മാരുടെ ജമാഅത്തിന് ഇങ്ങനെയാണുണ്ടായിട്ടുള്ളത്. പക്ഷേ, ഈ എതിർപുകൾ ഭയപ്പെടുത്താറൊന്നുമില്ല. പ്രത്യുത ഈമാനിനെ ശക്തിപ്പെടുത്തുന്നു. ഈമാൻ വർധിക്കുന്നതിന് നിമിത്തമായിത്തീരുന്നു.

കുറച്ചുദിവസമായി റബ്‌വയിൽ തഹ്‌രീക്കെ ജദീദിന്റെ ഓഫീസുകളിലും സിയാവുൽഇസ്‌ലാം പ്രസ്സിലും സർക്കാറിന്റെ പോലീസു വകുപ്പിലെ കൗണ്ടർ ടെററിസ്റ്റ്(Counter Terrorist) റെയ്ഡ് ചെയ്യുകയും-ടെററിസ (Terrorism) ത്തിന്നെതിരെ പോരാടാനും അതിനെ നശിപ്പിക്കാനുംവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണിത്- രണ്ടു മുറബ്ബിമാരേയും കുറച്ചു ഉദ്യോഗസ്ഥരേയും പിടിച്ചുകൊണ്ടുപോകുകയും ചെയ്തു. ഇതിനെ തുടർന്ന് തങ്ങൾ ഇക്കാര്യംകൊണ്ട് ഭയപ്പെടുന്നവരല്ല, പ്രത്യുത തങ്ങളുടെ ഈമാൻ ശക്തമാണ്, എപ്പോഴും അങ്ങനെത്തന്നെ ഉണ്ടാകും, ഈ സംഭവങ്ങൾ കണ്ടും തങ്ങൾ എല്ലാ ബുദ്ധിമുട്ടുകളേയും നേരിടുകയും ത്യാഗങ്ങൾ വരിക്കുകയുംചെയ്യുമെന്ന് റബ്‌വയിലെ സ്ത്രീകൾ ഉൾപ്പെട്ട ചിലയാളുകൾ എനിക്ക് കത്തെഴുതിയിട്ടുണ്ട്. ഈ ആത്മാവാണ് മുഅ്മിനീംകളിൽ ഉണ്ടായിരിക്കേണ്ടത്. ഇക്കാര്യങ്ങളെ കുറിച്ചാണ് നിങ്ങൾക്കു ചെയ്യേണ്ടിവരുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞത്. അല്ലാഹുവിന്റെ വാഗ്ദാനങ്ങളും നിരവധി സഹായങ്ങളുടെ ദൃശ്യങ്ങളും നമ്മൾ കാണുന്നു. തീർച്ചയായും അന്തിമവിജയം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്തിനാണ്. എതിർപ്പുകൾ ഉണ്ടാകുന്നു. ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യും. ഈ ആക്രമിക്കുന്നവർ, റയ്ഡ്(Raid)ചെയ്യുന്നവർ (ആക്രമണം എന്ന് പറയാൻ പാടില്ല റയ്ഡ്(Raid) ചെയ്യുന്നവർ എന്ന് പറയേണ്ടതാണ്). ഈ പാവത്തുങ്ങൾക്കും ഏറ്റവും കൂടുതൽ ഭയം ടെറർ(Terror)അഹ്മദികൾ കാരണത്താലാണ്. കാരണം അല്ലുഹുവിനോടുള്ള ഭയം മനസ്സിലുണ്ടാക്കുക എന്നാണ് അഹ്മദികൾ പറയുന്നത്. അഹ്മദി അല്ലാഹുവിനെക്കൊണ്ട് ഭയപ്പെടുത്തുന്നു. അല്ലാഹുവിന്റെ പിടിത്തത്തിൽനിന്ന് രക്ഷപ്പെടാനും അവനെ ഭയപ്പെടാനുമാണ് നമ്മൾ പറയുന്നത്. അക്കൂട്ടരുടെ പക്കൽ അഹ്മദികൾ എങ്ങനെയാണ് അത്തരം കാര്യങ്ങൾ പറയുക? അഹ്മദികൾ തങ്ങളെ അല്ലാഹുവിനെതൊട്ട് ഭയപ്പെടുത്തുകയോ!. അപ്പോൾ ഇവരേക്കാൾ വലിയ ഭീകരവാദികൾ മറ്റാരാകാനാണ്? അതുകൊണ്ട് അവരെ പിടിക്കുകയും അവരെ ഉന്മൂലനം വരുത്തുകയും ചെയ്യുക.

അല്ലാഹു അവർക്ക് ബുദ്ധി നൽകുകയും ഈ യാഥാർത്ഥ്യം മനസ്സിലാക്കുന്നവരാക്കുകയും ചെയ്യുമാറാകട്ടെ. രാജ്യത്ത് കലാപം പരത്തിയിരിക്കുന്ന യഥാർഥ ഭീകരവാദികളായ ഈ മൗലവിമാരിൽനിന്ന് അല്ലാഹു രാജ്യത്തെ രക്ഷിക്കുമാറാകട്ടെ. ഒരു ജീവനും അവരിൽനിന്ന് സുരക്ഷിതമല്ല. ഭീകരവാദികളെ നശിപ്പിക്കുന്നതിനുള്ള ഈ പ്രത്യേക പോലീസിനും സമാധാനനിർഭരവും രാജ്യത്തെ സേവിക്കുന്നവരും രാജ്യത്തിന്റെ നിയമങ്ങളെ പാലിക്കുന്നവരുമായ അഹ്മദികളുടെ മേൽ കൈവെക്കുന്നതിനു പകരം ഇത്തരക്കാരെ നേരിടുന്നതിനും അവരെ പിടിക്കുന്നതിനും ധൈര്യം നല്കുമാറാകട്ടെ. അവരുടെ കൈയിൽനിന്ന് പൊതുജനങ്ങൾക്ക് ഒരു സുരക്ഷയുമില്ല. അവർ രാജ്യത്തിന്റെ വേര് അന്തഃശൂന്യമാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഇരുകൈകൊണ്ടും രാജ്യത്തെ കൊള്ളയടിച്ചുകൊണ്ടിരിക്കുന്നവരേയും പിടിക്കുമാറാകട്ടെ. അല്ലാഹു പാക്കിസ്താനെ സുരക്ഷിതമാക്കി വെക്കുകയും ഈ അക്രമികളുടെ നീരാളിപിടിത്തത്തിൽനിന്ന് രക്ഷിക്കുകയും ചെയ്യാൻ അഹ്മദികളായ നമ്മൾ ദുആ ചെയ്യേണ്ടതാണ്. പിന്നെ ത്യാഗങ്ങളെ സംബന്ധിച്ചിടത്തോളം അത് അഹ്മദികൾ നല്കുന്നുണ്ട്. നല്കിക്കൊണ്ടിരിക്കുകയും ചെയ്യും. ഈ ത്യാഗങ്ങളിൽ ഇൻശാ അല്ലാഹു എത്രയുംവേഗം അല്ലാഹു ഫലം പിടിപ്പിക്കുന്നതാണ്.

ഇപ്രകാരം അൽജീരിയായിലും സർക്കാറിൽനിന്ന് അഹ്മദികളുടെമേൽ അക്രമം ഉണ്ടായിക്കൊണ്ടിരിക്കുന്നു. അല്ലാഹു അവരേയും കാത്തുരക്ഷിക്കുമാറാകട്ടെ. അവരുടെ പാദങ്ങൾ ഉറപ്പിച്ചുനിറുത്തുമാറാകട്ടെ. അഹ്മദികൾ സമാധാനനിർഭരരും നിയമം പാലിക്കുന്നവരുമാണെന്ന യാഥാർഥ്യം മനസ്സിലാക്കാൻ അവിടെത്തെ സർക്കാറിനും ബുദ്ധി നല്കുമാറാകട്ടെ. അഹ്മദികൾ സർക്കാരിനെതിരെ ഗൂഢാലോചന നടത്തുന്നവരും കലഹമുണ്ടാക്കുന്നവരുമാണെന്ന് ആരോപണം ഉന്നയിക്കുന്നു. വാസ്തവത്തിൽ ലോകത്ത് ഒരിടത്തും ഒരു അഹ്മദിയും സർക്കാർ നിയമത്തിന്നെതിരെ പോരാടുന്നവരല്ല. സർക്കാറിനോടു പോരാടുന്നവരുമല്ല. ഞങ്ങൾ സമാധാനവും മൈത്രിയും സ്നേഹവും പ്രചരിപ്പിക്കുന്നവരാണ്. അതേ! അതിനുവേണ്ടി ത്യാഗങ്ങൾ വരിക്കേണ്ടിവന്നാൽ വരിക്കുകയും ചെയ്യും. ഇൻശാ അല്ലാഹ്.

വീണ്ടും ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഉദ്ധരണികളിലേക്ക് വരികയാണ്. അവിടന്ന് പറയുന്നു 'ലോകത്ത് ഏറ്റവും വലിയ ഭയാനകമായ എതിർപ്പ് ബന്ധുക്കളുടേതാണ്. ഏറ്റവും വലിയ എതിർപ്പ് മാന്യന്മാരുടേയും ബന്ധുക്കളുടേതുമാണെന്ന് പഞ്ചാബിയിൽ പ്രസിദ്ധമായ ഒരു ആപ്തവാക്യവുമുണ്ട്. കാരണം തങ്ങളിൽനിന്ന് എഴുന്നേറ്റുനിന്നുകൊണ്ട് ഒരു വ്യക്തി ലോകത്ത് വലുപ്പവും ആദരവും കരസ്ഥമാക്കുക എന്നത് അവർക്ക് സഹിക്കാൻ പറ്റുകയില്ല. ഇതിനുവേണ്ടി ലോകത്തിലെ മുക്കിലും മൂലയിലും തമ്മിലടിച്ച് മരിക്കുന്നവർക്ക്, ലോകം മുഴുവനും ഒരാളുടെ കൈയിൽ വരിക എന്നത് എങ്ങനെ സഹിക്കാനാണ്? അതുകൊണ്ട് എങ്ങനേയും അയാളെ അടിച്ചമർത്തുന്നതിന് സർവശക്തിയും പ്രയോഗിക്കുന്നു. അവസാനം നിരാലംബരാവുകയും ഒന്നും ചെയ്യാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ അവരും ഏതെങ്കിലും തര

ത്തിൽ ഹൃദയത്തിന്റെ കൊടും പനി പുറത്തുകളയാൻ ശ്രമിക്കുന്നതാണ്.' അവിടന്ന് പറയുന്നു: 'ഹദ്റത്ത് ഖലീഫ അവ്വൽ(റ) പറയുന്നു: 'ശാഹ്പൂരിലെ ഭരണാധികാരികളിൽ ആർക്കോ ഖാൻ ബഹാദുറിന്റെ ബഹുമതി പട്ടം കിട്ടി. അപ്പോൾ അതേ കുടുംബത്തിൽനിന്നുള്ള വളരെ ദരിദ്രയായ ഒരു സ്ത്രീ തന്റെ മകന് ഖാൻ ബഹാദൂർ എന്നുപേരിട്ടു. നിങ്ങളിത് എന്താണ് ചെയ്തതെന്ന് അവരോട് ചോദിക്കപ്പെട്ടു. ഈ പേര് വെക്കാനുള്ള കാരണമെന്താണ്? അവർ പറഞ്ഞു: 'എന്റെ ഈ മകൻ വലുതായിട്ട് എന്തായിത്തീരുമെന്ന് എനിക്കറിയില്ല. പക്ഷേ, ജനങ്ങൾ അവന്റെ പേരു വിളിക്കുമ്പോൾ ഏതുപോലെ അവന്റെ ബന്ധുക്കളെ ഖാൻ ബഹാദൂർ എന്നുവിളിക്കുന്നുവോ അതുപോലെ ഇവനേയും വിളിക്കും.' മറ്റൊന്നും ചെയ്യാൻ കഴിയാത്തവർ ഇങ്ങനെ പേരു വെച്ച് തൃപ്തി അടയുന്നു.' അവിടന്ന് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദം പുറപ്പെടുവിച്ചപ്പോൾ അവിടത്തെ ബന്ധുക്കളിൽനിന്നും ഒരു വ്യക്തി ഇമാമാണെന്ന് വാദിച്ചു.' (ബന്ധുക്കളുടെ കാര്യമാണിത്. അപ്പോൾ ബന്ധുക്കളിൽനിന്നുള്ള ആരോ താങ്കൾ വാദിക്കുകയും താങ്കളിലേക്ക് ജനങ്ങൾ തിരഞ്ഞുകൊണ്ടിരിക്കുകയും ചെയ്യുന്നു. അതുകൊണ്ട് താനും വാദിക്കുന്നുവെന്ന് പറഞ്ഞു). ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഫാർസിയിലെ ഉദാഹരണം നൽകുന്നു. 'ഫിക്ർ ഹർ കസർ ബ ഖദരെ ഹിമ്മത്ത് ഹോസ്ത്' എല്ലാ ഓരോരുത്തരുടേയും ചിന്തകളും വിചാരങ്ങളും അവന്റെ ധൈര്യവും രീതിയുമനുസരിച്ചായിരിക്കും.' അവിടന്ന് പറയുന്നു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാദം താൻ മുഴുലോകത്തിനും നീതിമാനായ വിധികർത്താവായിക്കൊണ്ട് (ഹക്കം)അയക്കപ്പെട്ടിരിക്കുന്നു എന്നതായിരുന്നു. താഴത്തെ നിലയിലുള്ള ആളുകൾക്കുവേണ്ടി മാത്രമല്ല മറിച്ച് വലിയ വലിയ രാജാക്കന്മാരുടേയും നിർബന്ധകടമയാണ് തന്നെ പിൻപറ്റുക എന്നും അവിടന്ന് പറഞ്ഞു. പക്ഷേ, അദ്ദേഹത്തിന്റെ ബന്ധുവായ ആൾ അതിനെ 'പേര് വെച്ച് തൃപ്തിയടയുക' എന്നതുപോലുള്ള കാര്യമായിട്ടാണ് കണ്ടത്. ആ ബന്ധു വാദിക്കുകയും ചെയ്തു. തോട്ടികളുടെ ഇമാമാണെന്നാണ് വാദിച്ചത്. ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദിച്ചപ്പോൾ ഇംഗ്ലീഷുകാരുടെ രാജാവിന്റേയും നിർബന്ധകടമയാണ് തന്നെ വിശ്വസിക്കേണ്ടതെന്നാണ് എഴുതിയത്. അങ്ങനെ നേരിട്ട് രാജ്ഞിക്കെഴുതി അയച്ചുകൊടുത്തു. അവരായിരുന്നു അക്കാലത്തെ രാജാവ്. അതിന്നെതിരിൽ തോട്ടികളുടെ ഇമാമാണെന്ന് വാദിച്ചയാളുടേയും അയാളുടെ ജമാഅത്തിന്റേയും അവസ്ഥയും ധൈര്യവും എന്തായിരുന്നുവെന്നാൽ സബ്ഇൻസ്പെക്ടർ ഇവിടെവന്ന് താങ്കൾ എന്തെങ്കിലും വാദിച്ചിട്ടുണ്ടോ എന്നു ചോദിച്ചപ്പോൾ താൻ അങ്ങനെ വാദമൊന്നും ചെയ്തിട്ടില്ലെന്നും ആരോ വെറുതെ റിപ്പോർട്ട് നൽകിയതാണെന്നുമാണ് അയാൾ പറഞ്ഞത്. അപ്പോൾ കുടുംബക്കാരുടേതാണ് ഏറ്റവും വലിയ എതിർപ്പ്.'(ഖുത്ബാത്തെ മഹ്മൂദ്, വാല്യം 3, പേജ് 38-39)

അവിടന്ന് പറയുന്നു: 'ബന്ധുക്കൾ പ്രത്യേകിച്ചും അവർ എതിരാളികളാകുമ്പോൾ ശക്തമായി എതിർക്കുന്നു. ഇക്കാരണത്താൽ പിന്നീട് അനുവദനീയവും അല്ലാത്തതുമായ മാർഗത്തിൽ നഷ്ടം വരുത്താൻ ശ്രമിക്കുകയും ചെയ്യുന്നു.' ഇത് പറഞ്ഞതിനുശേഷം അവിടന്ന് പറയുന്നു: 'ഞങ്ങൾക്ക് ഡസൻ കണക്കിന് ബന്ധുക്കളുണ്ട്. അഹ്മദിയ്യത്ത് കാരണത്താൽ അവർ ബന്ധം വിച്ഛേദിച്ചു. ഞങ്ങളുമായി കൂടിച്ചേരാൻ ആഗ്രഹിക്കാത്തതുകൊണ്ടല്ല, മറിച്ച് അവർ കൂടിച്ചേരാൻ പാടില്ലാത്തതുകൊണ്ടാണ്. ഞങ്ങൾക്ക് ഒരു തായിസാഹിബ (ജേഷ്ഠന്റെ ഭാര്യ) ഉണ്ടായിരുന്നു. അവർ പിന്നീട് അഹ്മദിയായി. അവർ ഞങ്ങളെ അതുമിതും പറയുമായിരുന്നു.' അവിടന്ന് പറയുന്നു: 'എനിക്ക് ഓർമയുണ്ട്. ഒരിക്കൽ എന്റെ പ്രായം ആറോ ഏഴോ വയസ്സാണ്. ഞാൻ കോണി കയറിപ്പോവുകയായിരുന്നു. അപ്പോൾ അവർ എന്നെ നോക്കിക്കൊണ്ട് ഇങ്ങനെ പറയാൻ തുടങ്ങി. 'ജി ഹൂം ജിയാ കാ ഓഹോ ജിയെകോകൊ' ആ വാക്യം എത്രമാത്രം ആവർത്തിച്ചെന്നാൽ എനിക്കത് മനഃപാഠമായി. ഞാൻ വീട്ടിൽപോയി കാര്യം പറഞ്ഞു. ഇതിന്റെ ഉദ്ദേശ്യമെന്താണെന്ന് ചോദിച്ചപ്പോൾ ഏതുപോലെ നിന്റെ പിതാവ് മോശക്കാരനാണോ അതുപോലെ മകനും മോശക്കാരനാണെന്നാണ് പറഞ്ഞതെന്ന് അവർ പറഞ്ഞു. അവിടന്ന് പറയുന്നു: 'ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ബഹിഷ്കരിച്ചു. അവിടത്തെ വീട്ടിൽ ജോലി ചെയ്യുന്ന ആളുകളെ തടഞ്ഞു. അലക്കുകാർ തടയപ്പെട്ടു. അടിച്ചുവാരാൻ വരുന്നവർ തടയപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഏറ്റവും പ്രിയപ്പെട്ട ജ്യേഷ്ഠന്റെ ഭാര്യയും മറ്റു പ്രിയപ്പെട്ട ബന്ധുക്കളും എത്രത്തോളമെന്നാൽ അദ്ദേഹത്തിന്റെ അമ്മാവന്റെ മകൻ അലി ശേറും എല്ലാവരും പലരീതിയിലും ഞങ്ങളെ ബുദ്ധിമുട്ടിച്ചു.' പറയുന്നു: 'ഒരു പ്രാവശ്യം ഗുജറാത്ത് പ്രദേശത്തുള്ള കുറച്ച് സ്നേഹിതന്മാർ അവർ ഏഴ് സഹോദരന്മാരായിരുന്നു, ഖാദിയാനിൽ വന്നു. അവർ ഹദ്റത്ത് മസീഹ് മൗഊദിന്റെ ശിഷ്യന്മാരായതുകൊണ്ട് തോട്ടത്തിലേക്ക് പോകാൻ അവർ ആഗ്രഹിച്ചു. അത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ തോട്ടമായിരുന്നു.'അവിടന്ന് പറയുന്നു: 'വഴിയിൽ ഞങ്ങളുടെ ഒരു ബന്ധു തോട്ടം നനയ്ക്കുകയായിരുന്നു. നിങ്ങൾ എവിടെന്നാണ് വരുന്നത് ? എന്തിനാണ് വന്നത്? എന്ന് അദ്ദേഹം അവരോട് ചോദിച്ചു. അവർ ഗുജറാത്തിൽനിന്ന് അതിഥികളായി വന്നതായിരുന്നു. അവർ പറഞ്ഞു: 'ഗുജറാത്തിൽനിന്ന് മിർസാ സാഹിബിനെ കാണാൻ വന്നതാണ്.' താൻ അയാളുടെ അമ്മാവന്റെ മകനാണെന്നും അയാൾ അങ്ങനെയാണെന്നും ഇങ്ങനെയാണെന്നും എനിക്ക് നല്ലപോലെ അയാളെ അറിയാമെന്നുമൊക്കെ അയാൾ പറഞ്ഞു. അവരിൽപെട്ട ഒരാൾ അയാൾ മറ്റുള്ളവരിൽനിന്ന് കുറച്ച് മുന്നിലായിരുന്നു. അയാളെ കടന്നുപിടിച്ചു. തന്റെ സഹോദരങ്ങളോട് (ബാക്കിയുള്ളവരോട്) പെട്ടെന്ന് വരിക എന്ന് വിളിച്ചുപറഞ്ഞു. അപ്പോൾ അയാൾ പരിഭ്രമിച്ചുപോയി. ആ അഹ്മദി പറഞ്ഞു: ഞാൻ തന്നെ അടിക്കില്ല. കാരണം താൻ മസീഹ് മൗഊദ്(അ)ന്റെ ബന്ധുവാണ്. ഞാൻ എന്റെ സഹോദരങ്ങൾക്ക് താങ്കളുടെ രൂപം കാണിച്ചുകൊടുക്കാനാണ് വിളിച്ചത്. കാരണം ശയ്ത്താനെ കാണാൻ കഴിയുകയില്ലെന്ന് ഞങ്ങൾ കേട്ടിട്ടുണ്ട്. എന്നാൽ, ഇന്ന് ശയ്ത്താൻ എങ്ങനെയാണെന്ന് ഞങ്ങൾ കണ്ടിരിക്കുന്നു.' (അൽ ഫദ്ൽ ദിനപത്രം, 12.4.1935)

വീണ്ടും അവിടന്ന് പറഞ്ഞു: 'നിന്നെക്കൂടാതുള്ള ഈ കുടുംബത്തിലെ തലമുറകൾ വിച്ഛേദിക്കപ്പെടുമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറയപ്പെട്ടു. (എതിർപ്പുകളുണ്ടായി. എല്ലാം സംഭവിച്ചു. പക്ഷേ, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സമാധാനിപ്പിച്ചു. പറഞ്ഞു, ഇനി തലമുറ നിന്നിൽ നിന്നായിരിക്കും തുടങ്ങുന്നത്. മറ്റുള്ളതെല്ലാം മുറിക്കപ്പെട്ടതായിത്തീരും.) അങ്ങനെതന്നെ സംഭവിച്ചു. ഇപ്പോൾ ഈ കുടുംബത്തിലുള്ളവർ അഹ്മദിയ്യ ജമാഅത്തിൽ പ്രവേശിച്ചവർ മാത്രമാണ്. മറ്റുള്ളവരുടെ എല്ലാം തലമുറ വിച്ഛേദിക്കപ്പെട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)വാദിച്ചപ്പോൾ ആ കുടുംബത്തിൽ എഴുപതോളം പുരുഷന്മാരുണ്ടായിരുന്നു. പക്ഷേ, ഇപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശാരീരികവും ആത്മീയവുമായ സന്താനങ്ങളല്ലാതെ ആ എഴുപതിൽ ഒരു സന്താനവുമില്ല. വാസ്തവത്തിൽ അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പേര് വിപാടനം ചെയ്യുന്നതിനുവേണ്ടി ചെയ്യാവുന്നതൊക്കെ ചെയ്തവരായിരുന്നു. പൂർണശക്തി ചെലുത്തി. അതിന്റെ ഫലമെന്തായി അവർ സ്വയം വിപാടനം ചെയ്യപ്പെട്ടു. അവരുടെ സന്താനപരമ്പര മുറിഞ്ഞുപോയി. ഇതും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മഹത്തായ ദൃഷ്ടാന്തമാണ്.' (ഖുത്ബാത്തെ മഹ്മൂദ് വാല്യം 3 പേജ് 39)

പിന്നീട് 'തായി' സാഹിബായുടെ ബയ്അത്തിന്റെ സംഭവം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ചില പ്രവചനങ്ങളും ദൃഷ്ടാന്തങ്ങളും ബാഹ്യമായി നോക്കുമ്പോൾ ചെറുതായിരിക്കും. പക്ഷേ, അതിന്റെ അവസ്ഥയിൽ ചിന്തിക്കുന്നവർക്ക് ഈമാനിൽ വർധന ഉണ്ടാക്കുന്ന ധാരാളം കാര്യങ്ങളുണ്ടായിരിക്കും.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഇൽഹാമാണ് "തായി ആയി" എന്നത്. ഇതിന്റെ അറിവ് ഇന്നലെയാണ് എനിക്കുണ്ടായത്. അത് ഒരു വ്യക്തിയുടേയും അവരുടെ അവസ്ഥയേയും സംബന്ധിച്ചാണെങ്കിലും അതിൽ ഒരുപാട് പ്രവചനങ്ങളുണ്ട്. ഇത് തങ്ങൾക്ക് മുമ്പേതന്നെ അറിയാമായിരുന്നുവെന്ന് ധാരാളം സുഹൃത്തുക്കൾ പറയുകയുണ്ടായി. എന്നാൽ, എനിക്ക് അറിയാൻ കഴിഞ്ഞത് ഇന്നലെയാണ്. 'തായീ ആയി' എന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു പഴയ ഇൽഹാമുണ്ടെന്ന് ഇന്നലെ തായിസാഹിബയുടെ വഫാത്തിന്റെ നേരത്ത് ശേയ്ഖ് യഅ്ഖൂബ് അലി സാഹിബ് പറഞ്ഞു.' (ഈ തായി ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ വലിയച്ഛന്റെ ഭാര്യയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്യേഷ്ഠന്റെ ഭാര്യയായിരുന്നു). ഇതിനെസംബന്ധിച്ച് ആ നേരത്ത് അതിന്റെ അർഥം മനസ്സിലായിരുന്നില്ലെന്ന് പഴയകാല അഹ്മദികൾ പറയാറുണ്ട്. ചിലർ ചിലത് പറയും, ചിലർ മറ്റൊന്ന് പറയും. പക്ഷേ നേരെചൊവ്വേയുള്ള ഒരർഥം ഈ വാക്യത്തിന് ഇങ്ങനെ ആകാവുന്നതാണ്. ബന്ധത്തിൽ തായിയുടെ സ്ഥാനമുള്ള ഒരു സ്ത്രീ വരുന്നതാണ്. അവർ വരുന്നതിന് രണ്ട് ഉദ്ദേശ്യമാകാവുന്നതാണ്. ഒന്നുകിൽ അടുത്ത് വരിക അല്ലെങ്കിൽ ജമാഅത്തിൽ വരിക. വെറും വരവ് പ്രവചനമാവുകയില്ല. കാരണം ബന്ധുക്കൾ വന്നുകൊണ്ടേയിരിക്കാറുണ്ട്. ഞങ്ങളുടെ വീട്ടിൽ എല്ലാ വലിയ ആളുകളും ഹദ്റത്ത് സാഹിബും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്യേഷ്ഠന്റെ ഭാര്യയെ 'തായി' എന്ന ഉപനാമത്തിലാണ് വിളിക്കാറുണ്ടായിരുന്നത്; അവരുടെ പേരുതന്നെ തായി എന്നതുപോലെ. ജമാഅത്തിന്റെ ഗ്രന്ഥങ്ങൾ വായിക്കുന്നവർക്ക് അറിയാം മുഹമ്മദീ ബീഗമിന്റെ പ്രവചനകാലഘട്ടത്തിൽ അവർ കഠിനവിരോധിയായിരുന്നു. (അതായത് ഈ തായി വളരെ ശക്തമായി എതിർപ്പ് പ്രകടിപ്പിച്ചിരുന്നു). കാരണം അവർ കുടുംബത്തിൽ ഏറ്റവും മുതിർന്നവരായിരുന്നു. പ്രവചനമാണെങ്കിൽ അവരുടെ സഹോദരിയുടെ മകളെ സംബന്ധിച്ചും! അതുകൊണ്ട് കുടുംബത്തിലെ നേതാവെന്ന നിലയിൽ അക്കാലത്ത് അവർ ഈ ബന്ധത്തിൽ തടസ്സമുണ്ടാക്കാൻ ശ്രമിച്ചു. അതിനെ അവർ കുടുംബപരമായ നിന്ദ്യതയായിട്ടാണ് മനസ്സിലാക്കിയത്. അതുകൊണ്ട് അത് മുടക്കേണ്ടത് തന്റെ നിർബന്ധകടമയാണെന്ന് മനസ്സിലാക്കിയിരുന്നു.' ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'സ്ത്രീകളുടെ പ്രകൃതിയുടെ അടിസ്ഥാനത്തിൽ മുതിർന്ന സ്ത്രീക്ക് ആദരവും കുടുംബപരമായ അന്തസ്സും എല്ലാ ദീനീപരമായ കാര്യങ്ങളും എന്നല്ല രാഷ്ട്രീയവും മറ്റ് അവസ്ഥകൾ കൊണ്ടും കൂടുതൽ സ്ഥാനമുണ്ടെന്ന് മനസ്സിലാക്കിയിരുന്നു. ആ നേരത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മസീഹാണെന്ന വാദം കുടുംബമഹിമയെക്കാൾ അവരുടെ പക്കൽ അതായത് (തായി സാഹിബയുടെ പക്കൽ) അത്ര മാത്രം പ്രധാന്യമുള്ളതായിരുന്നില്ല. പിന്നീടാണെങ്കിൽ വലിയവർക്ക് ചെറിയവരെ അനുസരിക്കുക എന്നത് പ്രയാസവുമായിരിക്കും. മസീഹ് മൗഊദ്(അ) തായി സാഹിബയേക്കാൾ ചെറുതായിരുന്നു. ആ മഹാത്മാവ് സ്വത്തുവിഹിതമൊന്നും വാങ്ങിയിരുന്നുമില്ല. (അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വത്തുവിഹിതമൊന്നും എടുത്തിരുന്നില്ല) അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭക്ഷണം തുടങ്ങിയവ അവരുടെ വീട്ടിൽനിന്നാണ് കഴിച്ചിരുന്നത് (തായിയുടെ വീട്ടിൽനിന്നാണ് വന്നിരുന്നത്) ഇതിന്റെ അടിസ്ഥാനത്തിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഔദാര്യം ചെയ്യുന്നുവെന്നാണ് അവർ സ്വയംമനസ്സിലാക്കിയിരുന്നത്. സ്ത്രീകളിൽ ഈ ബോധം സ്വാഭാവികമായ നിലയിൽ ഉണ്ടാവുന്നതാണ്. അതുകൊണ്ട് അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ തന്റെ യാചകനാണെന്ന് സങ്കല്പിച്ചിരുന്നു. (അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വത്ത് വാങ്ങിയിട്ടില്ലെന്നും സ്വത്തുക്കളെല്ലാം അദ്ദേഹത്തിന്റേതാണെന്നും അതുകൊണ്ടാണ് താൻ ഭക്ഷണം കൊടുത്തുവിടുന്നതെന്നും ചെലവുകൾ വഹിക്കുന്നതെന്നും അവർ ചിന്തിച്ചിരുന്നില്ല. മറിച്ച് അതൊരു തന്റെ ഔദാര്യമായാണ് മനസ്സിലാക്കിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഒരു അറബി കവിതയിൽ പറയുന്നു.

ലുഫാളാത്തുൽമവായിദി കാന ഉകുലീ
വ സിർത്തുൽയൗമ മിത്ആമൽ അഹാലീ

ഇതിന്റെ ഉദ്ദേശ്യം ഇതാണ്. ഒരു കാലമുണ്ടായിരുന്നു. ഞാൻ മറ്റുള്ളവരുടെ റൊട്ടിക്കഷണങ്ങൾ തിന്ന് ജീവിച്ചിരുന്ന ഒരു കാലം. എന്നാൽ, ഇപ്പോൾ അല്ലാഹു എനിക്ക് നൽകിയിരിക്കുന്ന പ്രൗഢി എന്താണെന്നുവെച്ചാൽ ആയിരക്കണക്കിനാളുകൾ എന്റെ സുപ്രയിൽനിന്ന് വയറുനിറയെ ഭക്ഷണം കഴിക്കുന്നു. ഈ കവിതാശകലത്തിൽ ആ സംഭവത്തിലേക്കുള്ള സൂചനയാണുള്ളത്. അതായത് ഹദ്റത്ത് മസീഹ് മൗഊദിന്റെ സ്വത്തുക്കൾ വീതം വെച്ചിരുന്നില്ല. അത് സഹോദരന്റെ ചുമതലയിൽതന്നെയായിരുന്നു. അതേറ്റെടുക്കണമെന്ന വിചാരവും ഹദ്റത്ത് മസീഹ് മൗഊദിനുണ്ടായിരുന്നില്ല. ഇവന് സ്വത്തുക്കൾ നോക്കാൻ കഴിയുകയില്ലെന്ന് ആ മഹാത്മാവിന്റെ പിതാവും പറയാറുണ്ടായിരുന്നു. ഇത്തരം ഒരു സാഹചര്യത്തിൽ തായി സാഹിബ വിശ്വസിക്കുമെന്നുള്ളത് വളരെ ദുഷ്കരമായ കാര്യമായിരുന്നു. (ഇവർ പിന്നീട് വിശ്വസിച്ചു) ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: 'തെളിവുകളിലൂടെയോ മതപരമായ വശത്തൂടെയോ അല്ല മറിച്ച് കുടുംബപരമായ അടിസ്ഥാനത്തിൽ (ഈ വിവരിക്കപ്പെട്ട എല്ലാ ബേക്ക്ഗ്രൗണ്ടുകളും) അവരിരുവരുടേയും നില മുതലാളിയുടേയും തൊഴിലാളിയുടേതുമായിരുന്നു. (അതായത് തായി തന്നെ സ്വയം മുതലാളിയായും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നഊദുബില്ലാഹ് തൊഴിലാളിയായും മനസ്സിലാക്കിയിരുന്നു) അവർ ആ മഹാത്മാവിനെ ഒരു ദരിദ്രനായിട്ടാണ് കണ്ടിരുന്നത്. ജോലികളൊന്നും ചെയ്യാത്ത ദരിദ്രൻ. അവർ ഉപേക്ഷിക്കുന്ന ഭക്ഷണക്കഷണങ്ങളിലായിരുന്നു വളർന്നിരുന്നത്. ആ അവസ്ഥകളിൽ തന്റെ സഹോദരിയുടെ മകളെ ഇദ്ദേഹം വിവാഹം കഴിക്കുന്നത് അവർക്ക് ഒരിക്കലും സഹിക്കുമായിരുന്നില്ല. കാരണം അവരായിരുന്നു ഏറ്റവും മുതിർന്നത്. അതുകൊണ്ട് പ്രത്യേകമായും എതിർപ്പ് പ്ര

കടിപ്പിച്ചിരുന്നു. അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദി നോടുള്ള എതിർപ്പ് വളരെ ശക്തമായിരുന്നു. ബന്ധുക്കൾ അദ്ദേഹത്തെ കാണുന്നതുതന്നെ ഉപേക്ഷിച്ചു. മസീഹ് മൗഊദും അവരെ കാണാറുണ്ടായിരുന്നില്ല. എന്നല്ല കുടുംബക്കാരുടെ എതിർപ്പിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ ഹദ്റത്ത് അമ്മാജാൻ(റ) കേൾപ്പിക്കാറുണ്ടായിരുന്നു: ഹദ്റത്ത് സാഹിബിന്റെ മാതാമഹിയുടെ ഭവനത്തിൽ ഒരു മുതിർന്ന സ്ത്രീയുണ്ടായിരുന്നു. ചിരാഗ്ബീബിയുടെ മകനെ കാണാൻ തങ്ങൾ ആരേയും അനുവദിക്കുകയില്ലെന്ന് അവർ പ്രതിജ്ഞ ചെയ്തിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കള്ളനും കൊള്ളക്കാരനുമെന്നപോലെ മാറ്റി നിറുത്തുമായിരുന്നു. കാരണം കുടുംബത്തിന് മാനഹാനിയുണ്ടാക്കുന്നയാളായിട്ടാണ് അദ്ദേഹത്തെ അവർ മനസ്സിലാക്കിയിരുന്നത്. ഈ പരിതഃസ്ഥിതിയിൽ തായി അഹ്മദിയാകുമെന്നുള്ള കണക്കുകൂട്ടൽ പ്രത്യക്ഷത്തിൽ ഒരു അസാധാരണമായ കാര്യമായിരുന്നു. മനുഷ്യന്റെ മനസ് മാറ്റപ്പെടാവുന്നതാണ്.എന്നാൽ, നോക്കേണ്ടത് പരിതഃസ്ഥിതി എന്തു പറയുന്നുവെന്നാണ്. അത്തരം പരിതഃസ്ഥിതിയിലാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഇൽഹാം ഉണ്ടാകുന്നു 'തായി ആയി'. തായി സാഹിബ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്യേഷ്ഠന്റെ ഭാര്യയായിരുന്നു.

ഈ പദങ്ങൾ കൊണ്ടുള്ള ഉദ്ദേശ്യം അവർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈയിൽ ബയ്അത്ത് ചെയ്യുമെന്നാണ്. കാരണം അവർ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ മൂത്തുമ്മയാണല്ലോ. ഇനി അവർ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലത്ത് ബയ്അത്തു ചെയ്യുമെന്നായിരുന്നെങ്കിൽ ഇൽഹാമിലെ വാക്ക് ജ്യേഷ്ഠന്റെ ഭാര്യ വന്നു എന്നായിരിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്യേഷ്ഠന്റെ ഭാര്യയായിരുന്നു. അങ്ങനെയാണെങ്കിൽ 'ഭാവജ് ആയി' എന്നായിരിക്കും ഇൽഹാം ഉണ്ടാകുക. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഔവ്വലിന്റെ കാലത്ത് ബയ്അത്തു നടക്കുമെന്നായിരുന്നെങ്കിൽ മസീഹു മൗഊദിന്റെ കുടുംബത്തിൽനിന്ന് ഒരു സ്ത്രീ (മസീഹ് മൗഊദ് കെ ഖാൻദാൻ കി ഏക് ഔരത്ത് ആയി)വന്നു എന്ന് പറയണമായിരുന്നു. എന്നാൽ, 'തായി'(വലിയച്ഛന്റെ ഭാര്യ) എന്ന പദം വെളിവാക്കുന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മകൻ അവിടത്തെ ഖലീഫയാകുമ്പോൾ അദ്ദേഹത്തിന്റെ കൈയിൽ അവർ ബയ്അത്ത് ചെയ്യുമെന്നാണ്. ഇനി അദ്ദേഹത്തിന്റെ കുടുംബത്തിൽനിന്ന് ആരും ഖലീഫയാകുമായിരുന്നില്ലെങ്കിൽ 'തായി' എന്ന പദം വ്യർഥമായിപ്പോകുമായിരുന്നു.' അവിടന്ന് പറയുന്നു: 'ഈ ഇൽഹാമിൽ യഥാർഥത്തിൽ മൂന്നു പ്രവചനങ്ങളുണ്ട്. ഒന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുടുംബത്തിൽനിന്ന് ഖലീഫ ഉണ്ടാകും. രണ്ട് അക്കാലത്തായിരിക്കും തായി സാഹിബ ജമാഅത്തിൽ ചേരുന്നത്. മൂന്ന് തായി സാഹിബയുടെ ദീർഘായുസ്സിനെ സംബന്ധിച്ചുള്ള പ്രവചനവും ഇതിലുണ്ട്. അതെങ്ങനെയെന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രായം ആ സമയത്ത് 70 ന് അടുത്തായിരുന്നു. ആ നേരത്ത് തന്നെക്കാൾ പ്രായമുള്ള ഒരു സ്ത്രീയെ സംബന്ധിച്ചാണ് -അവർ ജീവിച്ചിരിക്കുമെന്നും തന്റെ മക്കളിൽനിന്നിന്ന് ഖലീഫയാകുന്ന ആളുടെ കൈയിൽ ബയ്അത്തു ചെയ്യുമെന്നും അവിടന്ന് പ്രവചനം ചെയ്യുന്നത്. ഇത്രമാത്രം ആയുസ്സു കിട്ടുകയെന്നത് വലിയ കാര്യമാണ്. മനുഷ്യബുദ്ധിക്ക് ഒരു യുവാവിനെ സംബന്ധിച്ചുപോലും അവൻ ഇത്രകാലംവരെ ജീവിച്ചിരിക്കുമെന്ന് പറയാൻ പറ്റുകയില്ല. എന്നിട്ടല്ലേ ഒരു വൃദ്ധയെ സംബന്ധിച്ച് പറയാൻ കഴിയുക. ഈ 'തായീ' വഫാത്തായത് 1927 ലാണെന്നു തോന്നുന്നു. അതിനാൽ ഇതൊരു വളരെ വലിയ ദൃഷ്ടാന്തമാണ്. അവരുടെ ബയ്അത്ത്ചെയ്യലും അത് എന്റെ കാലഘട്ടത്തിൽത്തന്നെ ചെയ്യലും പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മക്കളിൽനിന്ന് ഖലീഫയാകലും തുടങ്ങി ഒരുപാട് പ്രവചനങ്ങളാണ് ഈ രണ്ടു വാക്കുകളിൽ വിവരിക്കപ്പെട്ടിട്ടുള്ളത്.' വീണ്ടും അവിടന്ന് പറയുന്നു: 'തായീ അഹ്മദിയായതിനുശേഷം അവർ വസിയ്യത്തും ചെയ്തു. ഇതിന്റേയും അത്ഭുതകരമായ പശ്ചാത്തലമാണുള്ളത്.' പറയുന്നു: 'ഞാൻ മനസ്സിലാക്കുന്നത് ഏതുവിധത്തിലുള്ള നിവേദനങ്ങളും പരമ്പരകളുമാണോ പഴയ കുടുംബങ്ങളിൽ നിലനിന്നു വരുന്നത് അതുവച്ച് നോക്കുമ്പോൾ ഇത് വമ്പിച്ചൊരു മാറ്റമാണ്. അതായത് തായി സാഹിബ ബയ്അത്തിൽ പ്രവേശിച്ചതിനുശേഷം വസിയ്യത്ത് ചെയ്തുവെന്നത്. (വെറും ബയ്അത്തല്ല, മറിച്ച് വസിയ്യത്തും ചെയ്തു). ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുടുംബപരമായ ഖബർസ്ഥാനിൽ അടക്കുന്നതിന് പകരം മറ്റു സ്ഥലത്ത് അടക്കുന്നതിന് ആദ്യം അവർ എതിരായിരുന്നു. അദ്ദേഹത്തെ കുടുംബപരമായ ഖബർസ്ഥാനത്ത് അടക്കുന്നതിന് പകരം മറ്റു സ്ഥലത്ത് അടക്കരുതെന്ന് അവർ ആ സമയത്ത് പറഞ്ഞയക്കുകയും ചെയ്തു. കാരണം ഇതൊരു നിന്ദ്യതയാണ്. പിന്നീട് വർഷങ്ങളോളം അത് പറഞ്ഞുകൊണ്ടുമിരുന്നു. എന്നാൽ, അതിനുശേഷം അവരുടെ അവസ്ഥ എന്തായെന്നാൽ സ്വയം വസിയ്യത്ത് ചെയ്യുകയും ബിഹിശ്തി മഖ്ബറയിൽ മറവടക്കപ്പെടുകയും ചെയ്തു. ഒരു ബുദ്ധിമാനായ മനുഷ്യനെ സംബന്ധിച്ചിടത്തോളം ഇത് വളരെ വലിയൊരു അടയാളമാണ്; ബാഹ്യത്തിൽ നോക്കുമ്പോൾ ഒരു വ്യക്തിയെക്കുറിച്ചുള്ള സാധാരണ കാര്യവും. എന്നാൽ, അതിൽ സത്യസാക്ഷ്യത്തിന്റെ തെളിവുകളുടെ പല വശങ്ങളും അടങ്ങിയിട്ടുണ്ട്. (ഖുത്ബാത്തെ മഹ്മൂദ്, വാള്യം 11, പേജ് 251-252) എതിർപ്പുണ്ടായിട്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സംബന്ധിച്ച് ഉണ്ടായിരുന്ന അഭിപ്രായം അദ്ദേഹത്തിന്റെ മറവടക്കം കുടുംബഖബർസ്ഥാനിൽ ഉണ്ടാകണമെന്നാണ്. പക്ഷേ, പിന്നീട് വസിയ്യത്ത് ചെയ്തു അവരും ബിഹിശ്തി മഖ്ബറയിൽ മറവടക്കപ്പെട്ടു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഡൽഹി യാത്രയിലെ സംഭവം വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഒരിടത്ത് പറയുന്നു: 'മനുഷ്യൻ അല്ലാഹുവിൽ സർവ്വവും ഭരമേൽപിക്കുമ്പോൾ അവൻ ഒരിക്കലും ദൈവികപ്രവർത്തനങ്ങളെ സംബന്ധിച്ച് അതിന്റെ ഫലം ഉണ്ടാവുകയില്ലെന്ന് വിചാരിക്കുകയില്ല.' (അല്ലാഹുവിൽ സർവ്വവും സമർപ്പിക്കൽ തീർച്ചയായും അല്ലാഹു അതിന് ഉത്തമമായ ഫലം കൊണ്ടുവരുന്നതാണ്) അവിടന്ന് പറയുന്നു: 'ഞാൻ ആ നേരത്ത് ചെറുതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ഡൽഹിയിൽ വന്നപ്പോൾ (ഈ പ്രസംഗം അവിടന്ന് ഡൽഹിയിലെ ജമാഅത്തിനോടാണ് ചെയ്തത്). അവിടന്ന് പറയുന്നു: 'ഞാൻ വളരെ ചെറുതായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഡൽഹിയിൽ വന്നു. അവിടന്ന് ഇവിടത്തെ ഔലിയാഅ്ന്റെ ഖബ്റുകളിൽ പോയി. ഒരുപാട് നേരം വരെ ദുആ ചെയ്തുകൊണ്ടിരുന്നു.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ മഹാത്മാക്കളുടെ ആത്മാക്കൾ ആവേശത്തിൽ വരാനും ഇക്കാലഘട്ടത്തിൽ അല്ലാഹു സന്മാർഗത്തിനായി അയച്ചിട്ടുള്ള ഈ പ്രകാശം തിരിച്ചറിയുന്നതിൽനിന്ന് ഇവരുടെ സന്താനങ്ങൾ പിന്തള്ളപ്പെട്ടുപോകാതിരിക്കാനുംവേണ്ടിയാണ് ഞാൻ ദുആ ചെയ്തത്.'പറഞ്ഞു:'അല്ലാഹു ഇവരുടെ മനസ്സു തുറക്കുകയും ഇവർ സത്യം സ്വീകരിക്കുകയും ചെയ്യുന്ന ഒരു നാൾ തീർച്ചയായും വരുന്നതാണ്.' പറയുന്നു: 'ഞാൻ ആ സമയത്ത് ചെറുതായിരുന്നെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആ വാക്യത്തിന്റെ സ്വാധീനം ഇപ്പോഴും എന്റെ മനസ്സിൽ ബാക്കിയുണ്ട്. അതുകൊണ്ട് ഇവിടത്തെ ജമാഅത്ത് തങ്ങളുടെ പരിശ്രമങ്ങൾക്ക് എന്തെങ്കിലും ഫലം കാണാൻ ആഗ്രഹിക്കുന്നെങ്കിൽ അവർ അല്ലാഹുവിൽ സർവ്വവും സമർപിക്കേണ്ടതാണ്. തീർച്ചയായും ഒരു നാൾ വരുന്നതാണ്. ഏതൊരു കാര്യമാണോ അല്ലാഹു നിലനിറുത്താൻ ആഗ്രഹിക്കുന്നത് അത് നിലനിൽക്കുകതന്നെ ചെയ്യും. അവിടന്ന് ഡൽഹി ജമാഅത്തിനോടുള്ള പ്രഭാഷണത്തിന്റെ ഒരു മറുപടിയിലാണ് ഇക്കാര്യം പറഞ്ഞിരുന്നത്.

ഹിക്മത്തോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശമെത്തിക്കുക എന്നത് ഇന്നും ഡൽഹി ജമാഅത്തിന്റെ നിർബന്ധ കടമയാണ്. ഇപ്പോൾ മാശാ അല്ലാഹ് എക്സിബിഷൻ തുടങ്ങിയവ മുഖേന തബ്ലീഗിൽ കുറേ വേഗമുണ്ടായിട്ടുണ്ട്. പക്ഷേ, മുസ്‌ലീംകളിൽനിന്ന് എതിർപ്പുമുണ്ട്. അതിനാൽ അവരിലും ഈ സന്ദേശമെത്തിക്കേണ്ട വളരെ ആവശ്യമുണ്ട്. ഈ എല്ലാ കാര്യങ്ങളോടുമൊപ്പം സുപ്രധാനമായ കാര്യം ദുആയാണ്. ഈ ഭാഗത്തേക്ക് വളരെ അധികം ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്.

പിന്നീട് ഇതിനോടനുബന്ധിച്ച് അവിടന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു സ്പനത്തെ കുറിച്ച് പറഞ്ഞു: 'ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു ജാഗ്രദർശനത്തിൽ കണ്ടു:ദീർഘമായൊരു കാന കുഴിക്കപ്പെട്ടിരിക്കുന്നു. അതിനുമീതെ ആടുകളെ അറുക്കാൻവേണ്ടി കിടത്തിയിരിക്കുകയാണ്. ഓരോ ആടിന്റേയും അരികത്ത് കൈയിൽ കത്തിയുമായ കശാപ്പുകാരൻ തയ്യാറായി നില്പുണ്ട്. കല്പന കാത്ത് ആകാശത്തേക്ക് നോക്കി നില്ക്കുന്നതുപോലെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:' ഞാൻ ആ നേരത്ത് ആ സ്ഥലത്ത് ഉലാത്തുകയായിരുന്നു. അവരുടെ അടുത്തു ചെന്നിട്ട് ഞാൻ പറഞ്ഞു: *ഖുൽ മാ യഅ്ബഉബികും റബ്ബീ ലൗ ലാ ദുആഉക്കും(25:78).* അവർ ആ നേരത്ത് അറുക്കാൻ തുടങ്ങി. ആ ആടുകൾ പിടയ്ക്കാൻ തുടങ്ങിയപ്പോൾ കശാപ്പുകാർ പറഞ്ഞു:'പുല്ലുതിന്നുന്ന ആടുകളല്ലാതെ നിങ്ങൾ എന്തു വസ്തുവാണ്! ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ആ നാളുകളിൽ എഴുപതിനായിരമാളുകളാണ് പ്ലേഗുമുഖേന മരിച്ചത്. അതിനാൽ ഇന്ന് ആരും ഇതിൽ ശ്രദ്ധിക്കുന്നില്ലെങ്കിൽ അല്ലാഹുവിനെന്താണ്. അവന്റെ പ്രവൃത്തി നിലയ്ക്കുകയില്ല. അതു സംഭവിച്ചിരിക്കുക തന്നെ ചെയ്യും.' അവിടന്ന് പറഞ്ഞു: 'ഹദ്റത്ത് യേശുമസീഹിന്റെ മുന്നൂറു വർഷത്തിനുശേഷമാണ് ക്രിസ്തുമതത്തിനു അഭിവൃദ്ധിയുണ്ടായത്. എന്നാൽ, ഞങ്ങളുടെ അവസ്ഥകൾ നോക്കുകയാണെങ്കിൽ ഹദ്റത്ത് യേശുമസീഹിന്റെ കാലത്തിനു വളരെ മുമ്പേ ഇൻശാ അല്ലാഹ് അഹ്മദിയ്യത്തിന് അഭിവൃദ്ധി കരസ്ഥമാകുന്നതാണെന്ന് അറിയാൻ കഴിയും.'(അഹ്മദിയ്യാ ജമാഅത്തിന്റെ ദില്ലിയിലെ അഡ്രസിന്റെ മറുപടി, അൻവാറുൽ ഉലൂം വാള്യം 12 പേജ് 84)

പാക്കിസ്താനീ മൗലവിയാകട്ടെ, ഏതെങ്കിലും മതനേതാവാകട്ടെ, ഭൗതിക ശക്തികളാവട്ടെ, അല്ലാഹുവിന്റെ പക്കൽ അവർക്കൊന്നും ഒരു വിലയുമില്ല. അവർ ആടുകളെപ്പോലുള്ളവരാണ്. ഇവർക്കൊരിക്കലും അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിയിൽ തടസമാകാൻ സാധ്യമല്ല. പക്ഷേ, അതിനുവേണ്ടി നമ്മുടെ മൗലവിമാർ അവരെ തബ്ലീഗ് ചെയ്യട്ടെ, അഹ്മദിയ്യത്തിനെ പ്രചരിപ്പിക്കട്ടെ എന്നു കരുതി നമുക്ക് പരിമിതമാകാൻ പറ്റുകയില്ല. ഈ അഭിവൃദ്ധിയുടെ ഭാഗമാകണമെങ്കിൽ-ഭാഗമാകേണ്ടതാണ്- നമുക്കും നമ്മുടെ ദുആകളിലേക്ക് ശ്രദ്ധ തിരിക്കേണ്ടിവരും. നമ്മുടെ ആത്മീയത വർധിപ്പിക്കേണ്ടിവരും. അല്ലാഹുവുമായുള്ള ബന്ധം വർധിപ്പിക്കേണ്ടിവരും. ഇക്കാര്യങ്ങൾ അഹ്മദിയ്യത്തിനെതിരിലുള്ള എതിർപ്പും അവസാനിപ്പിക്കും. അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിയിലും നമ്മെ ഇൻശാ അല്ലാഹ് ഭാഗഭാക്കാക്കുന്നതായിരിക്കും. അല്ലാഹു നമുക്ക് ഈ സ്ഥാനം തന്നരുളുമാറാകട്ടെ.

നമസ്കാരത്തിനുശേഷം സിഫ്നി സഫർ അഹ് മദ് സാഹിബ് മുബല്ലിഗ് ഇന്തൊനേഷ്യയുടെ ജനാസ ഗായിബ് ഞാൻ നമസ്കരിപ്പിക്കുന്നതാണ്. നവംബർ 8ന് ഹൃദയസ്തംഭനത്താൽ അദ്ദേഹം വഫാത്തായി. 71 വയസ്സായിരുന്നു. 1945 ആഗസ്ത് 15ന് പാടാങ് സമാട്രയിൽ ഇദ്ദേഹം ജനിച്ചു. ഇദ്ദേഹത്തിന്റെ പിതാവ് സയ്നി ദഹലാൽ സാഹിബ് 1923ൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ കൈയിൽ ബയ്അത്ത് ചെയ്ത് ജമാഅത്തിൽ ചേർന്നു. അദ്ദേഹം മറ്റൊരു ചെറുപ്പക്കാരനുമൊത്ത് സമാട്രയിലും ജാവയിലും ജമാഅത്തിന്റെ തബ്ലീഗ് കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇതുപോലെതന്നെ സിഫ്നി സാഹിബിന്റെ പിതാവ് ഇന്തൊനേഷ്യയിലെ പൈനിയർ (Pioneer) മുബല്ലീഗങ്ങളിൽ പെട്ടയാളായിരുന്നു. സയ്നി സാഹിബിന് മൂന്ന് മക്കളായിരുന്നു. അവരിൽ സിഫ്നി സഫർ അഹ്മദ് സാഹിബിനെ വഖ്ഫ് ചെയ്തതിനുശേഷം പഠിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി അദ്ദേഹം ജാമിഅ അഹ്മദിയ്യ റബ്വയിൽ അയച്ചു. സഫ്ർ അഹ്മദ് സാഹിബ് 1963 ജൂലൈ 17ന് റബ്വയിലേക്ക്പോയി. ഏകദേശം 11 വർഷം റബ്വയിൽ താമസിച്ചു. ജാമിഅ അഹ്മദിയ്യായിൽ പഠിച്ചു. 1974ൽ പുറത്തുവന്നു. ഇദ്ദേഹം ഇന്തൊനേഷ്യയിൽ മടങ്ങിപ്പോയി. അദ്ദേഹത്തിന്റെ ആദ്യ പോസ്റ്റിംഗ് ഇന്തൊനേഷ്യയിലെ കലിമണ്ടനി (Kalimantan)ലായിരുന്നു. അതിനുശേഷം വെസ്റ്റ് ജാവയിൽ റീജ്യണൽ മുബല്ലിഗും റീജ്യണൽ അമീറും എന്ന നിലയിൽ സേവനം ചെയ്തുവന്നു. പിന്നീട് ഈസ്റ്റ് ജാവയിലും പാപോവായിലും ഖിദ്മത്തിന് തൗഫീഖ് കിട്ടി. 1985 മുതൽ 87 വരെ ജംബിയയിലും(Jambi) 87 മുതൽ 91 വരെ വടക്കൻ സുമാട്രയിലും റീജ്യണൽ മുബല്ലിഗ് എന്ന കടമകൾ നിറവേറ്റി. 1991 മുതൽ 97 വരെ ജാമിയ അഹ്മദിയ്യാ ഇന്തൊനേഷ്യയിൽ ഉസ്താദ് എന്ന നിലയിൽ ഫിഖ്ഹിന്റെ വിഷയം പഠിപ്പിക്കാൻ തൗഫീഖ് കിട്ടി. ഇക്കാലത്ത് തർബിയ്യത്ത് വകുപ്പ് ഇൻ ചാർജ്ജ് നൗമുബായീനായും നിയമിക്കപ്പെട്ടു. 97 മുതൽ 2001വരെ ലാംപംഗ് (Lampung) റീജ്യണൽ മുബല്ലിഗായി നിയമിക്കപ്പെട്ടു. അദ്ദേഹം മുഖേന ഇന്തൊനേഷ്യയിലെ വിവിധ പ്രദേശങ്ങളിൽ ധാരാളം ജമാഅത്തുകൾ നിലവിൽ വന്നു. കുറച്ച് മസ്ജിദുകളും മിഷൻഹൗസുകളും നിർമിക്കപ്പെട്ടു. അദ്ദേഹത്തിന് ഇന്തൊനേഷ്യൻ ഭാഷയിൽ നാല് ഗ്രന്ഥങ്ങൾ രചിക്കാനും തൗഫീഖ് കിട്ടി. സക്കാത്തിന്റെ തത്ത്വം, ദൈവമാർഗത്തിൽ ത്യാഗം, ജനാസ, ഇസ്‌ലാമിൽ ജിഹാദിന്റെ അർഥം; ഈ നാല് ഗ്രന്ഥങ്ങളാണ് അദ്ദേഹം എഴുതിയത്. 2001ൽ അദ്ദേഹം റിട്ടയേർഡായി. കുറച്ചുകാലമായി വിവിധ രോഗങ്ങളിൽ അകപ്പെട്ടിരിക്കുകയായിരുന്നു. ഖിലാഫത്തിനോട് അദ്ദേഹത്തിന് വലിയ കൂറായിരുന്നു. സ്നേഹബന്ധമായിരുന്നു. അഗാധമായ അനുസരണത്തിന്റെ ബന്ധമായിരുന്നു. വലിയ ആത്മാർഥനും അനുരക്തനുമായ ജമാഅത്തിന്റെ സേവകനായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബാംഗങ്ങളിൽ ഭാര്യയ്ക്ക് പുറമെ, ഒരു മകളും രണ്ട് ആൺമക്കളുമുണ്ട്. അല്ലാഹു ഇവരെ എല്ലാവരേയും അഹ്മദിയ്യത്തിൽ നിലനിറുത്തുമാറാകട്ടെ. തങ്ങളുടെ പിതാവിനെപോലെ നന്മകളിൽ വളരാനും കൂറുകൾപ്രകടിപ്പിക്കാനുംതൗഫീഖ്നല്കുമാറാകട്ടെ. കർമനിരതരായ അഹ്മദികളാക്കുമാറാകട്ടെ.

(Title Code:- PUNMAL00001)

EDITOR
H.Shamsuddin
Sub Editor : Mohammad Ismaeel
Mobile : +91-94466-56123
e-mail : badarkerla@gmail.com

ബദ്ർ വീക്കിലി ഖാദിയാൻ

The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

Vol-2 Thursday 19 January 2017 Issue-3

MANAGER
NAWAB AHMAD
Tel : +91-1872-224757
Mobile: +91-94170-20616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**മന്ദസ്മിതവദനരായി നിങ്ങളുടെ ജോലികൾ നിർവഹിക്കുകയും ഒരു തരത്തിലുള്ള ദുഷ്പെരുമാറ്റവും ഒരു അതിഥിയോടും കാണിക്കാതിരിക്കുകയും ചെയ്യുക.അതുകൊണ്ട് പുതുതായി വരുന്ന ജോലിക്കാരോടു ഞാൻ പറയുകയാണ് ജൽസയിൽ നിങ്ങളുടെ ഡ്യൂട്ടിഎവിടെയാണങ്കിലും നിങ്ങൾ എല്ലാവരുടേയും മുമ്പിൽ ആദ്യം വെക്കേണ്ട കാര്യം സന്തോഷത്തോടുകൂടിയുള്ള പ്രകടനം കാഴ്ചവെച്ചുകൊണ്ട് നല്ല രീതിയിൽ അവരോടു പെരുമാറുക എന്നതാണ്. ഒരുതരത്തിലുള്ള ദുസ്വഭാവവും ഒരു അതിഥിയോടും ഉണ്ടാകാൻ പാടില്ല.**

**2016 ഒക്ടോബർ 6 ന് കനഡയിലെ ജൽസസാലാന അവസരത്തിൽ അമീറുൽ മുഅമിനീൻ പ്രവർത്തരോടു ചെയ്ത പ്രഭാഷണം.**

അമീറുൽ മുഅമിനീൻ തശഹ്ഹുദും തഅവ്വുദും തസ്മീയ്യയും ചൊല്ലിയതിന് ശേഷം പറഞ്ഞു: ‘അല്ലാഹുവിന്റെ കൃപയാൽ ലോകത്ത് അഹ്മദിയ്യാ ജമാഅത്ത് ഏതെല്ലാം രാജ്യങ്ങളിൽ സ്ഥാപിതമായിട്ടുണ്ടോ അവിടങ്ങളിലെല്ലാം ജൽസ സംഘടിപ്പിക്കപ്പെടുന്നു. ജൽസയുടെ ഒരുക്കങ്ങൾക്ക് പ്രവർത്തിക്കാനുള്ള ഉദ്യോഗസ്ഥരേയും തയ്യാറാക്കുന്നു. അല്ലാഹുവിന്റെ കൃപയാൽ ദീർഘകാലമായി ജൽസ സംഘടിപ്പിച്ചുവരുന്ന ജമാഅത്തുകൾ എവിടെയൊക്കെയുണ്ടോ അവിടെയെല്ലാം തങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുന്നതിനു വേണ്ടി അവിടത്തെ ഉദ്യോഗസ്ഥർക്കും പരിശീലനം നല്കപ്പെടുന്നു.

വിവിധ ജൽസകളുടെ അവസരങ്ങളിൽ പ്രത്യേകിച്ചും യു.കെയിൽ അല്ലെങ്കിൽ ഞാൻ നേരിട്ട് പങ്കെടുക്കുന്ന ചില സ്ഥലങ്ങളിൽ ഉദ്യോഗസ്ഥരെ സംബോധന ചെയ്യാറുമുണ്ട്. അങ്ങനെ ദൈവകൃപയാൽ എം.ടി.എ മുഖേന എല്ലാ സ്ഥലത്തും ഈ സന്ദേശം എത്തുന്നുമുണ്ട്. അതിനാൽ ഉപദേശത്തെ സംബന്ധിച്ച് പറയുമ്പോൾ നിങ്ങൾ ഉദ്യോഗസ്ഥന്മാരും പണിയെടുക്കുന്നവരും എം.ടി.എയുമായി ചേർന്നുനിൽക്കുന്നവരും അത് കേൾക്കുന്നവരും എല്ലാവരും തങ്ങളുടെ ഉത്തരവാദിത്തങ്ങൾ എന്താണെന്ന് അറിഞ്ഞിരിക്കേണ്ടതാണ്. പക്ഷേ, എന്തായാലും ഓർമിപ്പിക്കുക എന്ന നിലയിൽ പറയാനും ഓർമിപ്പിക്കാനുമാണ് അല്ലാഹുവിന്റെ കല്പന.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: ജൽസയ്ക്കുവേണ്ടി നിങ്ങളെല്ലാവരും ഇക്കാര്യം ഓർമിക്കേണ്ടതാണ്. ഒരു നിർബന്ധത്തിനും വഴങ്ങിയല്ല നിങ്ങൾ നിങ്ങളെ സേവനത്തിനുവേണ്ടി സമർപ്പിച്ചിട്ടുള്ളത്. അതിലൊരു ബലാൽക്കാരവും ചെയ്യപ്പെട്ടിട്ടുമില്ല. പ്രത്യുത ഒരു താൽപര്യത്തോടുകൂടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളെ സേവിക്കുന്നതിനാണ് നിങ്ങൾ സ്വയം നിങ്ങളെ സമർപിച്ചത്. മനുഷ്യന്റെ സ്വന്തം വീട്ടിൽ അതിഥികൾ വരുമ്പോൾ എന്താണോ ചെയ്യാൻ കഴിയുന്നത് അത് അയാൾക്ക് ചെയ്തുകൊടുക്കാറുണ്ട്. നമുക്കെല്ലാം വളരെ പ്രിയപ്പെട്ട ആൾ നിങ്ങൾ അതിഥികളെ പ്രത്യേകിച്ചും ദീനിനുവേണ്ടി യാത്ര ചെയ്തുവരുന്ന അതിഥികളെ സേവിക്കണമെന്ന് പ്രത്യേകമായ നിലയിൽ ജമാഅത്തിനോടു പറഞ്ഞു. അപ്പോൾ എത്രമാത്രം ആവേശത്തോടും വികാരത്തോടുംകൂടി ഉദ്യോഗസ്ഥന്മാർ ഈ സേവനം ചെയ്യേണ്ടതാണ്. അത് നിങ്ങൾ സ്വയം കണക്കുകൂട്ടുക.

അമീറുൽ മുഅ്മിനീൻ പറഞ്ഞു: സംഘടനാപരമായ കാര്യങ്ങൾ നോക്കുമ്പോൾ ഒരുപാട് വർഷങ്ങൾക്കു ശേഷമാണ് ഞാൻ ഇവിടെ ജൽസയിൽ വന്നിട്ടുള്ളതെന്ന് കരുതുന്നു. ജൽസയിൽ സേവനം ചെയ്യുന്ന കനഡയിലെ ജമാഅത്തിലെ ഉദ്യോഗസ്ഥർ ഒരുപരിധിവരെ തങ്ങളുടെ ജോലികളിൽ നൈപുണ്യമുള്ളവരായിക്കഴിഞ്ഞിട്ടുണ്ട്. അവർ എല്ലാ ജോലിയും അതിസൂക്ഷ്മമായി മനസ്സിലാക്കുന്നവരാണ്. ഇൻശാഅല്ലാഹ്. ഇതുതന്നെയാണ് ഞാൻ അവരിൽനിന്ന് പ്രതീക്ഷിക്കുന്നതും. പക്ഷേ, ചില ഘട്ടങ്ങളിൽ ചില പുതിയതായി വരുന്നവരും ഉദ്യോഗസ്ഥന്മാരായിട്ടുണ്ടാകും. ഇപ്പോൾ ധാരാളം ആളുകൾ കഴിഞ്ഞ കുറച്ചുവർഷങ്ങൾക്കുള്ളിൽ പാക്കിസ്താനിൽനിന്നും വന്നിട്ടുണ്ട്. പാക്കിസ്ഥാനിൽനിന്ന് വരുന്ന ജമാഅത്തംഗങ്ങളെ അവിടെ ജൽസ സംഘടിപ്പിച്ചിരുന്നിടത്തോളം ജൽസയുടെ പ്രവർത്തനങ്ങളിൽ വലിയ വിദഗ്ദ്ധരായി മനസ്സിലാക്കിയിരുന്നു; പ്രത്യേകിച്ചും റബ്‌വ വാസികളെ. പക്ഷേ, കഴിഞ്ഞ ഏകദേശം 84 വർഷമായി, 33, 34 വർഷമായി അവിടെ ജൽസ നടക്കുന്നില്ല. അക്കാലത്ത് പ്രവർത്തിച്ചിരുന്ന ഒരു തലമുറയുണ്ടായിരുന്നു. അവർ വൃദ്ധരായിക്കഴിഞ്ഞിരിക്കുന്നു. വലിയ പ്രായമുള്ളവർ ഒരുപക്ഷേ ഈ ലോകത്തുനിന്ന് പൊയ്ക്കഴിഞ്ഞിട്ടുമുണ്ട്. ആ സമയത്ത് കുട്ടികളായിരുന്നവർ യുവാക്കളായി എന്നല്ല ഇപ്പോൾ അൻസാറുല്ലായുടെ പ്രായത്തിലെത്തുന്നവരാണ്. അവർക്ക് ഒരു പരിചയവുമുണ്ടാവുകയില്ല. അതുകൊണ്ട് പാക്കിസ്താനിൽനിന്ന് ഇവിടെ വന്നിട്ടുള്ളവർക്ക്, അവർ റബ്‌വയിൽനിന്ന് വരുന്നവരാണെങ്കിലും വേണ്ടില്ല – റബ്‌വയിൽ എല്ലാ വർഷവും അല്ലെങ്കിൽ വർഷത്തിൽ പലപ്രാവശ്യവും ഡ്യൂട്ടികൾ നല്കുന്നുണ്ടെന്നത് ശരിതന്നെ– ആ പ്രവർത്തകർക്ക് പ്രത്യേകിച്ചും ലങ്കർഖാന നടത്തുന്നതിന് പരിശീലനം നല്കുന്നു. അതായത് അല്ലാഹു അവസ്ഥകൾ നല്ലതാക്കിത്തീർക്കുമ്പോൾ അവിടത്തെ പ്രവർത്തകർക്ക് ക്ഷണത്തിൽ കാര്യങ്ങൾ കൈകാര്യം ചെയ്യാൻ കഴിയും വിധം തർബിയ്യത്ത് കിട്ടിയിരിക്കണം. പക്ഷേ എന്തായാലും ഒരു ശിക്ഷണപരമായ കാലഘട്ടത്തിലൂടെ കടക്കുകയും പരിചയസമ്പന്നമായ നിലയിൽ ഏതെങ്കിലും ജോലി ചെയ്യുകയും യഥാർഥത്തിൽ അതിഥികളെ മുമ്പിൽകണ്ടുകൊണ്ട് അവരെ സേവിക്കുകയും ചെയ്യുക എന്നത് തികച്ചും വ്യത്യസ്തമായ കാര്യമാണ്. അതുകൊണ്ട് പുതുതായി വരുന്ന ജോലിക്കാരോടു ഞാൻ പറയുകയാണ് –ചില കുട്ടികൾ യുവാക്കളായിട്ടുണ്ട്. അവരിപ്പോൾ പ്രവർത്തകരായിട്ടുണ്ട്. പുതിയതായി വരുന്ന ചിലർ പ്രവർത്തകർ എന്ന നിലയിൽ പ്രവർത്തിച്ചുവരുന്നുണ്ട്– ജൽസയിൽ നിങ്ങളുടെ ഡ്യൂട്ടി എവിടെയാണങ്കിലും നിങ്ങൾ എല്ലാവരുടേയും മുമ്പിൽ ആദ്യം വെക്കേണ്ട കാര്യം, സന്തോഷത്തോടുകൂടിയുള്ള പ്രകടനം കാഴ്ച വെച്ചുകൊണ്ട് നല്ല രീതിയിൽ അവരോടു പെരുമാറുക എന്നതാണ്. ഡ്യൂട്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള ആൾക്ക് ചില പ്രയാസങ്ങൾ നേരിടേണ്ടിവരുമെന്നത് സ്വാഭാവികമാണ്. ചിലയാളുകളുണ്ട്. അവർ മനഃപൂർവ്വം വഴക്കുണ്ടാക്കാൻ പരിശ്രമിക്കുന്നു. ചില ഉദ്യോഗസ്ഥന്മാരെ ചൊടിപ്പിക്കുന്നതിന് പരിശ്രമിക്കുന്നു. അത്തരം അവസ്ഥകളും മുമ്പിൽ വരാറുണ്ട്. മനുഷ്യൻ ദ്വേഷപ്പെടുകയും ചെയ്യുന്നു. പക്ഷേ, ഒരു അഹ്മദി ഉദ്യോഗസ്ഥൻ തന്റെ ഉന്നതമായ ധാർമ്മികത എന്നെന്നും നിലനില്ക്കാൻ എപ്പോഴും ശ്രദ്ധിക്കേണ്ടതാണ്. ആരുടെയെങ്കിലും എന്തെങ്കിലും പ്രവൃത്തി അവന്റെ ഉന്നതമായ ധാർമ്മികതയെ തട്ടിപ്പറിച്ചെടുക്കാൻ പാടില്ല. ഉന്നതമായ സ്വഭാവങ്ങളിൽ ഏറ്റവും വലിയ കാര്യം എപ്പോഴും പുഞ്ചിരിച്ചുകൊണ്ട് ഏറ്റവും മോശപ്പെട്ട അവസ്ഥകളിലും പുഞ്ചിരിച്ചുകൊണ്ട് തന്റെ പ്രവൃത്തി ചെയ്യുക എന്നതാണ്. ഒരുതരത്തിലുള്ള ദുസ്വഭാവവും ഒരു അതിഥിയോടും ഉണ്ടാകാൻ പാടില്ല.

അമീറുൽ മുഅമിനീൻ പറഞ്ഞു: അതെ, ശിക്ഷണപരമായ കാര്യങ്ങൾ അവർക്ക് മനസ്സിലാക്കി കൊടുക്കുന്നതിനും അവരുടെ പരിഷ്കരണത്തിനുള്ള പരിശ്രമം ചെയ്യുന്നതിനും വേണ്ടി സഹായികളായി നിശ്ചയിക്കപ്പെട്ടിട്ടുള്ളവർക്കും ഉദ്യോഗസ്ഥർക്കും അവരുടെ ഉയർന്ന ഓഫീസർമാർക്ക് കാര്യങ്ങൾ എത്തിച്ചകൊടുക്കാവുന്നതാണ്. ഓഫീസർമാരായിട്ടുള്ളവർക്ക് അവരുടെ അമീറുമാരോട് അത് പറയാവുന്നതാണ്. അതായത് ഇന്നയിന്നയാളുകൾ ഇത്തരത്തിലുള്ള ദുസ്വഭാവം കാണിക്കുന്നുവെന്ന്. പക്ഷേ, അവർ ട്രാഫിക്കിന്റെ കൺട്രോൾ ചെയ്യുന്നതിനുവേണ്ടി നിയമിതനായ ഉദ്യോമായിരിക്കും. ശരിയായ നിലയിൽ മാർഗനിർദ്ദേശം നലകുന്നതും അവയെ അവയുടെ സ്ഥാനത്ത് കൊണ്ടുപോയി വെക്കലും ട്രാഫിക് ഉദ്യോഗ്ഥർക്ക് വളരെ ശ്രമകരമായ ജോലിയാണ്. സ്ഥലമില്ലെങ്കിൽതന്നെയും അപ്പോഴും ചിലയാളുകൾ ബലാൽക്കാരമായി തങ്ങളുടെ കാറുകൾ ഉള്ളിൽ കൊണ്ടുവരാൻ ശ്രമിക്കാറുണ്ട്. അത്തരം പരിതഃസ്ഥിതികളിൽ അവർക്ക് സ്നേഹത്തോടെ മനസ്സിലാക്കിക്കൊടുക്കുക. എന്നിട്ടും ആരെങ്കിലും ചട്ടങ്ങളും നിയമങ്ങളും ലംഘിക്കുകയാണെങ്കിൽ അതിന്റെ ഉന്നത ഉദ്യോഗസ്ഥന് പരാതി കൊടുക്കുക. തർബിയ്യത്തിന്റെ വ്യവസ്ഥിതി അവർതന്നെ അവർക്ക് മനസ്സിലാക്കിക്കൊടുക്കേണ്ടതാണ്. അവരെ നന്നാക്കാൻ ശ്രമിക്കേണ്ടതാണ്. (തുടരും)

# ന്യൂക്ലിയർ റേഡിയേഷനും പ്രതിരോധ ഹോമിയോ മരുന്നും

ബഹുമാന്യ റാണാ സഊദ് സാഹിബ്

അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹി വ ബറക്കാത്തുഹൂ

താങ്കളുടെ കത്തു കിട്ടി. അതിൽ താങ്കൾ റേഡിയേഷന്റെ ദോഷഫലങ്ങളിൽനിന്ന് രക്ഷപ്പെടേണ്ടതിനുള്ള ഹോമിയോപ്പതി മരുന്നുകളെക്കുറിച്ച് ചോദിച്ചിരിക്കുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മഹുല്ലാഹ് പാക്കിസ്താന്റെ ആറ്റമീ പരീക്ഷണത്തിന്റെ അവസരത്തിൽ പാക്കിസ്താനിലെ അഹ്മദികൾക്ക് മരുന്നുകൾ കൊടുത്തിരുന്നു. ഞാൻ തന്നെയും അതുപയോഗിച്ചിരുന്നു. എന്റെ ഭാര്യയും മക്കളും ഉത് ഉപയോഗിച്ചിരുന്നു. ആ മരുന്നുകളുടെ വിശദവിവരമാണ് താഴെ ചേർക്കുന്നത്.

ഹുവശ്ശാഫീ

| | |
|---|---|
| ആദ്യത്തെ ആഴ്ച | Carcinosin CM |
| രണ്ടാമത്തെ ആഴ്ച | Radium Bromide CM |
| മൂന്നാമത്തെ ആഴ്ച | Carcinosin CM |
| നാലാമത്തെ ആഴ്ച | Radium Bromide CM |

12 വയസ്സിന് താഴെ പ്രായമുള്ളവർക്ക് മുകളിൽ പറഞ്ഞ പ്രകാരംതന്നെ 1M -ൽ കൊടുക്കുക. അല്ലാഹു എല്ലാ അഹ്മദികളേയും തന്റെ സംരക്ഷണത്തിൽ വെക്കുമാറാകട്ടെ. ആമീൻ

വസ്സലാം

ഖലീഫത്തുൽ മസീഹ് അൽഖാമിസ്

കോപ്പി: PS ഓഫീസ് ലണ്ടൻ

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin